## ജനകീയ ആസൂത്രണ പ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്



# കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്

### തൃശ്ശൂർ ജില്ല

1996 ഡിസംബർ 1

84-3

ജനകീയ ആസൂത്രണ പ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

## കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്

തൃശ്ശൂർ ജില്ല

1996 ഡിസംബർ 1

''ഭാരതമെന്നപേർ കേട്ടാൽ അഭിമാനപൂരിതമാകണ–
മന്തരംഗം

കേരളമെന്നപേർ കേട്ടാൽ തിളക്കണം ചോര–
ഞരമ്പുകളിൽ''

–വള്ളത്തോൾ–



"ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു"

ഗാന്ധിജി

## വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

1 പി. ജി. കൃഷ്ണകുമാർ (കൃഷി ഓഫീസർ)
2 പി. സേതുമാധവൻ
3 ടി. വാസുദേവൻ
4 പി. എം. പ്രഭാകരൻ
5 കെ. രാധാകൃഷ്ണൻ
6 എം. പി. ഗോവിന്ദൻകുട്ടി
7 കെ. വസന്തകുമാരി
8 സുധീർകുമാർ
9 രാജഗോപാലൻ
10 വി. മണികണ്ഠൻ
11 കെ. പി. വാസുദേവൻ
12 കെ. ഭാസ്ക്കരൻ നായർ
13 എം. ഗോപിനാഥൻ
14 എം. എസ്. കൃഷ്ണൻ
15 ടി. പി. രവീന്ദ്രൻ
16 വി. പി. കേശവൻ
17 കെ. സി. തോമസ്
18 പി. കെ. ജോസ്
19 വി. കെ. രാധാകൃഷ്ണൻ
20 കെ. ഐ. വർഗ്ഗീസ്
21 പി. ശ്രീകുമാർ
22 പി. എസ്. പഴനിസ്വാമി
23 എം. കേശവൻകുട്ടി നായർ
24 കെ. ഉണ്ണികൃഷ്ണൻ
25 പി. എം. കുമാരൻ
26 വി. രാധാകൃഷ്ണൻ
27 കെ. രാധാകൃഷ്ണൻ
28 വി. കെ. ബാലകൃഷ്ണൻനായർ
29 ഇ. കെ. ബാലകൃഷ്ണൻനായർ
30 ബാലഗോപാലൻ
31 പ്രകാശൻ
32 കെ. വി. ഗോപാലകൃഷ്ണൻനായർ
33 എസ്. കെ. പിള്ള
34 കെ. എസ്. അയ്യപ്പൻ
35 കെ. പ്രസാദ് ചന്ദ്രൻ
36 കുഞ്ഞുമോൻ
37 പി. മോഹൻകുമാർ
38 കെ. കോത
39 കെ. ആർ. ദീലിപ്കുമാർ
40 ഡി. വിജയൻ
41 എം. രാജൻ
42 ഇ. എം. പൈലി
43 ഒ. ആർ. രാമൻ മാസ്ററർ
44 വൈ. കുഞ്ഞുകുഞ്ഞ്
45 ടി. ലക്ഷ്മികുട്ടി ടീച്ചർ
46 സി. കെ. സേതുമാധവൻ
47 പി. എ. യേശുദാസ്



# വികസന സംസ്ക്കാരം വളർത്തിയെടുക്കുക !

കാലാന്തരികമായ പരിണാമങ്ങളാൽ മനുഷ്യവംശ നിലനില്പിന് ആവശ്യമായ വിധത്തിൽ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള വികസന പ്രക്രിയകൾ തയ്യാറാക്കുന്നതിന് നാം നിർബന്ധമായും വ്യാപൃതരാകേണ്ടിയിരിക്കുന്നു. !

ഇന്നലെകളുടെ നേട്ടങ്ങളും കോട്ടങ്ങളും നിർവചിച്ച് നിഷ്ക്രിയരായിരിക്കാതെ നാളത്തെ തലമുറകളുടെ നന്മക്കായ് കോർത്തിണക്കുന്ന വികസന ശൃംഖലയിലെ കണ്ണികളായി പ്രവർത്തിച്ച് നാടിനഭിമാനമായി തീരുവാൻ ശ്രമിക്കുക !

പഞ്ചായത്ത് രാജ്നഗരപാലികാബിൽ അനുസരിച്ച് നടപ്പിലാക്കുന്ന ഗ്രാമ സ്വരാജ് എന്ന തത്വം കൊണ്ട് ഗ്രാമങ്ങളെ കൂടുതൽ പുരോഗതിയിലേക്കെത്തിക്കുന്നു. അതിന്റെ ഭാഗമായി 9—ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയാക്കി മാററുന്നതിലൂടെ ഗ്രാമങ്ങളിലെ ജനങ്ങളെ പദ്ധതിയുടെ നടത്തിപ്പിലും, ആസൂത്രണത്തിലും സ്വയം പ്രാപ്തരാക്കുന്നു. ... !

പരിമിതമായ വിഭവങ്ങൾ കൊണ്ട് അമിതമായ ആവശ്യങ്ങൾ നിറവേററുന്നത് അപ്രായോഗികമാണ്. പ്രായോഗികമായ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് പ്രാദേശിക ജനസഹകരണം അത്യന്താപേക്ഷിതമാണ്. മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ സാമ്പത്തികവും, സാങ്കേതികവും, മാനുഷിക പ്രയത്നങ്ങളുമായ വിഭവങ്ങൾ സമാഹരിക്കുകയാണെങ്കിൽ നടപ്പിലാക്കാൻ കഴിയാത്ത പലപദ്ധതികളും നിഷ്പ്രയാസം നടപ്പിലാക്കാൻ കഴിയുന്നു. ഇതുമൂലം കക്ഷിരാഷ്ട്രീയത്തെക്കാളുപരി വികസന സംസ്ക്കാരം തലമുറകളിലെത്തുന്നു !

പക്ഷേ ! ഇന്നത്തെ നമ്മുടെ മനുഷ്യ സംസ്കാരം വളരെയധികം വ്യതിചലിച്ചിരിക്കുന്നു. സ്ത്രീധനത്തെച്ചൊല്ലിയുള്ള പീഡനം, ആത്മഹത്യ, കൊലപാതകം, സാമൂഹ്യദ്രോഹികൾ നടത്തുന്ന ബലാൽസംഗം, മോഷണം, പിടിച്ചുപറി, സാമുദായിക സംഘട്ടനങ്ങൾ എന്നിവ നാട്ടിൽ നിത്യസംഭവമായി മാറിയിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് ഇന്നത്തെ തലമുറകളുടെ മുന്നേററം.

ജാതിമത രാഷ്ട്രീയ വിദ്വേഷങ്ങൾ മറന്ന് പ്രവർത്തിക്കുക ! മതവേദ പണ്ഡിത വചനങ്ങൾ കേട്ട് നാളെയുടെ നന്മക്കായി വികസന പദ്ധതികളിൽ സജീവ പങ്കാളികളാവുക ! നവയുഗ സംസ്ക്കാര സൃഷ്ടിക്കായ് ഗാന്ധിജിയുടെ വചനങ്ങൾ ഉൾക്കൊണ്ട് ഗ്രാമ വികസനത്തിൽ അണിചേരുക !

ചുരുങ്ങിയ സമയം കൊണ്ട് ഒരു വികസന റിപ്പോർട്ട് തയ്യാറക്കുന്നതിനു വേണ്ടി ഞങ്ങളെ ആത്മാർത്ഥമായി സഹായിച്ച എല്ലാ മഹത്വ്യക്തികൾക്കും നിസ്സീമമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ആത്മാർത്ഥതയോടെ

K. വേലായുധൻ (ഒപ്പ്)

പ്രസിഡണ്ട്

കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

# കൊണ്ടാഴി പഞ്ചായത്തിലെ മുൻപ്രസിഡണ്ടുമാർ

## 1953ന് മുൻപുള്ളവർ

1 ഓട്ടൂർ കുഞ്ഞൻ നമ്പൂതിരിപ്പാട്.

2 മുണ്ടനാട്ടു ശങ്കരനാരായണൻ നമ്പൂതിരി.

3 ഓട്ടൂർ ദിവാകരൻ നമ്പൂതിരിപ്പാട്.

4 കണ്ടംചിറക്കൽ രാമൻനായർ.

5 P.S. അങ്കണ്ണൻ ചെട്ടിയാർ.

1953ന് ശേഷം



O. N. നമ്പൂതിരിപ്പാട് B.A., B.L.



കുളക്കുന്നത്ത് രാവുണ്ണിനായർ B.A., B.L.



O. R. രാമൻ B.A., B.T.



A. S. ചെട്ടിയാർ



കെ. സി. തോമസ്സ്

T.K. രാമനാരായണമേനോൻ.

ചേററൂർ ബാലകൃഷ്ണൻനായർ.

കുളക്കുന്നത്ത് രാമകുമാരമേനോൻ.

# കൊണ്ടാഴി പഞ്ചായത്ത് ഭരണസമിതി



കെ. വേലായുധൻ
പ്രസിഡണ്ട്



കീർത്തിയിൽ ശ്രീധരമേനോൻ
വൈസ് പ്രസിഡണ്ട്



വി. അരവിന്ദാക്ഷൻ
സ്ററാൻറിംഗ് കമ്മിററി
ചെയർമാൻ



സി. ബാലകൃഷ്ണൻ
1—ാം വാർഡ് മെമ്പർ



എം. പി. സരോജിനി
2—ാം വാർഡ് മെമ്പർ



എ. രമണി
3—ാം വാർഡ് മെമ്പർ



കെ. ശശീധരൻ
4—ാം വാർഡ് മെമ്പർ



വി.പി. വേണുഗോപാൽ
5—ാം വാർഡ് മെമ്പർ



പി.കെ. പത്മാവതി
8—ാം വാർഡ് മെമ്പർ



ഇ. വേണുഗോപാലമേനോൻ
ജില്ലാ പഞ്ചായത്ത് മെമ്പർ



ശ്രീമതി ചെല്ലമ്മ അയ്യപ്പൻ
ബ്ലോക്ക് പഞ്ചായത്ത്
പ്രസിഡണ്ട്



പി. സുലൈമാൻ
ബ്ലോക്ക്
പഞ്ചായത്ത് മെമ്പർ



പി.ജി. കൃഷ്ണകുമാർ M. Sc.
കൃഷി ഓഫീസർ



പി,എ. യേശുദാസ്
ജോയൻറ് കൺവീനർ
വികസനസമിതി

# ഉള്ളടക്കം


1 ആമുഖം

2 പഞ്ചായത്ത് പൊതുവിവരം

3 ചരിത്രം

4 ഭൂപ്രകൃതി

5 കൃഷിയും ജലസേചനവും

6 മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

7 വ്യവസായവും മാർക്കററും

8 ഗതാഗതവും ഊർജ്ജവും

9 പാർപ്പിടവും സാമൂഹിക ക്ഷേമവും

10 കുടിവെള്ളവും പൊതുജനാരോഗ്യവും

11 വിദ്യാഭ്യാസം

12 സംസ്ക്കാരവും ടൂറിസവും

13 പട്ടികജാതി–പട്ടികവർഗ്ഗം

14 സഹകരണമേഖല

15 വിഭവ സമാഹരണം

16 വനിത

17 വാർത്താ വിനിമയം

പഞ്ചായത്ത് സ്റ്റാഫ്



വിശ്വംഭരൻ, സെക്രട്ടറി



സഹദേവൻ



മൈക്കിൾ



ലൈല

# ആമുഖം

നമ്മുടെ ഭരണഘടന പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചായത്തീരാജ് സംവിധാനങ്ങൾക്കു പങ്കാളിത്തം ഉറപ്പു നൽകുന്നുണ്ട്. കേരള നിയമസഭ പാസാക്കിയ 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം ഈ ചുമതലകളെ കൂടുതൽ വ്യക്തമായി നിർവ്വചിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1997 ഏപ്രിൽ 1-ാം തിയ്യതി ആരംഭിക്കുന്ന 9—ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിൽ ഈ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഒട്ടേറെ പ്രായോഗിക തടസ്സങ്ങൾ ഉള്ളതായി ആസൂത്രണ ബോർഡിനു തന്നെ ഇതിനകം ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നു ഞങ്ങൾ കരുതുന്നു. ആസൂത്രണത്തിന്റെ താഴെ തട്ടിൽ നിന്നുള്ള അനുഭവങ്ങളുടെ അഭാവം; വേണ്ടത്ര അധികാരങ്ങളോ ഉചിതമായ ചട്ടങ്ങളോ ഇല്ലായ്മ, വേണ്ടത്ര ഉദ്യോഗസ്ഥരുടെയോ വിദഗ്ദ്ധരുടെയോ അഭാവം, വികസനത്തെ കുറിച്ചുള്ള വികലമായ അവബോധം തുടങ്ങിയവയെല്ലാം ഗൗരവമായ പ്രശ്നങ്ങളാണ്. ഇത്തരം പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും അവയെല്ലാം മറികടന്ന് സമയബന്ധിതമായി തങ്ങളിൽ അർപ്പിതമായ ആസൂത്രണ ചുമതല നിർവ്വഹിക്കുന്നതിന് കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനു വേണ്ടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുള്ളത്. പദ്ധതി രൂപവൽക്കരണത്തിൽ അത് നടപ്പിലാക്കുന്നതു വരെ എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും അതുവഴി ഒരു പുതിയ വികസന സംസ്ക്കാരം ജനങ്ങളിൽ വളർത്തിയെടുക്കുകയുമാണ് ഇതിന്റെ ലക്ഷ്യം, അധികാര വികേന്ദ്രീകരണത്തിലേക്കുള്ള സുപ്രധാന ചുവടുവെയ്പു കൂടിയാണിത്. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കും അവിടുത്ത ജനകീയ ആവശ്യങ്ങൾക്കും അനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യാതിരുന്നതു മൂലം നന്നായി ആവിഷ്കരിക്കപ്പെട്ട പല പദ്ധതികൾക്കും പ്രയോഗതലത്തിൽ പല പോരായ്മകളുമുണ്ടായി. നാം പിന്തുടർന്നു വന്ന കേന്ദ്രീകൃത ആസൂത്രണ സമ്പ്രദായങ്ങളിലെ അപാകതകൾ ഒഴിവാക്കി വികസനത്തിന്റെ എല്ലാ തലങ്ങളിലും ജനപങ്കാളിത്തം പൂർണ്ണമായും ഉറപ്പാക്കുന്ന ജനപരിപാടി കൂടിയാണ് സംസ്ഥാനത്തെ 9—ാം പഞ്ചവത്സര പദ്ധതി. 9—ാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 35–40% തുകയ്ക്കു വരുന്ന സ്കീമുകൾ പഞ്ചായത്തു സമിതികൾ വഴി രൂപപ്പെടുത്തിയെടുക്കുക മാത്രമല്ല ഉദ്ദേശ്യം. ഇതുമായി ബന്ധപ്പെടുത്തി നടത്തുന്ന പരിശീലനം, പ്രചരണം, സന്നദ്ധസേവനം ഇത്യാദി നാനാവിധ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിനും പ്രസ്ഥാനം ലക്ഷ്യമിടുന്നു.

9—ാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണത്തോടു കൂടി രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി കൊണ്ടാഴി ഗ്രാമ പഞ്ചായത്തിൽ, സംസ്ഥാന തല ഉദ്ഘാടനം നടക്കുന്ന 17. 8. 1996—ൽ തന്നെ പാറമേൽപ്പടി എസ്.പി. യു.പി. സ്കൂളിൽ വെച്ച് ഉദ്ഘാടന യോഗം നടക്കുകയും പ്രവർത്തനങ്ങൾക്കു ആരംഭം കുറിക്കുകയും ചെയ്തു. പൊതുജനങ്ങളിൽ നിന്ന് പ്രതീക്ഷിച്ചതിലുപരി സഹകരണവും, ആവേശവും ഈ സംരംഭത്തിനുണ്ടായി. ഗ്രാമസഭകൾ നടത്തുന്നതിനെക്കുറിച്ചും വികസന സെമിനാറുകൾക്കാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനെക്കുറിച്ചും മററും അറിവു ലഭിക്കുന്നതിന് 1996 സെപ്തംബർ 4,5,6 തിയ്യതികളിൽ നടന്ന ജില്ലാതല പഠന ക്യാമ്പിൽ എല്ലാ പഞ്ചായത്ത് മെമ്പർമാർക്കും പരിശീലനം ലഭിക്കുകയു

ണ്ടായി. തുടർന്ന് 12. 9. 96—ൽ കൊണ്ടാഴി ഗ്രാമീണ വായനശാലയിൽ വെച്ച് ഏകദിന പഞ്ചായത്ത് തല പരിശീലനം നടത്തി. ഇതിൽ ഒരു വാർഡിൽ നിന്ന് അഞ്ചുപേർ വീതം മൊത്തം 45 പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസും, പഞ്ചായത്തുതല ഉദ്യോഗസ്ഥൻ മാരും സംസ്ഥാന തല റിസോഴ്സ് പേഴ് സൺസ് അടക്കം 52 പേർ പങ്കെടുത്തു. ഇതിൽ 45 പുരുഷൻമാരും 7 സ്ത്രീകളുമായിരുന്നു ഈ പരിശീലനത്തിൽ പങ്കെടുത്തത്. 5 ജില്ലാ തല റിസോഴ്സ് പേഴ്സൺസ് അടക്കം 6 പേർ ക്ലാസ്സെടുക്കുകയും ചെയ്തു. തുടർന്ന് പഞ്ചാ യത്തു കമ്മിററി നിശ്ചയിച്ചതിനനുസരിച്ച് 27. 9. 96 മുതൽ 4. 10. 96 കൂടിയ ദിവസങ്ങ ളിൽ പഞ്ചായത്തിൻെറ ഒമ്പതു വാർഡിൻെറയും പ്രത്യേക ഗ്രാമസഭായോഗങ്ങൾ ചേർന്നു. കൃഷി ജലസേചനം, മൃഗസംരക്ഷണം, മത്സ്യ ബന്ധനം, വിദ്യാഭ്യാസം, കുടിവെള്ളവും പൊതുജനാരോഗ്യവും, വ്യവസായം, സഹക രണം. പാർപ്പിടം, സാമൂഹ്യക്ഷേമം, ഗതാഗതം, ഊർജ്ജം, സംസ്കാരം, വനിത, പട്ടികജാതി— പട്ടികവർഗ്ഗം, വിഭവസമാഹരണം, മാർക്കററ്, വാർത്താവിനിമയം തുടങ്ങിയ വിഷയങ്ങൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസിൻെറ നേതൃത്വത്തിൽ രണ്ടു മണിക്കൂർ കൂടുതൻ ചർച്ച ചെയ്ത് അതതുപ്രദേശത്തിൻെറ വികസന പ്രശ്നങ്ങൾ തിട്ടപ്പെടുത്തുകയും സാദ്ധ്യമായ ചില പരി ഹാര നിർദ്ദേശങ്ങൾക്കു രൂപം നൽകുകയും അവ ഗ്രാമസഭയിൽ വായിച്ച് അവതരിപ്പിക്കു കയും ചെയ്തു. ആകെ 1046 പേർ ഗ്രാമസഭാ യോഗത്തിൽ പങ്കെടുത്തു. ഇതിൽ 829 പുരു ഷൻമാരും, 149 സ്ത്രീകളും, 68 ഉദ്യോഗ സ്ഥരും അടങ്ങുന്നു. തുടർന്ന് വാർഡ് മെമ്പർ മാരുടെ നേതൃത്വത്തിൽ വിദഗ്ദ്ധരുടെ സഹാ യത്തോടെ ഗ്രാമസഭയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന വിഷയങ്ങൾ ക്രോഡീകരിച്ച് വാർഡുതല റിപ്പോർട്ടാക്കി രൂപപ്പെടുത്തി.

1996 ഒക്ടോബർ 23, 24, 25 തിയ്യതികളിൽ വടക്കാഞ്ചേരി ജയശ്രീ ഹാളിൽവെച്ച് 2—ാം ഘട്ട ജില്ലാതല പരിശീലനം നടന്നു. ഇതിൽ ജില്ലാ തല റിസോഴ്സ് പേഴ്സൺസ് ആയി എല്ലാ പഞ്ചായത്ത് മെമ്പർമാരും പഞ്ചായത്ത് സെക്ര ട്ടറിയും പങ്കെടുത്തു. പിന്നീട് വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കുന്നതിനായി വിദഗ്ദ്ധ സംഘം രൂപീകരിച്ചു. ഇതിൽ എല്ലാ പഞ്ചായത്ത് മെമ്പർമാർക്കും പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസിനും പുറമെ വിഷയ ങ്ങളോടുള്ള അഭിരുചിക്കനുസരിച്ചുള്ള മററു വിദഗ്ദ്ധരെയും ഉൾപ്പെടുത്തി. ഇവർക്കു 29. 10. 96—ൽ മായന്നൂർ സിനിജ തിയ്യേററിൽ വെച്ച് ഏകദിന പരിശീലനം നൽകി. ഈ കാല യളവിൽ തന്നെ ദ്വിതീയ വിവര ശേഖരണവും നടത്തി. 4. 11. 96 ൽ മായന്നൂർ നവോദയ സ്കൂളിൽവെച്ച് പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺമാരുടെയും മററു വിദഗ്ദ്ധരുടെയും ഉദ്യോഗസ്ഥൻമാരുടെയും ഒരു ഏകദിന സെമി നാർ നടത്തുകയും ഗ്രാമസഭാ നിർദ്ദേശങ്ങളു ടെയും ദ്വിതീയ വിവര റിപ്പോർട്ടിൻെറയും അടി സ്ഥാനത്തിൽ വിഷയം ക്രമത്തിൽ ചർച്ചചെയ് ത് ഏകോപിപ്പിച്ച് പഞ്ചായത്തുതല റിപ്പോർട്ടി നു രൂപം നൽകുകയും ചെയ്തു. 5. 11. 96 ൽ പഠന പര്യടനം നടത്തി. പഠനയാത്ര പഞ്ചായത്തി ൻെറ തെക്കെ അതിർത്തിയായ ചേലക്കോടിൽ നിന്നും തുടങ്ങി മായന്നൂരിൽ അവസാനിച്ചു.

ഈ വികസനറിപ്പോർട്ട് കുററമററതാണെന്നു കരുതുന്നില്ല. പ്രശ്നങ്ങളും പരിഹാരനിർദ്ദേ ശങ്ങളും പരമാവധി ഉൾക്കൊള്ളിക്കാൻ ശ്രമിച്ചി ട്ടുണ്ട്. ഈ റിപ്പോർട്ട് ഇനിയും കൂടുതൽ ആഴ ത്തിൽ പഠിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി, കിട്ടിയ എല്ലാവിവരങ്ങളും ഉൾപ്പെടുത്തി ക്കൊണ്ട് പഞ്ചായത്ത് തല വികസനത്തിൻെറ പ്രഥമറിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി അക്ഷീണം പ്രവർത്തിച്ച എല്ലാ മഹത്വ്യക്തി കൾക്കും നന്ദി രേഖപ്പെടുത്തുന്നു. ഊർജ്ജസ്വല മായ ജനകീയ പങ്കാളിത്തത്തോടെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൻെറ സർവ്വതോൻമുഖമായ പുരോഗതി കൈവരിക്കാൻ നമുക്കു കൂട്ടായി പ്രവർത്തിക്കാമെന്നാശംസിക്കട്ടെ—

കെ. ശ്രീധരമേനോൻ
കൺവീനർ
പഞ്ചായത്ത് വികസനസമിതി
കൊണ്ടാഴി

# പഞ്ചായത്ത് പൊതുവിവരം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കൊണ്ടാഴി ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിന്റെ ഹെഡ്ക്വാട്ടേഴ്സ് | : | പാറമേൽപ്പടി |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മായന്നൂർ, കൊണ്ടാഴി, ചേലക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | : | പഴയന്നൂർ |
| താലൂക്ക് | : | തലപ്പിള്ളി |
| ജില്ല | : | തൃശൂർ |
| നിയമസഭാ മണ്ഡലം | : | ചേലക്കര |
| ലോകസഭാ മണ്ഡലം | : | ഒററപ്പാലം |
| അതിരുകൾ : കിഴക്ക് | : | ചീരക്കുഴി പുഴ—പഴയന്നൂർ പഞ്ചായത്തിന്റെ നീർണമുക്ക് ഭാഗം |
| പടിഞ്ഞാറ് | : | ചേലക്കര—പാഞ്ഞാൾ പഞ്ചായത്തുകളുടെ ഭാഗങ്ങളും ഭാരതപുഴയും |
| തെക്ക് | : | പഴയന്നൂർ-ചേലക്കര പഞ്ചായത്ത് പ്രദേശം |
| വടക്ക് | : | ഭാരതപുഴ |
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | : | 2989 ഹെക്ടർ |
| ജനസംഖ്യ | : | 18825 |
| സാക്ഷരതാ നിരക്ക് | : | 89.12% |
| വാർഡുകളുടെ എണ്ണം | : | ഒൻപത് |
| സ്ത്രീ സംവരണം | : | രണ്ട് |
| പട്ടിക ജാതി സംവരണം | : | ഒന്ന് |
| പട്ടിക ജാതി വനിതാസംവരണം | : | ഒന്ന് |
| ജനറൽ | : | അഞ്ച് |
| പ്രസിഡൻറിന്റെ പേര് | : | ശ്രീ. കെ. വേലായുധൻ |
| വൈസ് പ്രസിഡൻറ്/കൺവീനറുടെ പേര് | : | ശ്രീ. കെ. ശ്രീധരമേനോൻ |
| സ്ററാൻറിംഗ് കമ്മററി ചെയർമാൻ | : | ശ്രീ. വി. അരവിന്ദാക്ഷൻ |
| സെക്രട്ടറി | : | ശ്രീ. എ. ആർ. വിശ്വംഭരൻ |

# കൊണ്ടാഴി ഗ്രാമപഞ്ചായത്ത്
# സാമൂഹ്യ സാംസ്ക്കാരിക പശ്ചാത്തലം

കൊണ്ടാഴി—മായന്നൂർ, ചേലക്കോട് എന്നീ മൂന്നു വില്ലേജുകൾ ചേർന്നതാണ് കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്.

പഴയ സംഘകാലത്ത് 'നെടുംപുറയൂർ' എന്നൊരു നാട്ടുരാജ്യമുണ്ടായിരുന്നു. തലപ്പിള്ളി, പാലക്കാട്, ചിററൂർ എന്നീ പ്രദേശങ്ങൾ ചേർന്നതായിരുന്നു ഈ നാട്ടു രാജ്യം. പിൽക്കാലത്ത് തരൂർ സ്വരൂപം പാലക്കാടിനെ സ്വന്തമാക്കി സ്വതന്ത്ര രാജ്യമാക്കി. ഇതിന്നുശേഷം തലപ്പിള്ളിയും സ്വതന്ത്രമായതായി പറയപ്പെടുന്നു. തലപ്പിള്ളി രാജ്യത്തിൻെറ അധിപൻ മണക്കുളം സ്വരൂപമായിരുന്നു എന്നും പറയപ്പെടുന്നു.

ഏതായാലും ആ തലപ്പിള്ളി പിൽക്കാലത്ത് കൊച്ചി രാജ്യത്തിൻെറ ഭാഗമായിത്തീർന്നു. വള്ളുവനാടൻ സംസ്കാരത്തിൻെറ ഭാഗമായിരുന്നു തലപ്പിള്ളിയും. നല്ല ശുദ്ധമായ മലയാളം സംസാരിക്കുന്ന ജനങ്ങൾ, കുലീനതയും ആഥിത്യമര്യാദയും സൗമനസ്യവും തികഞ്ഞ പെരുമാററം എന്നിവ വള്ളുവനാടൻ സംസ്കാരത്തിൻെറ സവിശേഷതകളാണ്. ഈ വിശേഷണങ്ങൾ തലപ്പിള്ളി പ്രദേശത്തിലും തെളിഞ്ഞുകാണാം.

കൊണ്ടാഴി പഞ്ചായത്ത് പ്രദേശം നിളാനദിക്കു തെക്കായും ഗായത്രിനദിക്ക് (ചീരക്കുഴി പുഴ) പടിഞ്ഞാറുമായി സ്ഥിതി ചെയ്യുന്നു. 1953 ന് മുമ്പ് കൊണ്ടാഴി പഞ്ചായത്തിൽ മായന്നൂരും കൊണ്ടാഴിയും (രണ്ടു വില്ലേജുകൾ) മാത്രമായിരുന്നു. കൊച്ചിരാജ്യത്ത് പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ പഞ്ചായത്തുകളിലേക്കു തിരഞ്ഞെടുപ്പു നടന്നത് 1953 ലായിരുന്നു. ആ തിരഞ്ഞെടുപ്പിന് മുൻമ്പ് പഴയന്നൂർ പഞ്ചായത്തിൻെറ ഭാഗമായിരുന്ന ചേലക്കോട് വില്ലേജിനെ കൊണ്ടാഴി പഞ്ചായത്തിൽ ലയിപ്പിച്ചു. ഈ തിരഞ്ഞെടുപ്പിൽ രൂപീകൃതമായ ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് മായന്നൂരിലെ ഓട്ടൂർ മനയ്ക്കൽ ഒ. എൻ. നമ്പൂതിരിപ്പാട് B A. B. L ആയിരുന്നു. ഈ പഞ്ചായത്തിൻെറ കാലാവുധി അവസാനിക്കുന്നതിനു മുമ്പ് ശ്രീ. നമ്പൂതിപ്പാട് പ്രസിഡണ്ടു സ്ഥാനം രാജി വെച്ചതിനാൽ വൈസ് പ്രസിഡണ്ടായിരുന്ന കീർത്തിയിൽ രാമനാരാണമേനോൻ acting പ്രസിഡണ്ടായി. പക്ഷെ പ്രസിഡണ്ടായി തുടരാൻ വിസമ്മതിച്ചതിനെ തുടർന്നു പടിഞ്ഞാറക്കളത്തിൽ രാവുണ്ണിനായർ B A., B. L പ്രസിഡണ്ടായി നിശ്ചയിക്കപ്പെട്ടു.

1953 നു മുമ്പ് കൊണ്ടാഴി വില്ലേജും മായന്നൂർ വില്ലേജും ചേർന്ന പഞ്ചായത്ത് നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. 1920 മുതലോ അതിനും മുമ്പോ സർക്കാരിൽ നിന്നും നിശ്ചയിക്കപ്പെട്ട പ്രസിഡണ്ടു ഭരിച്ചിട്ടുണ്ട് എന്നറിയുന്നു. ആദ്യത്തെ പ്രസിഡണ്ടു ഓട്ടൂർ കുഞ്ഞൻനമ്പൂതിരിപ്പാടാണെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. ആ കാലത്ത് കൊച്ചിമഹാരാജാവ് കൊച്ചിയിലെ ഒരു മഹാക്ഷേത്രമായ തിരുവില്വാമല വില്വാദ്രി നാഥക്ഷേത്രത്തിലേക്കു ദർശനത്തിന്നായി എഴുന്നുള്ളിയിരുന്നു. കൊച്ചി രാജകുടുംബത്തിൻെറ പരദേവതയായ പഴയന്നൂർ ഭഗവതി ക്ഷേത്രനടയിൽ കൂടെ വേണം തിരുവില്വാമലക്ക് എഴുന്നള്ളാൻ. ധർമ്മ ദൈവസന്നിധിയിൽ കൂടി എഴുന്നള്ളണമെങ്കിൽ ദേവിക്കു ആനയിരുത്തി കളഭം ചാർത്തണം. കൂടാതെ എഴുന്നള്ളത്ത് കാണാൻ വരുന്ന സകലമാന ജനങ്ങൾക്കും ചോറിട്ടു പാട്ടു കഴിക്കണം എന്നാണ് വ്യവസ്ഥ. വമ്പിച്ച ചിലവു വരുന്ന ഈ പരിപാടി ഒഴിവാക്കാനായി മഹാരാജാക്കൻമാർ ചേലക്കോടു വരെ വന്ന് കായാംപൂവത്ത് നിന്ന് എഴുന്നുള്ളത്താവശ്യത്തിന്ന് നിർമ്മിച്ച റോഡിൽ കൂടി കൊണ്ടാഴി

വഴി തിരുവില്വാമലക്കു പോകുമായിരുന്നു. അന്ന് വാഹനങ്ങളില്ലല്ലോ. രാജാക്കൻമാരെ പല്ലക്കിലേററി അമാലൻമാർ നടകൊള്ളുകയായിരുന്നു. അങ്ങിനെ രാജാവിനെ പല്ലക്കിലേററി കായാംപൂവത്തു നിന്ന് എളുപ്പവഴിക്കു ചീരക്കുഴി പുഴക്കടന്ന് തിരുവില്വാമലയിൽ പ്രവേശിക്കാൻ നടകൊണ്ട വഴി—പിന്നീടു കൊണ്ടാഴിയായി അറിയപ്പെട്ടു എന്നാണ് കൊണ്ടാഴിയെ പററി സ്ഥലനാമ ഐതിഹ്യം പറയുന്നത്. കൊണ്ടാഴിയിലെ ഈ റോഡിന്ന് ഇന്നും എഴുന്നള്ളത്ത് റോഡ് എന്നും ചീരക്കുഴി പുഴയിൽ ചെന്നെത്തുന്ന കടവിന് എഴുന്നള്ളത്ത് കടവ് എന്നും വിളിച്ചു വരുന്നു.

അവസാനമായി തിരുവില്വാമലക്കു എഴുന്നള്ളിയ കൊച്ചിരാജാവ് രാമവർമ്മ രാജാവായിരുന്നു. 'എളമന തമ്പുരാൻ' എന്നറിയപ്പെടുന്ന അദ്ദേഹത്തിൻെറ കാലത്ത് ദിവാനായിരുന്നത് സർ. ആർ. കെ. ഷൺമുഖൻ ചെട്ടിയായിരുന്നു. അന്ന് കൊണ്ടാഴി പഞ്ചായത്ത് പ്രസിഡണ്ടായിരുന്നതു മായന്നൂർ മുണ്ടനാട്ടു മനയ്ക്കൽ ശങ്കരനാരായണൻ നമ്പൂതിരിയായിരുന്നു എന്നാണറിവ്, രേഖകളില്ല. അന്ന് കൊണ്ടാഴി വെച്ച് മഹാരാജാവിനെ സ്വീകരിച്ച് മംഗളപത്രം നൽകിയതു (വായിച്ചത്) കീർത്തിയിൽ ഗോപാലമേനോനായിരുന്നു എന്നറിയുന്നു. മഹാരാജാവിന് ഇരിക്കാൻ സിംഹാസനം കൊണ്ടു വന്നത് വരിക്കാശ്ശേരി മനയ്ക്കൽ നിന്നായിരുന്നു എന്ന് മുണ്ടനാട്ടു മനയ്ക്കിലെ 90 വയസ്സു പ്രായമുള്ള ഇന്നത്തെ കാരണവർ കൃഷ്ണൻ നമ്പൂതിരിപറയുന്നു. കൊണ്ടാഴി പഞ്ചായത്തിൽ പിൽക്കാലത്ത് പട്ടയമുള്ളവർക്ക് വോട്ടവകാശം നൽകി തിരഞ്ഞെടുത്ത ഭരണസമിതികൾ ഉണ്ടായിരുന്നു. കൊണ്ടാഴി കുളക്കുന്നത്ത് പടിഞ്ഞാറെ കളത്തിൽ ശങ്കുണ്ണിനായർ, ഓട്ടൂർ ദിവാകരൻ നമ്പൂതിരിപ്പാട്, പി. എസ്. അങ്കണ്ണൻ ചെട്ടിയാർ, കണ്ടം ചിറയ്ക്കൽ രാമൻനായർ എന്നിവർ പഞ്ചായത്ത് പ്രസിഡണ്ടുപദം അലങ്കരിച്ചിട്ടുള്ളതായി രേഖകളുണ്ട്. 1953 നു ശേഷം ഒ. എൻ. നമ്പൂതിരിപ്പാടിനെ തുടർന്ന്, കുളക്കുന്നത്തു പടിഞ്ഞാറെ കളത്തിൽ രാവുണ്ണിനായർ, എ. എസ്. ചെട്ടിയാർ കുളക്കുന്നത്ത് രാമകുമാര മേനോൻ. ചേററൂർ ബാലകൃഷ്ണൻനായർ, കെ. സി. തോമസ്സ് എന്നിവർ പ്രസിഡണ്ടുമാരായിരുന്നു.

ചേലക്കോട്, കൊണ്ടാഴി, മായന്നൂർ എന്നീ വില്ലേജുകളാണ് ഇന്നത്തെ പഞ്ചായത്ത് പ്രദേശം.

കൊണ്ടാഴി പഞ്ചായത്തിൻെറ കിഴക്ക് ഗായത്രീ നദിയും (ചീരക്കുഴി പുഴ) തെക്ക് പഴയന്നൂർ, ചേലക്കര പഞ്ചായത്ത് പ്രദേശങ്ങളും, പടിഞ്ഞാറ് ചേലക്കര പഞ്ചായത്ത് പ്രദേശം, പാഞ്ഞാൾ പഞ്ചായത്തിൻെറ ഭാഗം, വടക്ക് ഭാരതപ്പുഴ (നിളാനദി) എന്നിവ ഉൾക്കൊള്ളുന്ന പഞ്ചായത്ത് പ്രദേശം അതീവ പ്രകൃതി രമണീയമാണ്.

**ജനങ്ങൾ**

ജനങ്ങളിൽ ഭൂരിപക്ഷം ഹിന്ദുക്കളാണ്. മുസ്ലീമുകളും കൃസ്ത്യാനികളുമുണ്ട്. ഹിന്ദുക്കളിൽ പട്ടികജാതി, പിന്നോക്ക ജാതിക്കാർ, തെലുങ്കു ചെട്ടിയൻമാർ, നമ്പൂതിരിമാർ, വാരിയൻമാർ, എന്നിവരുൾപ്പെടുന്നു. 20,000ത്തോളം ജനസംഖ്യയുണ്ടിവിടെ.

**ചേലക്കോട്**

1952—വരെ ഈ വില്ലേജ് പഴയന്നൂർ പഞ്ചായത്തിലുൾപ്പെട്ടിരുന്നു. പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിലെ ആദ്യത്തെ തിരഞ്ഞെടുപ്പിന് ജനസംഖ്യ പോരാതെ വന്നതിനാൽ ചേലക്കോടിനെ കൊണ്ടാഴിയിൽ ലയിപ്പിച്ചു. 1953 ന് മുമ്പ് 1952ലാണ് ഇത് നടന്നതെന്നറിയുന്നു. അന്നു പഴയന്നൂർ പഞ്ചായത്തിൽ ചേലക്കോടിൻെറ മെമ്പറായിരുന്ന പരേതനായ ശ്രീ. പി. ആർ. കൃഷ്ണയ്യർ മേൽപ്പറഞ്ഞ മാററത്തെ തുടർന്ന് കൊണ്ടാഴി പഞ്ചായത്ത് മെമ്പറായി പ്രവർത്തിച്ചതായി അറിയുന്നു. 1953ലെ തിരഞ്ഞെടുപ്പിൽ ചേലക്കോടു ദ്വയാംഗ നിയോജക മണ്ഡലമായിരുന്നു. അവിടെ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത് ശ്രീ. എം. ഐ. കമ്മൻസാഹിബും, പട്ടികജാതി സംവരണ സ്ഥാനാർത്ഥിയായിരുന്ന കുഞ്ഞാടിയുമായിരുന്നു. ഇന്നും വളരെ പിന്നോക്ക പ്രദേശമായ ചേലക്കോട് വളരെ പ്രകൃതിരമണീയമാണ്. കുന്നുകളും സമതല പ്രദേശങ്ങളും, നെൽവയലുകളുമടങ്ങുന്ന ചേലക്കോടിൻെറ ചുററും മലകളും വൻ വനങ്ങളുമായിരുന്നു. നിരവധി നീരുറവകൾ—അഥവാ—ചോലകൾ വനങ്ങളിൽ നിന്നും ഒഴുകി വന്നിരുന്ന പ്രദേശത്തെ ചോലക്കോട് എന്നാണറിയപ്പെട്ടി

രുന്നത്. ചോലക്കോടു എന്നു വിളിക്കപ്പെടുന്ന വീട് ഉണ്ടിവിടെ പിൽക്കാലത്ത് ചോലക്കോട്— ചേലക്കോടായി ലോപിച്ചതാവാം. തൊട്ട പ്രദേശം ചേലക്കരയാണ്.

ചേലക്കോട് പട്ടികജാതിക്കാർ ധാരാളമാണ്. 4 വലിയ പട്ടികജാതി കോളനികളുണ്ട്. പിന്നോക്ക വിഭാഗക്കാരായ തണ്ടാൻമാർ, എഴുത്തച്ഛൻമാർ, നായർ സമുദായക്കാർ തുടങ്ങിയവർ ഇവിടെ ധാരാളമാണ്. മുസ്ലീം സമുദായം ചുരുങ്ങിയത് 200ൽ പരം വീടുകളുണ്ട്. തൊഴിലാളികളും സാമ്പത്തികമായി വളരെ പിന്നണിയിലായിരുന്ന ജനവിഭാഗങ്ങളുമായിരുന്നു ഈ പ്രദേശത്ത്. ഭൂസ്വത്ത് മുഴുവനും ജന്മിമാരുടേതായിരുന്നു. പാഞ്ഞാൾ പ്രദേശത്തുള്ള മുട്ടത്താട്ടുമന, കൊരട്ടിക്കരമന, മാത്തൂർമന, ചിറങ്കര ശ്രീരാമസ്വാമി ദേവസ്വം എന്നീ ജന്മികളുടെ വക വെറും പാട്ടഭൂമികളായിരുന്നു. ഈ പ്രദേശത്തുകാർ വെറും പാട്ടകുടിയാൻമാരായും കർഷകതൊഴിലാളികളായും ജീവിച്ചുപോന്നു — മുമ്പിവിടെ ക്രിസ്ത്യാനികൾ ഇല്ലായിരുന്നു. ഇപ്പോൾ ക്രിസ്തീയ കുടുംബങ്ങളും ഇവിടെ ഉണ്ട്.

വിദ്യാഭ്യാസ കാര്യത്തിൽ ചേലക്കോട് പിന്നണിയിലാണ്. ആകെയുള്ളത് ഒരു എയിഡഡ് പ്രൈമറി സ്കൂളാണ്. കൊല്ലങ്ങൾക്കുമുൻപ് ശ്രീ ചാത്തംകുളം ഗോപാലനെഴുത്തശ്ശൻ ആരംഭിച്ചതാണ് ഈ സ്കൂൾ. പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം കുട്ടികൾ 4 നാഴിക ദൂരമുള്ള ചേലക്കര പോയി പഠിക്കേണ്ടിയിരിക്കുന്നു. ഇത് പിഞ്ചുകുട്ടികളെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുള്ളതാണ്. എത്രയും വേഗം ഒരു അപ്പർ പ്രൈമറി സ്കൂൾ ഇവിടെ ആരംഭിക്കേണ്ടിയിരിക്കുന്നു.

ആദ്യമായി ചേലക്കോടു നിന്നും ഉന്നത വിദ്യാഭ്യാസം സമ്പാദിച്ചത് (BA.BT) പിന്നോക്ക ജാതിക്കാരനായ ഊരത്ത് രാമൻ മകൻ രാമൻ ആയിരുന്നു. ഇദ്ദേഹം കൊണ്ടാഴി പഞ്ചായത്ത് മെമ്പർ, വൈസ് പ്രസിഡണ്ട്, **acting** പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ചേലക്കര പഞ്ചായത്തിലുള്ള അന്തിമഹാകാളൻ ക്ഷേത്രത്തിന്റെ തട്ടകത്ത് പെട്ടതാണ് ചേലക്കോട്. അന്തിമഹാകാളന്റെ ഉത്സവം ഈ പ്രദേശത്തുകാർ ഗംഭീരമായി കൊണ്ടാടുന്നു. ചേലക്കോട് ഒരു സുബ്രഹ്മണ്യ ക്ഷേത്രമുണ്ട്. രണ്ട് അയ്യപ്പൻ ക്ഷേത്രവും. അയ്യപ്പൻപാട്ടിന് പേരെടുത്ത സംഘങ്ങൾ ഇന്നും ചേലക്കോടുണ്ട്—ഉദ്ദേശം 125 കൊല്ലമെങ്കിലും പഴക്കമുള്ള ഒരു ജുമാ അത്ത് പള്ളിയുണ്ട്. 300 മുസ്ലീം കുടുംബങ്ങൾ ഈ സ്ഥാപനത്തിനു കീഴിലുണ്ട്. ഇവരുടെ സമുദായം വക രണ്ടു നമസ്ക്കാര പള്ളി വേറെയുണ്ട്. രണ്ടു മദ്രസകളും നടത്തപ്പെടുന്നു. കായാംപൂവ്വത്തുള്ള പ്രധാന ജുമാമസ്ജിത്ത് പള്ളിയിലാണ് മുസ്ലീം സമുദായക്കാരുടെ മൃദദേഹങ്ങൾ അടക്കപ്പെടുന്നത് എന്നത് ശ്രദ്ദേയമാണ്.



ചേലക്കോട് മുസ്ലീം ജുമാഅത്ത് പള്ളി

**കൊണ്ടാഴി**

കൊച്ചി മഹാരാജാവിന്റെ ധർമ്മദൈവമാണ് പഴയന്നൂർ ഭഗവതി. അതിമനോഹരമായ ഈ ഭഗവതീക്ഷേത്രം പഴയന്നൂരിൽ സ്ഥിതി ചെയ്യുന്നു. കൊച്ചി രാജ്യത്തിലെ ഒരു മഹാക്ഷേത്രമാണ് തിരുവില്വാമല വില്വാദ്രി നാഥ ക്ഷേത്രം. മഹാരാജാക്കൻമാർ തിരുവില്വാമല ക്ഷേത്രദർശനത്തിന് വരാറുണ്ട്. പഴയന്നൂർ പ്രദേശത്തുകൂടി രാജാക്കൻമാരുടെ എഴുന്നള്ളത്ത് പതിവില്ല. കാരണം ധർമ്മദൈവത്തിന് ആനയിരുത്തി കളഭം ചാർത്തിയ ശേഷം എഴുന്നള്ളത്ത് കാണാൻ വരുന്ന സർവ്വജനങ്ങൾക്കും ചോറിട്ടുപാടുനടത്തി ക്കൊണ്ട് മാത്രമെ കൊച്ചി മഹാരാജാവിന് പഴയന്നൂർ വഴി എഴുന്നള്ളുന്നതിന് പാടുള്ളൂ. വമ്പിച്ച ചെലവുവരുന്ന ഈ പരിപാടി ഒഴിവാക്കുകയാണ് എല്ലാ രാജാക്കന്മാരും ചെയ്തു വന്നത്— പഴയന്നൂർ ഭഗവതിയെ കൊച്ചിയിൽ മട്ടാഞ്ചേരി പ്രദേശത്ത് പ്രതിഷ്ഠിച്ചിട്ടുണ്ട്. (പഴയന്നൂർ ഭഗവതി ക്ഷേത്രം) അവിടെ രാജകുടുംബങ്ങൾ ആരാധന നടത്തി വരുന്നു.

തിരുവില്വാമലയിലേക്കു എഴുന്നള്ളത്തു നടത്തുന്നതിന് ചേലക്കോടുള്ള കായാംപൂവത്ത് നിന്ന് തുടങ്ങി, കൊണ്ടാഴി വഴി—ചീരക്കുഴി പുഴ കടന്ന് കണിയാർക്കോട് വഴി ഒരു റോഡ് തന്നെ എഴുന്നള്ളത്താവശ്യത്തിന് നിർമ്മിച്ചിരുന്നു. എഴുന്നള്ളത്ത് റോഡ് എന്നാണതറിയപ്പെടുന്നത്. മഹാരാജാക്കന്മാരുടെ യാത്രക്കു അക്കാലത്ത് വാഹനങ്ങളില്ലായിരുന്നു. പല്ലക്കിൽ രാജാവിനെ ഇരുത്തി അമാലന്മാരാൽ എററി കാൽനടയായാണ് എഴുന്നള്ളത്ത്. പരിവാരങ്ങളും ആലഭാരവും കൂടെയുണ്ടാവും. അങ്ങിനെ ചേലക്കോടിലെ കായാംപൂവത്ത് നിന്ന് അമാലന്മാരാൽ ഏററി പരിവാരങ്ങളോടെ, നട 'കൊണ്ടവഴി' പ്രദേശത്തെ 'കൊണ്ടാഴി'

എന്ന് പിന്നീട് പറയപ്പെട്ടതാണ് ഇന്നത്തെ കൊണ്ടാഴി വില്ലേജ്, തെക്ക് പഴയന്നൂർ അതിർത്തിയിലുള്ള ചെമ്മഴി ആൽ തുടങ്ങി വടക്കു മായന്നൂർ കാവു വരെയുള്ള ഭൂഭാഗമാണ് കൊണ്ടാഴി വില്ലേജ്.

കൊണ്ടാഴി വില്ലേജ് വളരെ ഫല ഭൂയിഷ്ഠം പ്രദേശമാണ്. നിറയെ ആഴി പാടങ്ങളാണ്. നെൽകൃഷിയാണു പ്രധാന വിള. മൂന്നിൽരണ്ടു ഭാഗം ഭൂമിയും പണ്ടാര വക ജന്മഭൂമികളാണ്. ബാക്കി ഭൂമികൾ പുന്നോർകോട്ടു മന, ഓട്ടൂർ മന, മുണ്ടനാട്ടു മന, പിടിക്കപറമ്പു മന, മായന്നൂർ കാവു ദേവസ്വം വക കാണ, വെറുമ്പാട്ട ഭൂമികളായിരുന്നു.

നായർ സമുദായക്കാരാണ് കൊണ്ടാഴി വില്ലേജിലെ പ്രധാനികളായിരുന്നത് ബ്രാഹ്മണരില്ല—പിന്നോക്ക സമുദായക്കാരായ തണ്ടാൻമാർ, പട്ടികജാതിക്കാർ ധാരാളമുണ്ട്. തേക്കുംകാടു കോളനി, കടമ്പാട്ടു കോളനി, ഒലിച്ചി കോളനി, കാട്ടാളത്ത് കോളനി, വീട്ടിക്കുന്നു കോളനി, വേലൂർപടി കോളനി, കൊയക്കാട്ടു കോളനി, ചേപ്പാൻകുന്നു കോളനി, തച്ചോത്ത് കോളനി എന്നീ പട്ടികജാതി കോളനികളുടെ ഒരു ശൃംഖല തന്നെ ഈ വില്ലേജിലുണ്ട്.

ഭൂരിപക്ഷമുള്ള നായൻമാർ കർഷകരും കൃഷി ഉടമകളുമായിരുന്നു. പിന്നോക്കജാതിക്കാരും പട്ടികജാതിക്കാരും കർഷകരും കർഷക തൊഴിലാളികളും ഇവർക്കു പുറമെ, ആശാരി, മൂശാരി, തട്ടാൻ, കരുവാൻ, പാണർ, (കുട കെട്ടുന്നവർ) തുകൽപണിക്കാരായിരുന്ന കൊല്ലൻമാർ, പുള്ളുവർ, മണ്ണാൻമാർ എന്നിവരും സമൂഹത്തിന്റെ ഭാഗമായി ഇവിടെയുണ്ട്. ഇവർക്കെല്ലാം പുറമെ തെലുങ്കു സമുദായക്കാരായ 'ഇരുപത്തിനാലു മനൈ തെലുങ്കു ചെട്ടിയാൻമാരുടെ ഒരു തെരുവുമുണ്ട് ഈ വില്ലേജിൽ. ഇവർ കച്ചവട സമൂഹമായിരുന്നു. 150 കെല്ലമായി ഈ വില്ലേജിലും മായന്നൂർ വില്ലേജിലുമായി ഉദ്ദേശം 200 വീടുകാർ ഈ വിഭാഗക്കാരായി കൊണ്ടാഴി പഞ്ചായത്തിൽ അധിവസിച്ചു വരുന്നുണ്ട്.'

വിദ്യാഭ്യാസ കാര്യത്തിൽ ഈ പ്രദേശം വളരെ മുന്നിലായിരുന്നു. ഇപ്പോൾ ഒരു അപ്പർ പ്രൈമറി സ്ക്കൂളും, രണ്ടു പ്രൈമറി സ്ക്കൂളുകളുമുണ്ട് ഇവിടെ പഞ്ചായത്തിലെത്തന്നെ ആദ്യത്തെ പ്രൈമറി സ്ക്കൂളിന്റെ സ്ഥാപകൻ കാഞ്ഞിൻ കാട്ടുപാറമേൽ കേശവൻനായരായിരുന്നു. അദ്ദേഹം 75 കൊല്ലങ്ങൾക്കുമുമ്പ് സ്ഥാപിച്ച സരസ്വതി വിലാസം പ്രൈമറി സ്ക്കൂൾ ഒരു അപ്പർ പ്രൈമറി സ്ക്കൂളായി പഞ്ചായത്തിലെ കേന്ദ്രസ്ഥാനത്തു സ്ഥിതി ചെയ്യുന്നു.

പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനമാണ് പാറമേൽപ്പടി. പഞ്ചായത്താഫീസ്, വില്ലേജാഫീസ്, പ്രൈമറി ഹെൽത്ത് സെൻർ, സർവ്വീസ് കോ—ഓപ്പറേറ്റീവു ബാങ്ക്, ക്ഷീരവ്യവസായ സൊസൈററി, കച്ചവടസ്ഥാപനങ്ങൾ, കൃഷി ഭവൻ, ഗ്രാമസേവക് ഓഫീസ് എന്നിവയുടെ കേന്ദ്രസ്ഥാനമാണ്. ഇവിടെ തെലുങ്കരായ 24 മനൈചെട്ടിയാൻമാരുടെ കേന്ദ്രവുമായതിനാൽ ഒരു ചെറിയ ജനതിരക്കുള്ള കേന്ദ്രപ്രദേശവും കൂടിയാണ്. ക്രീസ്തീയ കുടുംബങ്ങളും അൽപം മുസ്ലീം കുടുംബങ്ങളും ഇവിടെയുണ്ട്. 18 കത്തോലിക്കാ കുടുംബങ്ങൾ പഴയകാലത്തിവിടെ ഉണ്ടായിരുന്നു. അവരുടെ സംഘടിതമായ പരിശ്രമഫലമായി പാറമേൽപ്പടിക്ക് ഒരു ഫർലോങ്ങ് വടക്കുമാറി, PWD റോഡരുകിൽ ഒരു RC പള്ളി സ്ഥാപിച്ചിട്ടുണ്ട്. ഈ പള്ളിയുടെ നേതൃത്വത്തിലും തൃശൂർ ബിഷപ്പിന്റെ



റോമൻ കാത്തോലിക്കാ ദേവാലയം

മാനേജ്മെൻറിലുമായി ഒരു വലിയ ഹൈസ്ക്കൂരം മായന്നൂർ കാവിന്ന് വടക്കുവശം കൂട്ടിൽമുക്കിൽ നിളാനദിയുടെയും. ഗായത്രി പുഴയുടെയും സംഗമസ്ഥാനത്ത് പ്രശാന്തമായ അന്തരീക്ഷത്തിൽ, മനോഹരമായ നെൽ വയലുകരംക്ക് സമീപം പരിലസിക്കുന്നു.

കൊല്ലങ്ങരംക്ക് മുമ്പ് പരേതനായ ഇടക്കളത്തൂർ E.R. ജോസഫ് എന്ന കച്ചവടക്കാരനാൽ സ്ഥാപിക്കപ്പെട്ട St. ജോസഫ് യു.പി. സ്ക്കൂളാണ്, ടി സ്ക്കൂളിൻെറ ഹെഡ് മാസ്ററും R.C. പള്ളിയുടെ വികാരിയും കൂടി ആയിരുന്ന റവ: ഫാദർ തെല്ലപിള്ളിയുടെ ശ്രമഫലമായി പിൽക്കാലത്ത് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്. ഇതിനുപുറമെ ശ്രീ. E.R. ജോസഫ് ഒരു St. ജോസഫ് പ്രൈമറി സ്ക്കൂളും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

ഇന്ന് തൃശൂർ ബാറിൽ വളരെ അധികം പേരെടുത്ത അഡ്വോക്കേറ്റ് വീരേന്ദ്രമേനോൻ St. തോമസ്സ് ഹൈസ്ക്കൂളിന്റെ വിദ്യാർത്ഥിയായിരുന്നു. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് St ജോസഫ് ഹൈസ്ക്കൂൾ നൽകിയിട്ടുള്ള സംഭാവന ചെറുതൊന്നുമല്ല. കൊണ്ടാഴി വില്ലേജ് പ്രശസ്തമായ നിരവധി നായർ കുടുംബങ്ങളുടെ അധിനിവേശ പ്രദേശവുമാണ് ഈ വില്ലേജിലെ ഒരു പ്രശസ്ത തറവാടായ കീർത്തിയിൽ കുഞ്ഞുകൃഷ്ണമേനോൻ എന്നാൾ പഴയകാലത്ത് കൊച്ചി മഹാരാജാവിന്റെ സർവ്വാധി കാര്യക്കാരായിരുന്നു.

പഞ്ചായത്തിന്റെ കേന്ദ്ര പ്രദേശമായ പാറമേൽപടി എന്ന പേരു അന്വർത്ഥമാണ്– ഈ പ്രദേശത്ത് വലിയ വീട്ടിൽ പാറമൽ എന്ന അതിപ്രശസ്തമായ ഒരു മാടമ്പികുടുംബമുണ്ടായിരുന്നു. കവളപ്പാറ നായരുടെ സാമന്തനൊ അഥവാ വള്ളുവനാട്ടു രാജാവിന്റെ സൈന്യനായകന്റെയോ ഭവനമായിരുന്നു ഈ ഭവനമെന്നും പറയപ്പെടുന്നു. അതിപ്രബല കുടുംബമായിരുന്നു ഇത് എന്നൂഹിക്കേണ്ടിയിരിക്കുന്നു. വലിയവീട്ടിൽ പാറമൽ നായർക്ക് ''കെട്ടാൻ കയറും വെട്ടാൻ വാളുമുണ്ടായിരുന്നു'' എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. മായന്നൂർ ഭഗവതിയുടെ ഉത്സവം പ്രമാണിച്ച് ഭഗവതി ആനപ്പുറത്തെഴുന്നള്ളി നാട്ടിലെ നിരവധി കുടുംബങ്ങൾ സന്ദർശിക്ക പതിവാണ് ഓരോ വീടിന്റെയും പടിപുറത്ത് നിറപറയും വിളക്കും വെച്ച് ഭഗവതിയെ സ്വീകരിക്കയാണ് പതിവ്. ഭഗവതി ഒരു കുടുംബത്തിന്റെയും പടിക്കകത്തു പ്രവേശിക്കാറില്ല. എന്നാൽ വലിയ വീടിൽ പാറമൽ നായരുടെ വീട്ടിൽ മാത്രം പടിക്കകത്തു കടന്ന് പുറത്ത് വിളക്കും നിറപറയും വെച്ചത് വലം വെച്ച് ദേവീ ആശീർവദിക്കുന്നതായി ഇന്നും നടന്നു വരുന്നു.

വലിയവീട്ടിൽ പാറമൽ. വീട്ടുകാരുടെ പടിക്കലുള്ള പ്രദേശമായതിനാൽ പാറമൽപ്പടി എന്ന പേരു സിദ്ധിച്ചു. പാറമൽപ്പടി പഞ്ചായത്തിന്റെ കേന്ദ്ര പ്രദേശമാണ്.

കൊണ്ടാഴി വില്ലേജിൽ ഒരു അപ്പർപ്രൈമറി സ്ക്കൂളുണ്ട്. 75 വർഷങ്ങൾക്കു മുമ്പ് കാഞ്ഞിങ്ങാട്ടു പാറമൽ കേശവൻനായർ എന്ന ആൾ തുടങ്ങിയ പ്രൈമറി സ്ക്കൂൾ പിന്നീടു വർഷങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ മരുമകനും മാനേജരുമായിരുന്ന കെ. പി. നാരായണൻനായർ ഒരു അപ്പർ പ്രൈമറി സ്ക്കൂളാക്കി ഉയർത്തി. ഗ്രാമ പഞ്ചായത്തിന്റെ ഓഫീസ് സ്ഥിതി ചെയ്യുന്നത് കേന്ദ്രസ്ഥാനമായ പാറമൽപ്പടിയിൽ തന്നെ. ഇവിടെ പ്രൈമറി ഹെൽത്ത് സെന്റർ, സരസ്വതി വിലാസം അപ്പർ പ്രൈമറി സ്ക്കൂൾ. കൊണ്ടാഴി—മായന്നൂർ ഗ്രൂപ്പ് വില്ലേജാഫീസ്, സർവ്വീസ് കോ—ഓപ്പറേററിവ് ബാങ്ക്, ക്ഷീര സഹകരണ സംഘം, കൃഷിഭവൻ, ഗ്രാമസേവക് ക്വാർട്ടേഴ്സ്, ആയൂർവേദ ഡിസ്പെൻസറി എന്നി സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നു. അതിനു പുറമെ തെലുങ്കുസമുദായക്കാരുടെയും വക മാരിയമ്മൻ കോവിലും കിരാത പാർവ്വതി ക്ഷേത്രവുമുണ്ട്.

സൗത്ത് കൊണ്ടാഴി പ്രദേശത്താണ് പ്രസിദ്ധമായ തൃത്തം തളി ശിവക്ഷേത്രം. പണ്ട് കേരളത്തെ പതിനെട്ടര തളികളാക്കി വിഭജിച്ച് ഓരോ തളിയേയും ഓരോ തളിയാതിരിമാരെ ഭരണ ഭാരമേൽപ്പിച്ചതായി അറിയപ്പെടുന്നു. ഓരോ തളിയുടെ ആസ്ഥാനത്തും ഓരോ പ്രധാന ക്ഷേത്രവു മുണ്ടായിരുന്നു—മേൽപറഞ്ഞ തളികളിൽ 0.5 തളിയുടെ കേന്ദ്രസ്ഥാനം കൊണ്ടാഴിയിലായിരുന്നിരിക്കണം. തൃത്തംതളി ശിവക്ഷേത്രം ഈ തളിയിലെ കേന്ദ്രക്ഷേത്രമാണ്. അതിപുരാതനമായ ഈ ശിവക്ഷേത്രം ഏതോ കാരണവശാൽ നാശോന്മുഖമായി—ടിപ്പുവിന്റെ പടയോട്ടകാലത്താണെന്നും പറയപ്പെടുന്നു—ഏതായാലും ഇരുനൂറിൽ പരം വർഷങ്ങളായി ഈ മഹാ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളും കരിങ്കല്ലുകൊമ്പുള്ള മനോഹരങ്ങളായ കൊത്തളങ്ങളും അങ്ങിനെ കിടന്നിരുന്നു. കൊച്ചി രാജ്യത്തിലെ ദേവസ്വം ബോർഡിന്റെ പ്രസിഡണ്ടായി ശ്രീ. M.K. രാജ അധികാരത്തിൽ വന്നപ്പോൾ ഈ ക്ഷേത്രത്തിന് ശാപമോക്ഷം

ലഭിച്ചു. ശ്രീ. രാജ ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. പിന്നീട് ശ്രീ. A മാധവൻ ദേവസ്വം പ്രസിഡണ്ടായി അവരോധിക്കപ്പെട്ടപ്പോൾ 10 ഉപദേവൻമാരുടെ ക്ഷേത്രസമുച്ചയമുൾപ്പെടെ ഈ ശിവക്ഷേത്ര നിർമ്മാണവും പൂർത്തിയാക്കി. പടിഞ്ഞാറക്കുള ക്കുന്നത്ത് രാവുണ്ണിനായരുടെ മകൻ പ്രസാദ ചന്ദ്രന്റെയും കളത്തിൽ കുഴിയിൽ ഗോവിന്ദൻ കുട്ടി നായരുടെയും പ്രശംസനീയമായ അധ്വാനം ഈ പുനരുദ്ധാരണ പ്രക്രിയയിൽ എടുത്തുപറയത്തക്കതാണ്

## മായന്നൂർ വില്ലേജ്

ഈ വില്ലേജിലെ ഭൂരിഭാഗം ഭൂമിയും പുന്ന ർക്കോട്ടുമന, തേലക്കാട്ടുമന, മായന്നൂർക്കാവ് ദേവസ്വം എന്നീ ജന്മിമാരുടെ വക കാണ, വെറും പാട്ടഭൂമികളായിരുന്നു. ഇപ്പോൾ എല്ലാ ഭൂമികളും അവരുടെ ഉടമസ്ഥൻമാരുടെ സ്വന്തം പട്ടയഭൂമികളാണ്.

മായന്നൂർ പ്രദേശത്ത് 12 ക്ഷേത്രങ്ങളുണ്ട്. ക്ഷേത്രങ്ങളുടെ ഒരു പ്രധാന കേന്ദ്രമായ മായന്നൂരിന് ഒരു ക്ഷേത്ര ഗ്രാമം എന്ന് പറ യാവുന്നതാണ്. ഒരു ഹൈസ്കൂളും, രണ്ടു പ്രൈമറി സ്ക്കൂളുകളും, ഒരു സർക്കാർ അപ്പർ പ്രൈമറി സ്കൂളും, ഒരു നെഴ്സറി സ്കൂളും, ഒരു ഗ്രാമീണ വായനശാലയും, പ്രൈമറി ആരോഗ്യകേന്ദ്രവും മായന്നൂരിലുണ്ട്.

രാഷ്ട്രീയ സാംസ്ക്കാരിക മണ്ഡലങ്ങ ളിൻ മായന്നൂരിന് അഭിമാനിക്കാവുന്ന പശ്ചാ ത്തലം ഉണ്ട്. ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട് എന്ന പ്രസിദ്ധ വിഷ്ണു ഭക്തനും, ഭക്തകവിയു മായിരുന്ന ദിവ്യപുരുഷൻ മായന്നൂർക്കാരനാണ് എന്നത് പ്രസ്താവ്യമാണ്.

സ്വാതന്ത്ര്യസമര കാലത്ത് ഒററപ്പാലത്ത് സ്വാതന്ത്ര്യസമരം നയിച്ചിരുന്ന എൻ. സുന്ദരയ്യർ അവർകളുടെ നേതൃത്വത്തിൽ മായന്നൂരിൽ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ ശക്തമായി നടന്നിട്ടുണ്ട്. മഹാത്മജിയുടെ സബർമതി ആശ്രമത്തിൽ അന്തേവാസിയായിരുന്ന പരേത നായ കെ. ശങ്കർജി മായന്നൂർ നിവാസിയായി രുന്നു. ഗാന്ധിജിയുടെ 'ചലോ ഡൽഹി' എന്ന സത്യാഗ്രഹ രംഗത്ത് ശ്രീ. ചോണ്ണോട്ടിൽ നാണുനായർ പങ്കെടുത്തിട്ടുണ്ട്. താനിയ്ക്കൽ രാമൻനായർ, M. P. രാമൻകുട്ടിനായർ, M. C. കൃഷ്ണൻ നമ്പൂതിരി, കീർത്തിയിൽ ശ്രീധര മേനോൻ എന്നിവർ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ മുൻപന്തിയിൽ ഉണ്ടായിരുന്നു. ഗാന്ധിയൻ മാതൃകയിലുള്ള ഖാദി മുതലായ സ്വദേശി പ്രസ്ഥാനങ്ങളിലും, ഹരിജനോദ്ധാരണം മുത ലായ സാമൂഹ്യ പ്രവർത്തന രംഗങ്ങളിലും മായ ന്നൂരിൽ ശക്തമായ പ്രവർത്തനങ്ങൾ നടന്നി രുന്നു. ശ്രീ. K. N. നമ്പീശനും, അദ്ദേഹ ത്തിന്റെ സഹധർമ്മിണി കമലാനമ്പീശനും, മായന്നൂരിൽ സ്ഥാപിച്ച ഗാന്ധി ആശ്രമം ഇത്തരം നിർമ്മാണ പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രസ്ഥാനമായിരുന്നു. കോൺഗ്രസ്സ് നേതാ ക്കളായിരുന്ന കേളപ്പജി, M.P. ഗോവിന്ദമേനോൻ N. സുന്ദരയ്യർ, വാപ്പാലെ ശങ്കരനാരായണമേനോൻ എന്നീ നേതാക്കളും മായന്നൂർ ഗാന്ധി ആശ്രമ വുമായി ശക്തമായ ബന്ധം പുലർത്തിയി രുന്നു. 1952—ൽ തിരുകൊച്ചി ഗവർണ്ണർ ആയി രുന്ന ശ്രീ. V. രാമകൃഷ്ണറാവു ഗാന്ധി ആശ്രമം സന്ദർശിക്കുകയുണ്ടായി. സർവ്വോദയ പ്രസ്ഥാനത്തിന്റെ ജീവാത്മാവായിരുന്ന ശ്രീ. വിനോബാ ബാവെ മായന്നൂർ ഗാന്ധി ആശ്രമം സന്ദർശിക്കുകയുണ്ടായി. കാൽനട യായി മായന്നൂരിലെത്തിയ വിനോബാജിയ്ക്ക് രാജോജിതമായ സ്വീകരണമാണു ലഭിച്ചത്. ശ്രീ. N. സുന്ദരയ്യർ തന്റെ കൈവശത്തിലിരുന്ന 15 ഏക്കർ സ്ഥലമാണ് വിനോബാജിയ്ക്ക് ഭൂദാനമായി നൽകിയത്. ആ സ്ഥലത്താണ് ഇന്ന് വിനോബാജിയുടെ സ്മാരകമായി ഭൂദാൻ കോളനി നിലകൊള്ളുന്നത്. നമ്പീശൻ ദമ്പതി മാരുടെ ഗാന്ധി ആശ്രമത്തിന്റെ പ്രവർത്തന ങ്ങൾക്കായി ശ്രീ. സുന്ദരയ്യർ മൂന്നര ഏക്കർ സ്ഥലം സൗജന്യമായി നൽകുകയുണ്ടായി. അതിനുശേഷം തന്റെ കയ്യിൽ ശേഷിച്ചിരുന്ന 15 ഏക്കർ ഭൂമി തന്റെ ആശ്രിതർക്കും, തൊഴി ലാളികൾക്കുമായി ദാനം ചെയ്ത് ഏററവും

മഹത്തായ സർവ്വസംഗ പരിത്യാഗം ചെയ്ത് ശ്രീ. സുന്ദരയ്യർ തന്റെ കർമ്മഭൂമി വിട്ട് മദിരാശിയിലേക്ക് പോകയാണുണ്ടായത്. അദ്ദേഹത്തിന്റെ നാമം മായന്നൂക്കാർ എന്നും സ്മരിക്കുമെന്നതിന് സംശയമില്ല. അതുപോലെ തന്നെ ശ്രീ. K N. നമ്പീശന്റെയും, അദ്ദേഹത്തിന്റെ സഹധർമ്മിണി കമല നമ്പീശന്റെയും പ്രവർത്തനങ്ങൾ നിസ്തുലങ്ങളായിരുന്നു.

മായന്നൂരിന്റെ മുഖഛായ മാററുന്നതിൽ മറക്കാൻ പററാത്ത സേവനം നടത്തിയ ഒരു മഹത് വ്യക്തിയണ്ട് ശ്രീ ചേററൂർ ബാലകൃഷ്ണൻ നായർ. പുന്നർകോട്ടുമന കാര്യസ്ഥനെന്ന നിലയിൽ മായന്നൂരിൽ വന്ന ശ്രീ ചേററൂർ ബാലകൃഷ്ണൻ നായർ ദീർഘദൃഷ്ടിയുള്ള ഒരു പ്രവർത്തകനായിരുന്നു. ആ കാലത്ത് മായന്നൂർ കാവിനു വടക്കുവശത്ത് വിശാലമായി കിടന്നിരുന്ന ഉദ്ദേശം 259 ഏക്കർ കൃഷി ഭൂമി വമ്പിച്ച പരാജയത്തിലായിരുന്നു. ആ ഭാഗത്തുള്ള കർഷക കുടുംബങ്ങളും. കർഷകതൊഴിലാളികളും ദാരിദ്രാവസ്ഥയിലായിരുന്നു. ചീരക്കുഴി പുഴയോരത്ത് ഒരു വലിയ കിണർ കുഴിച്ച് പുഴയിൽനിന്ന് പൈപ്പുവഴി വെള്ളം കിണററിലെത്തിച്ച്, കിണററിൽനിന്ന് 100 കുതിര ശക്തിയുള്ള മോട്ടോർ ഉപയോഗിച്ച് പമ്പുചെയ്ത് 500 ൽ പരം ഏക്കർ കൃഷി 3 പൂവൽ പണിയുവാനുള്ള സംവിധാനം വിജയകരമായി നടപ്പിലാക്കി മായന്നൂർ പ്രദേശം മുഴുവനും നെൽകൃഷി വിജയിപ്പിച്ച ചരിത്രം സൃഷ്ടിച്ച ആളാണ് ശ്രീ ചേററൂർ ബാലകൃഷ്ണൻ നായർ. അദ്ദേഹത്തിന്റെ സേവനം അംഗീകരിച്ച ജനങ്ങൾ അദ്ദേഹത്തെ കൊണ്ടാഴി പഞ്ചായത്ത് പ്രസിഡൻററായി അവരോധാക്കുകയുണ്ടായി.

മായന്നൂരിന്റെ ബഹുമുഖമായ പുരോഗതിയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്ന ഒരു സ്ഥാപനമാണ് മായന്നൂർ ജവഹർ നവോദയ ബോർഡിംഗ് സ്ക്കൂൾ. ഗ്രാമാന്തരത്തിലുള്ള കൊച്ചു പ്രതിഭകളെ തെരഞ്ഞെടുത്ത് 6—ാംക്ലാസ്സു മുതൽ 12—ാം ക്ലാസ്സുവരെ സർവ്വ ചെലവുകളും നൽകി കാമ്പസ്സിൽ താമസിപ്പിച്ച് മികച്ച വിദ്യാഭ്യാസം നൽകുന്ന ഒരു വലിയ സ്ഥാപനമാണ് ജവഹർ നവോദയ സ്ക്കൂൾ. മായന്നൂർ വില്ലേജിന്റെ വിരിമാറിൽ 22 ഏക്കർ സ്ഥലത്ത് സ്ഥാപിക്കപ്പെട്ട ഈ മഹത്തായ വിദ്യാനികേതനം ഈ പഞ്ചായത്തിന് ഒട്ടാകെത്തന്നെ വലിയ നേട്ടമാണ് നൽകിയിരിക്കുന്നത്. തൃശ്ശൂർ ജില്ലയുടെ വിവിധ ഗ്രാമങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കൊച്ചുപ്രതിഭകൾ ഈ വിദാലയത്തിൽ കൂടി മികച്ച ശിക്ഷണത്തിന് വിധേയരാകുന്നുണ്ട്.

പഞ്ചായത്തിലെ വിദ്യാഭ്യാസ സംസ്ക്കാരിക സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച പ്രവർത്തനങ്ങളെയും വ്യക്തികളെയും കുറിച്ച് പ്രസ്താവിച്ചു കഴിഞ്ഞു.

## സ്വാതന്ത്ര്യ സമരം

ഇന്ത്യൻനേഷണൽ കോൺഗ്രസ്സിന്റെയും പ്രത്യേകിച്ച് മഹാത്മജിയുടെയും നേതൃത്വത്തിൽ ഭാരത സ്വാതന്ത്ര്യത്തിനും വേണ്ടി നടന്ന സമരാങ്കണത്തിൽ നിരവധി പേർ പങ്കെടുത്തിട്ടുണ്ട് എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

കൊണ്ടാഴി കടമ്പാട്ടു കിട്ടുണ്ണിമേനോൻ പഴയകാല സ്വാതന്ത്ര്യ ഭടനായിരുന്നു 1942—43 കാലത്ത് കൊച്ചിരാജ്യത്ത് റേഷൻ സമ്പ്രദായമുണ്ടായിരുന്നില്ല. അന്നത്തെ കൊച്ചി ഗവൺമെന്റ് നെല്ലിന് സീലിങ്ങ് വില നിർണ്ണയിച്ചു ഒരു വണ്ടി നെല്ലിന് 110 രൂപ, (80 പറ നെല്ലിന്) എന്നാൽ തൃശൂർ മുതലായ പ്രദേശങ്ങളിലെ റൈസ്മിൽ ഉടമസ്ഥർ 130 രൂപയും 140 രൂപയും നൽകി കർഷകരുടെ നെല്ലു മുഴുവൻ സംഭരിച്ചുവന്നു. തൻമൂലം തൊഴിലാളികൾ ക്ഷേണത്തിനുവരെ നെല്ലുകിട്ടാതെ വിഷമിച്ചു. എട്ടണ (50 പൈസ) യാണ് ഒരു ആൾക്കന്നു കൂലി ലഭിച്ചുവന്നിരുന്നത്. കാശായി കൂലി നൽകിയാൽ നെല്ലു കിട്ടാതായി നാടിൽ പരിഭ്രാന്തിവളർന്നു അന്നു

സ്വാതന്ത്ര്യം സമര രംഗത്ത് പ്രവർത്തിച്ചു വന്നിരുന്ന ചോണാട്ടിൽ നാണുനായർ, ശങ്കർജി, S.N പിടിക്കപറമ്പ് എന്നിവരുടെ നേതൃത്വത്തിൽ നെല്ലു പുറമെ പോകുന്നതിനെ തടയുന്ന സമര മുഖം തുടങ്ങി. ഈ സമയത്ത് സ്വാതന്ത്ര്യ സമര ഭടനായിരുന്ന കീർത്തിയിൽ ശ്രീധരമേനോനും ജയിൽ വിമുക്തനായി നാട്ടിൽ വന്നുചേർന്നു. നെല്ലു സമരത്തിന്റെ നേതൃനിരയിൽ പങ്കെടുത്തു. പുന്നർക്കോട്ടു മന കളത്തിൽ നിന്നും പാതിരായ്ക്ക് ഒളിച്ചു കടത്തി മില്ലുകളിലേക്കു കൊണ്ടുപോകാൻ കയററിയ ലോറിയെ 500—ൽ പരം ജനങ്ങൾ കൂടി തടഞ്ഞു. ഇതേ കാലയളവിൽ കൊച്ചി രാജ്യത്തിന്റെ നാനാഭാഗത്തും ഇത്തരം സമരങ്ങൾ ഉടലെടുക്കുകയുണ്ടായി.

മേല്പടി സംഭവത്തെ തുടർന്ന് പഴയന്നൂർ, വടക്കാഞ്ചേരി പോലീസിന്റെ ഒരു സംഘം സ്ഥലത്തെത്തി നൂറു പേരിലധികം തൊഴിലാളികളെയും നേതാക്കന്മാരായ ചോണാട്ടിൽ നാണുനായർ, ശങ്കർജി, ശ്രീധരമേനോൻ, S.N. പിടിക്കപറമ്പ്, M.P. രാമൻകുട്ടിനായർ മുതലായ 12 നേതാക്കളെയും ബലമായി കസ്ററഡിയിലെടുത്ത് പഴയന്നൂർ പോലീസ് സ്റേറഷനിൽ കൊണ്ടുപോയി കഠിനമായി മർദ്ധിച്ചു പറഞ്ഞയച്ചശേഷം നേതാക്കളായ 12 പേരുടെ പേരിൽ കേസ്സെടുത്തു മൂന്നുമാസം തടവിനു ശിക്ഷിക്കുകയുണ്ടായി. ജനങ്ങൾക്കുണ്ടായ ദുരന്തങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സ്വാതന്ത്ര്യ സമര ഭടൻമാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നത് പ്രസ്താവ്യമാണ്.

## സാമൂഹ്യരംഗത്തെ മാററങ്ങൾ

പഴയ കാലത്ത് ദായ ക്രമങ്ങളനുസരിച്ച്, മരുമക്കത്തായവും മക്കത്തായവും ഇവിടെയും പ്രബലമായിരുന്നു—ജനങ്ങളുടെ തൊഴിലിന്റെ അടിസ്ഥാനത്തിൽ പിൽക്കാലത്ത് ജാതികളുണ്ടായതാണല്ലോ. ഉച്ചനീചത്വങ്ങളും, അങ്ങിനെ സംജാതമായി — ആ പ്രവണതകൾ ഇന്ന് സമൂഹത്തിലില്ലാതായി—എന്നിരുന്നാലും സാംസ്കാരികമായും സാമ്പത്തികമായുമുള്ള ഉയർച്ചകൾ ഉണ്ടായി കഴിഞ്ഞിട്ടില്ല— ജനങ്ങൾക്കിടയിൽ അവസരസമത്വം ഇനിയും ഉണ്ടാവേണ്ടതുണ്ട് എന്നത് നിസ്തർക്കമാണ്—എങ്കിലും എല്ലാവരും തുല്യരാണെന്ന ബോധം ഉരുത്തിരിഞ്ഞു വന്നുകഴിഞ്ഞതായി പറയാവുന്നതാണ്.

## അദ്ധ്വാനശീലം

ഈ പഞ്ചായത്തിലും മററിടങ്ങളിലെ പോലെ നിരവധി ഭൂമികൾ തരിശായി കിടന്നിരുന്ന കാലമുണ്ടായിരുന്നു—കൊണ്ടാഴി പഞ്ചായത്ത് പ്രദേശത്ത് ഇതിന് മാററമുണ്ടായത് തിരുവംതാംകൂർ ഭാഗത്ത് നിന്നുള്ളവരുടെ ആഗമനത്തോടെയാണെന്ന് എടുത്തുപറയാം —തിരുകൊച്ചി സംസ്ഥാനത്ത് ശ്രീ. പട്ടംതാണുപ്പിള്ളയുടെ ഭരണകാലത്ത് അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്തവരെ ഉദ്ദേശിച്ച് ആയിരക്കണക്കിൽ ഏക്കർ വനഭൂമി 3.5 ഏക്കർ വീതം പതിച്ചുകൊടുത്ത് റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കയുണ്ടായി. ആ പദ്ധതി അനുസരിച്ച് തിരുവിതാംകൂർ ഭാഗത്ത് നിന്നും കുറെ ആൾക്കാർ ഈ പഞ്ചായത്തിൽ കുടിയേറിപാർത്തു. അതിനെതുടർന്ന് തിരുവിതാംകൂറിൽ നിന്ന് പലരും ഈ പഞ്ചായത്തിൽ ഭൂമിവാങ്ങി താമസം തുടങ്ങിയിട്ടുണ്ട്. ഇവരുടെ ആവിർഭാവത്തോടെ കാർഷിക രംഗത്ത് വിപ്ലവകരമായ മാററം തന്നെ ഉളവായിട്ടുണ്ട്. ദേഹാദ്ധ്വാനത്തിലൂടെ മണ്ണിൽ നിന്നു പൊന്നുണ്ടാക്കാമെന്ന അദ്ധ്വാന സംസ്കാരത്തിന്റെ വേലിയേററം തന്നെ സൃഷ്ടിക്കപ്പെട്ടു. ഇന്നിപ്പോൾ 500 ഹെക്ടർ സ്ഥലത്ത് പഞ്ചായത്തിൽ റബ്ബർ കൃഷിയുണ്ട്. മാത്രമല്ല, കപ്പ, കുരുമുളക്, കച്ചോലം, പച്ചക്കറികൃഷി, നേന്ത്ര വാഴകൃഷി, തെങ്ങ് എന്നിങ്ങനെ എല്ലാ നാണ്യവിളകളും പഞ്ചായത്തിലിന്ന് സുലഭമാണ്. ഭൂമി തരിശിടുന്ന പ്രവണത ഇല്ലാതായിട്ടുണ്ട് എന്നത് പ്രസ്താവ്യമാണ്.

## തെലുങ്കു സമുദായത്തിന്റെ സംഭാവന

ഉദ്ദേശം 150 കൊല്ലങ്ങൾക്കു മുമ്പ് കുടിയേറിപാർത്ത മായന്നൂരിലും പാറമേൽപ്പടിയി

ലുമായി 200 വീട്ടുകാർ 24 മനൈ തെലുങ്കു ചെട്ടിയാർ സമുദായക്കാർ ഇന്നു പഞ്ചായത്തിൽ ഉണ്ട്. ഇവരുടെ മുഖ്യതൊഴിൽ കച്ചവടമാണ്. അദ്ധ്വാനപ്രിയരായ ഇവരിൽ പലരും ഇന്നു പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തികമായി വളരെ ഉയർന്നവരായുണ്ട്. വിദ്യാഭ്യാസപരമായും സാമൂഹ്യമായും വളർന്നിട്ടുള്ള ഈ സമുദായം പഞ്ചായത്തിന്റെ വളർച്ചക്ക് നല്ല സംഭാവന നൽകിയിട്ടുണ്ട്.

അവരുടെ വക മാരിയമ്മൻ കോവിലിലെ നിറപ്പകിട്ടാർന്ന ഉത്സവം ജനങ്ങളെ ഹരം കൊള്ളിക്കുന്നതാണ്.

പഞ്ചായത്ത് പ്രദേശത്തെ വിദ്യാസമ്പന്നരായ നിരവധി ചെറുപ്പക്കാർ ഗൾഫ് മേഖലകളിൽ ജോലി ചെയ്തുവരുന്നുണ്ട്. സാങ്കേതിക വിദ്യകളിൽ പരിശീലനം നേടിയിട്ടുള്ളവരും, ഡ്രൈവർമാർ എന്നിങ്ങനെ ഗൾഫ് രാജ്യങ്ങളിൽ ജോലി നോക്കുന്ന ഈ പഞ്ചായത്തിലെ പൗരൻമാർ പഞ്ചായത്ത് പ്രദേശത്തിന്റെ സാമ്പത്തിക പുരോഗതിക്കു കൂട്ടായ സംഭാവനകൾ ഒന്നും നൽകിയിട്ടില്ല എന്നത് പ്രസ്താവ്യമാണ്. ഈ സാഹചര്യത്തിൽ സാമ്പത്തികമായി മുന്നണിയിൽ നിൽക്കുന്നവരുടെയും പുറംരാജ്യങ്ങളിൽ നല്ല വേതനം ലഭിക്കുന്നവരുടെയുമായ കൂട്ടായ സംരംഭങ്ങൾ സമാഹരിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട രംഗങ്ങളിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

ഈ പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക, രാഷ്ട്രീയരംഗത്ത് ഉണ്ടായ ചരിത്രങ്ങളും സംഭവങ്ങളും ഉൾക്കൊള്ളുന്ന ഈ രേഖ ഇനിയും നീട്ടാവുന്നതാണ്. സർവ്വമതസമുദായമൈത്രിയുടെ ഒരു നല്ല മാതൃകയായി വിലസുന്ന ഈ പഞ്ചായത്തിന് ഇനിയും വികാസം ഉണ്ടാവേണ്ടതുണ്ട്. അതിന് ഏററവും ആവശ്യമായിട്ടുള്ള ഘടകങ്ങൾ ഒററപ്പാലം—മായന്നൂർ പാലം, കൊണ്ടാഴി—തിരുവില്വാമല പ്രദേശങ്ങളെ കൂട്ടിഇണക്കുന്ന എഴുന്നള്ളത്ത് കടവ്, ക്രോസ്വെ—കം—റഗുലേററർ, കുടിവെള്ള പ്രശ്നപരിഹാരം എന്നിവ മുൻപന്തിയിൽ നിൽക്കുന്നു. ജനപങ്കാളിത്തത്തോടെ അനതിവിദൂര ഭാവിയിൽ ഇതെല്ലാം സാദ്ധ്യമാവുമെന്നാണ് ജനങ്ങളുടെ സ്വപ്നം.

*

# ഭൂപ്രകൃതി




ഭൂപ്രകൃതി മാപ്പ്: കൊണ്ടാഴി പഞ്ചായത്ത്

റോഡുകൾ
മലമ്പ്രദേശം
സമതലം
നെല്പാടം



Transect map - Kondazhy




പഠനപ്രദേശഭൂപടം



# പഠന പര്യടന വിവരം



| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | വയൽ | കുത്തനെ ചരിവ് | നിരപ്പായ കുന്നിൻ മണ്ട | കുത്തനെ ചരിവ് ഇടത്തരം | ചെറിയ ചരിവ്, സമതലം | വയൽ | കുത്തനെ ചരിവ് | കുത്തനെ ചരിവ്-ഇടത്തരം | വയൽ |
| വാർഡ് | 8 | 8 | 8 & 9 | 8 & 9 | 7 & 6 | 6, 5 & 4 | 6 & 5 | 3 & 2 | 3 & 1 |
| മണ്ണിനം | കളിമണ്ണ് | ചരലുകൂടിയ കറുത്ത മണ്ണ് | ചരലുകൂടിയ കറുത്ത മണ്ണ് | ചരലുകൂടിയ കറുത്ത മണ്ണ് | ചുവന്ന മണ്ണ് ലാറ്ററൈറ്റ് | കളിമണ്ണ് ചളിമണ്ണ് | കറുത്ത മണ്ണ് ചുവന്ന മണ്ണ് ലാറ്ററൈറ്റ് | ചുവന്ന മണ്ണ് ലാറ്ററൈറ്റ് | കളിമണ്ണ് |
| സസ്യാവരണം | നെല്ല് തെങ്ങ് | റബ്ബർ തെങ്ങ് കുറ്റിച്ചെടി | കശുമാവ് റബ്ബർ കുറ്റിച്ചെടി സ്വാഭാവിക വനം | കശുമാവ് റബ്ബർ വലിയ മരങ്ങൾ മറ്റു വിളകൾ | റബ്ബർ, തെങ്ങ് വലിയ മരങ്ങൾ കുറ്റിച്ചെടി | നെല്ല് തെങ്ങ് | റബ്ബർ അക്കേഷ്യ കശുമാവ് തെങ്ങ് വൃക്ഷങ്ങൾ | കശുമാവ്, റബ്ബർ തെങ്ങ് ഫല വൃക്ഷങ്ങൾ | നെല്ല് തെങ്ങ് |
| പരിസ്ഥിതി പ്രശ്നം | വെള്ളപ്പൊക്കം | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | വെള്ളപ്പൊക്കം വരൾച്ച | — | — | — |
| ജലലഭ്യത | സുലഭം | ആവശ്യത്തിന് അല്പം കുറവ് | വളരെ കുറവ് | കുറവ് | ആവശ്യത്തിന് അല്പം കുറവ് | സുലഭം | വളരെ കുറവ് | കുറവ് | സുലഭം |

# കൃഷി–ജലസേചനം

## ഭൂപ്രകൃതിയും വിഭവങ്ങളും

തൃശൂർ ജില്ലയുടെ വടക്കേ അററത്ത് പാലക്കാട് ജില്ലയോട് ചേർന്നുകിടക്കുന്ന രണ്ടു വശം പുഴയും, ഒരു വശം മലയും അതിർത്തിയിടുന്ന ഒരു നിമ്നോന്നത പ്രദേശമാണ് കൊണ്ടാഴി പഞ്ചായത്ത്.

### 1 ഭൂപ്രകൃതി

തെക്ക് പടിഞ്ഞാറ് മലകളും കിഴക്കും വടക്കും പുഴയും,ഇതിനിടയിലുള്ള പ്രദേശം സമതലവും, നെൽപ്പാടങ്ങളുമായി വിന്യസിക്കപ്പെട്ടു കിടക്കുന്നു. പൊതുവേ പടിഞ്ഞാറു നിന്ന് കിഴക്കോട്ട് ചരിഞ്ഞു കിടക്കുന്നു. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിൽ മൂന്നിൽ ഒന്ന് ഭാഗം നെൽപ്പാടവും ബാക്കി ഭാഗം മലകളും സമതലങ്ങളുമാണ്.

മലമ്പ്രദേശങ്ങളിൽ സിംഹഭാഗവും, സോഷ്യൽ ഫോറസ്ററിയുടെ അക്കേഷ്യയും, യൂക്കാലിമരങ്ങളും ബാക്കി ഭാഗം തരിശും സ്വാഭാവിക വനവുമായി കിടക്കുന്നു. മലകളിൽ നിന്ന് പുറപ്പെട്ട് പാടശേഖരങ്ങളിലൂടെ ഒഴുകി ചീരക്കുഴിയിലും, നിളയിലുമായി ചേരുന്ന അഞ്ച് പ്രധാനപ്പെട്ട തോടുകൾ ഉണ്ട്. ഈ തോടുകൾ അത്രയും മഴക്കാലം കഴിയുന്നതോടെ വററിവരളുകയാണ് പതിവ് സ്വാഭാവിക വനങ്ങളുടെ കുറവും യൂക്കാലിപ്ററസ്ന്റേയും, അക്കേഷ്യയുടേയും ആധിക്യവും തരിശു കിടക്കുന്ന മലമ്പ്രദേശവും ആണ് ഇതിന് വഴിവെയ്ക്കുന്നത്.

മലമ്പ്രദേശങ്ങളിൽ കറുപ്പു കലർന്ന ചെളിമണ്ണും ചെറിയ പാറകൂട്ടങ്ങളും, മണൽ കലർന്ന മണ്ണുമാണ് കണ്ടുവരുന്നത്. മലമ്പ്രദേശത്തിന്റെ കിടപ്പും, നിലവിലുള്ള സസ്യാവരണവും വെള്ളത്തിന്റെ ദൗർലഭ്യം വേനൽ കാലത്ത് വളരെരൂക്ഷമാക്കുന്നു. മലമ്പ്രദേശം പ്രധാനമായും നാലായി തിരിച്ചിരിക്കുന്നു. അവ ചേലക്കോട്, പ്ലാൻന്റേഷൻ, കായാംപൂവ്വം, കണ്ടൻചിറ എന്നിങ്ങനെയാണ്. ഇതിൽ ചേലക്കോടുള്ള. കോരകുന്നാണ് ഏററവും ഉയരമുള്ള പ്രദേശം. താഴ്വാരത്തു നിന്ന് ഏതാണ്ട് 400 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന. ഈ ഭാഗത്താണ് സ്വാഭാവിക വനങ്ങൾ ഉള്ളത്. കൂടാതെ റബ്ബറും, കശുമാവും, കപ്പയും മററു വൃക്ഷ വിളകളും കൃഷി ചെയ്തു വരുന്നു. മണ്ണൊലിപ്പ്താരതമ്യേന കൂടുതലായതിനാൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കേണ്ടതും മണ്ണൊലിപ്പ് കൂട്ടുന്ന വിളകളുടെ കൃഷി മലം ചെരുവുകളിൽ നിരുത്സാഹപ്പെടുത്തേണ്ടതുമാണ്. ഈ പ്രദേശത്ത് ജനവാസം കുറവാണ്. കായാംപൂവ്വത്തിന് അതിന്റെ പേര് സിദ്ധിച്ചതിന് പുറകിൽ ഒരു ചരിത്രമുണ്ട്. പണ്ട് കായാംപൂ എന്ന വൃക്ഷം അവിടെ ധാരാളമായി ഉണ്ടായിരുന്നുവത്രെ. ഇന്ന് ഈ പ്രദേശത്തിന് പഴയ മനോഹാരിത അവകാശപ്പെടാനില്ലെന്നതോ പോകട്ടെ യൂക്കാലിപിററസ് പോലുള്ള മരങ്ങൾ നട്ടുപിടിപ്പിച്ച് മണ്ണിന്റെ സ്വാഭാവികമായിട്ടുള്ള ഈർപ്പം കെട്ടും വന നിബിഡതയും നഷ്ടപ്പെടുത്തിയിരിക്ക കൂടിയാണ്. ഇതു കൂടാതെ റബ്ബറും തിരിശു കിടക്കുന്ന പാറകൂട്ടങ്ങളുമാണ് ഈ പ്രദേശത്തിന്റെ മററു പ്രത്യേകതകൾ ഈ ഭാഗത്ത് മണ്ണൊലിപ്പ് രൂക്ഷമായതിനാൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ്.

ശ്രീ പട്ടം താണുപ്പിള്ള തിരുകൊച്ചി മുഖ്യ മന്ത്രിയായിരുന്ന കാലത്ത് അഭ്യസ്തവിദ്യരായിരുന്ന യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് വേണ്ടി നിലവിലുണ്ടായിരുന്ന വനഭൂമി വെട്ടിതെളിയിച്ച് മൂന്നര ഏക്കർ വീതം കേരളത്തിൻെറ നാനാഭാഗത്തുള്ളവർക്ക് പതിച്ചു നൽകുകയുണ്ടായി. ഈ പരിപാടിയനുസരിച്ച് കൊണ്ടാഴി പഞ്ചായത്തിൽ പതിച്ചു നൽകിയതാണ് ഇന്ന് കാണുന്ന പ്ലാൻേറഷൻ ഏരിയാ.

പ്ലാൻേറഷൻ ഭാഗത്ത് താരതമ്യേന ഉയരം കുറവായതിനാൽ കാർഷികവിളകൾ ധാരാളമായി കൃഷിചെയ്തു വരുന്നു. അതുകൊണ്ടു കൂടിയാണ് ഈ വിളിപ്പേരിൽ ഇവിടം അറിയപ്പെടുന്നത്. പാറക്കൂട്ടം കുറവും, സമൃദ്ധിയായി മണ്ണും ലഭ്യമായതിനാൽ റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക്, കപ്പ, കശുമാവ് എന്നീ കാർഷികവിളകൾ ഇവിടെ ധാരാളമായി കൃഷി ചെയ്തു വരുന്നു. ചെറിയ തോതിലുള്ള മണ്ണു സംരക്ഷണ പ്രവർത്തനങ്ങളും ചരിഞ്ഞ പ്രദേശങ്ങളിൽ കപ്പ, ചേന, ചേമ്പ് തുടങ്ങിയ വിളകൾ ഒഴിവാക്കുന്നത് മണ്ണൊലിപ്പ് തടയും. വളരെ ജന നിബിഡമായ പ്രദേശമാണ്.

കണ്ടംചിറ ഭാഗം ഉയരം കൂടിയതും, യൂക്കാലി മരങ്ങൾ ധാരാളമായിട്ടുള്ളതുമായ ഭാഗമാണ്. റബ്ബർ, തെങ്ങ്, കവുങ്ങ്, കശുമാവ് തുടങ്ങി മററു വൃക്ഷവിളകളും ആണ് ഇവിടെ പ്രധാനമായും കൃഷി ചെയ്തു വരുന്നത്. പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണത്തിൻെറ 45% സമതലമാണ്. സമതല പ്രദേശങ്ങൾ പാടശേഖരങ്ങൾക്ക് ഇടയിലുള്ള ഭാഗത്ത് വിന്യസിക്കപ്പെട്ടു കിടക്കുന്നു. നേരത്തേ ഞാററടി തയ്യാറാക്കാൻ ഇട്ടിരുന്ന പള്ളിഞ്ഞാലുകളും ഇതിലുൾപ്പെടും. ഇവിടെ പ്രധാനമായും തെങ്ങ്, റബ്ബർ, കവുങ്ങ്, കശുമാവ്, പ്ലാവ്, പുളി, മാവ്, വാഴ, പച്ചക്കറി എന്നീ വിളകളും കൂടാതെ തടിക്കും, വിറകിനും, പച്ചിലയ്ക്കുമുതകുന്ന വൃക്ഷങ്ങളും, കുററിച്ചെടികളും ഉള്ള ഭൂപ്രദേശമാണ്. പൊതുവെ ചുവപ്പുരാശി കലർന്ന മണ്ണാണ്. ചില സ്ഥലത്ത് വെട്ടുകല്ലും, മണൽ കലർന്ന ചെളിമണ്ണാണ് ഉള്ളത്. ജൈവാംശവും, പശിമയും താരതമ്യേന കുറവാണ്. ഏതാണ്ട് മിക്ക കിണറുകളും വേനലിൽ വററുന്നു. പഞ്ചായത്തിലെ അധികം ജനവും താമസിക്കുന്നത് ഈ മേഖലയിലാണ്.

ഇരുപത്തെന്നോ പാടശേഖരങ്ങളിലായി ഏകദേശം ആയിരം ഹെക്ടർ സ്ഥലത്ത് പഞ്ചായത്തിൻെറ നെൽപ്പാടം സ്ഥിതി ചെയ്യുന്നു. നെൽപ്പാടം അത്രയും ഇരുപ്പു കൃഷിയാണ്. ഏകദേശം 33% വിസ്തീർണ്ണം ഈ മേഖലയ്ക്കുണ്ട്, അതുകൊണ്ട് തന്നെ പഞ്ചായത്തിൻെറ ഏററവും വലിയ മുഖമുദ്ര തന്നെ നെൽകൃഷിയും, അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമാണ്. ജില്ലയിലെ ഏററവും കൂടുതൽ നെല്ലുൽപ്പാദിപ്പിക്കപ്പെടുന്ന ഒരു പ്രദേശമാണിവിടം. നെൽപ്പാടങ്ങൾക്ക് തനതായ ഒരു മൺഘടനയും, അതിനേറതായ ഒരു രാസ—ജൈവ സൂക്ഷമ കാലാവസ്ഥയും, അവകാശപ്പെടാനുണ്ട്. മണൽകലർന്ന ചെളിമണ്ണും, അലൂവിയൽ മണ്ണും, ചുവപ്പു കലർന്ന ചെളിമണ്ണുമാണ് പ്രധാനമായും കണ്ടുവരുന്നത്.

## 2 കാലാവസ്ഥ

ഏകദേശം 260 സെ. മീ. മഴ വർഷം ലഭിക്കുന്ന തെക്കു—പടിഞ്ഞാറൻ കാലവർഷമാണ് ശക്തം. നവംബറിൽ കാലവർഷം പിൻവാങ്ങുന്നു. വേനൽ ആറു മാസമുണ്ട്. വേനലിൽ മഴ കിട്ടുന്നുണ്ടെങ്കിലും, ചില വർഷങ്ങളിൽ ചതിക്കാറുണ്ട്. അന്തരീക്ഷ ഊഷ്മാവ്, 21—37° C വരെയാണ്. പ്രധാനമായും മഴക്കാലവും, വേനൽക്കാല

വുമാണ് ഉള്ളത്. ഇതിനിടയിൽ നവംബർ, ഡിസംബർ, ജനുവരി എന്നീ മാസങ്ങളെ തണുപ്പു കാലമായി വിശേഷിപ്പിക്കാം. അതോടൊപ്പം തന്നെ ഫെബ്രുവരി വരെ നീളുന്ന പാലക്കാടു ചുരത്തിൽ കൂടിയുള്ള വരണ്ട കാററ് ഇവിടെ അനുഭവപ്പെടുന്നു.

തുലാവർഷം മിക്ക വർഷങ്ങളിലും ദുർബലമാകുകയാണ് പതിവ്. ആ വർഷങ്ങളിൽ വേനൽ സ്വാഭാവികമായും, ദുസ്സഹമാണ്. വേനൽ മഴ മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിലാണ്.

## 3 ജലലഭ്യത

നേരത്തെ വിവരിച്ചപോലെ ഈ പ്രദേശത്തിൻെറ പ്രത്യേകമായ ഭൂപ്രകൃതി അനുസരിച്ച് പെയ്യുന്ന മഴയത്രയും, ക്ഷണനേരം കൊണ്ട് ഒലിച്ച് പുഴയിലെത്തുന്നു. മണ്ണിൽ ഊർന്നിറങ്ങി ഭൂഗർഭജലസമ്പത്ത് ഇതു മൂലം വർദ്ധിക്കുന്നില്ല. പഞ്ചായത്തിൻെറ അതിർത്തിയിലും പുഴയാണ്. പുഴയിൽ വെള്ളം പെരുകുന്ന അവസരത്തിൽ കിണറുകളിലും, ജലാശയങ്ങളിലും, ജലവിതരണം ഉയരുമെങ്കിലും, പുഴ വററുന്നതോടെ ഇവയും പൊതുവേ വററുന്നു. മൂന്നു ഇറിഗേഷൻ സ്കീമുകൾ നിലവിലുണ്ട്. ഇതിൽ ഒലിച്ചി സ്കീമും, കണ്ടംചിറ സ്കീമും ഇന്ന് തീർത്തും പ്രവർത്തനക്ഷമമല്ല സമതല പ്രദേശത്തും, നെൽപ്പാടത്തും, കിണറുകളും ജലാശയങ്ങളുമുണ്ട്. പക്ഷെ അവയും വേനലിൻെറ മൂർദ്ധന്യാവസ്ഥയിൽ വരളുന്നു. പടിഞ്ഞാറു ഭാഗം മലകളായതിനാൽ സാദ്ധ്യമായ ഭാഗങ്ങളിൽ തടയണകൾ കെട്ടുന്ന പക്ഷം പാഴായി പോകുന്ന വെള്ളം സംഭരിക്കുവാൻ മാത്രമല്ല, ഈ സംഭരണികൾ ഉയരമുള്ള ഭാഗത്തായതിനാൽ ഭൂമിയുടെ അടിയിലൂടെയുള്ള വെള്ളത്തിൻെറ ഊർന്നിറങ്ങലിന് കളമൊരുക്കയും, വററുന്ന കുളങ്ങളെയും, ജലശയങ്ങളേയും, ജലസമ്പത്തുള്ളതാക്കി തീർക്കയും ചെയ്യുന്നു.

## 4 മണ്ണ്

പുഴയോടു ചേർന്ന്, കറുത്ത കളിമണ്ണും മണൽ കലർന്ന അലൂവിയൽ മണ്ണുമാണ് ഉള്ളതെങ്കിൽ സമതല പ്രദേശങ്ങളിൽ ചുവപ്പുരാശി കലർന്ന ചെളിമണ്ണും, വെട്ടുകല്ലുമാണ്, മലമ്പ്രദേശത്ത് മണൽ കലർന്ന കറുത്ത മണ്ണാണ് ഉള്ളത്. മലമ്പ്രദേശത്തെ മണ്ണിൽ ജൈവാംശം താരതമ്യേന കൂടുതലാണ്. ഘടനയും കൃഷിക്കു പററിയതാണ്. കൂടാതെ നല്ല നീർവാർച്ചയുമുണ്ട്. എന്നാൽ സമതലത്തിലും, നെൽപ്പാടത്തും ജൈവാംശം താരതമ്യേ കുറവാണ്. മണ്ണിൻെറ ഘടന നെൽപ്പാടങ്ങളിൽ അതിന് മാത്രം പററിയതാണ്. സമതല പ്രദേശങ്ങളാണെങ്കിൽ പൊതുവെ നീർവാർച്ചയുണ്ടെങ്കിലും, ഫലപുയിഷ്ഠി കുറവാണ്.

## 5 ഭൂവിനിയോഗം

പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണം 2989 ഹെക്ടർ ആണ്. ഇതിൽ 1000 ഹെക്ടർ സ്ഥലം നെൽപ്പാടങ്ങൾക്കും, 1200 ഹെക്ടർ സ്ഥലം മററു കൃഷികൾക്കുമാണ് നിലവിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ബാക്കിയുള്ള 789 ഹെക്ടർ സ്ഥലം വനഭൂമി കാർഷികേതരഭൂമി, പാർപ്പിടം, തരിശുഭൂമി എന്നിങ്ങനെയായി വീതിക്കപ്പെട്ടുകിടക്കുന്നു. പഞ്ചായത്തിലെ മുഖ്യ വിള നെല്ലാണ് ഏകദേശം 1000 ഹെക്ടർ സ്ഥലത്ത് 21 പാടശേഖരങ്ങളിലായി വിരിപ്പൂവും, മുണ്ടകനും നെൽകൃഷിചെയ്യുന്നു.

ചിത്രം 1 ഭൂവിനിയോഗം ബാർ ഡയഗ്രം




പുഞ്ചകൃഷിവിരളമാണ്, ഉൽപ്പാദനക്ഷമത കൂടിയ വിത്തിനങ്ങളാണ് വിരിപ്പൂവനെ കിൽ നാടൻ നെല്ലിനങ്ങളം കൂടി മുണ്ടകന് ചിലപാടശേഖരങ്ങളിൽ കൃഷി ചെയ്തു വരുന്നു. നെൽപ്പാടങ്ങളിൽ തന്നെ പുഴ യോടു ചേർന്ന് കിടക്കുന്ന ഭാഗങ്ങളിൽ മററു വേലകളെ അപേക്ഷിച്ച് ഉൽപ്പാദന ക്ഷമത കൂടുതലാണ് മുണ്ടകന് കീടരോഗ ബാധ കൂടുതലാണ്, കന്നുകാലികൾക്ക് തീററക്കായും, പുരമേയാനും വേണ്ട വൈ ക്കോൽ ആവശ്യം കൂടി കണക്കിലെടുത്താണ് നാടൻ നെല്ലിനങ്ങൾ മുണ്ടകൻ കൃഷി ചെയ്യു ന്നത്.

നെൽകൃഷി കഴിഞ്ഞാൽ റബ്ബറും, തെങ്ങും ഏതാണ്ട് 500 ഹെക്ടർ വീതം ഈ പഞ്ചായ ത്തിൽ ഉണ്ട്. റബ്ബറിന് വർദ്ധിച്ച തോതിൽ ജനങ്ങളുടെ ഇടയിൽ താൽപര്യം കണ്ടു വരുന്നു. ഇത് പലപ്പോഴും മററു വിളകളുടെ ചിലവിലും. തീരെ ചേരാത്ത സ്ഥലങ്ങളി ലേക്ക് കൂടി വ്യാപിപ്പിക്കുവാനും അവസര മൊരുക്കുന്നു. റബ്ബറിനോടുള്ള അഭിനിവേശം ആ കൃഷിക്ക് അനർഹമായ അപ്രമാദി ത്വവും, പ്രാമാണിത്വവും വന്നു ചേരുവാൻ അറിയാതെയാണെങ്കിലും ഇടവരുത്തുന്നു. റബ്ബറിനോടുള്ള അമിതമായ പ്രേമം എത്ര മാത്രം ആശാസ്യമാണെന്നും വിള സംതുലി



വെങ്ങാനെല്ലൂർ നീർമറി



സമതല പ്രദേശം



ഏഴുന്നള്ളത്ത് കടവ് എസ്. കൊണ്ടാഴി



കോറാക്കുന്ന് ഉയരമുള്ള മലപ്രദേശം

വ്യവസ്ഥയെ എത്രമാത്രം തകിടം മറിക്കുന്നുവെന്നും നാം ഒരു ആത്മപരിശോധനക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു.

തെങ്ങിന്, റബ്ബറിനുമുള്ളയത്ര തന്നെ വിസ്തീർണ്ണം ഉണ്ട്. തെങ്ങ് കൂടുതലായും പുഴയോട് ചേർന്ന ഭാഗത്താണ് വിന്യസിക്കപ്പെട്ടിരിക്കുന്നത്. അധികവും പൊക്കമുള്ള നാടൻ W C T ഇനങ്ങളാണ്. പകുതിയിലേറെ ഭാഗത്ത് ജലസേചനം ഇല്ലെങ്കിലും ഉൽപാദനക്ഷമത സംസ്ഥാന ശരാശരിയിലും അല്പം കൂടുതലാണ്. സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ കൊണ്ട് കൃഷിയുടെ വ്യാപനത്തിനും, കർഷകരിൽ താൽപര്യമുണർത്തുവാനും സാധിച്ചിട്ടുണ്ട്. ഉൽപാദനക്ഷമതയും, ജലസേചനവും ഉന്നം വച്ചുകൊണ്ടുള്ള വികസന പദ്ധതികൾ ഈ കൃഷിക്ക് ഈ പഞ്ചായത്തിനെ സംബന്ധിച്ചടത്തോളം ഏറ്റവും അനുയോജ്യമായിരിക്കും.

അടുത്തതായി വാഴയാണ് കൂടുതൽ കൃഷി ചെയ്യുന്നത്. അതിൽ തന്നെ നേന്ത്രനാണ് പ്രമുഖ സ്ഥാനം. കൂടാതെ പൂവൻ, ഞാലിപ്പൂവൻ, പാളയം കോടൻ, പൊണ്ണൻ എന്നീ ഇനങ്ങളും. നേന്ത്രൻ അധികവും ജലസേചനസൗകര്യം പുഴയുടെയും, കനാലിന്റെയും അരികിലായി വിന്യസിച്ചിരിക്കുന്നു. ഇത് പറമ്പിലുള്ള സ്ഥലത്തിലാണ് കൃഷി ചെയ്യുന്നത്. അതിൽ തന്നെ ഓണത്തിന് കുലവെട്ടൽ സൗകര്യത്തിനുള്ള നനവാഴയായിട്ടാണ് കൃഷിചെയ്യുന്നത്. മറ്റ് വാഴയിനങ്ങൾ പുരയിടങ്ങളിലാണ് കാര്യമായും കേന്ദ്രീകരിച്ചിരിക്കുന്നത്.

കശുമാവിനും, പച്ചക്കറിക്കും ഏകദേശം ഒരേ വിസ്തീർണ്ണമാണുള്ളത്. കശുമാവ് സമതലത്തിലും മലപ്രദേശങ്ങളിലുമാണെങ്കിൽ പച്ചക്കറി സമതലത്തിലും പുഴയോട് ചേർന്നുള്ള ഭാഗത്തുമായി കിടക്കുന്നു. കൂടാതെ മുണ്ടകൻ കഴിഞ്ഞുള്ള ഇടയിൽ നെൽപാടങ്ങളിലും പച്ചക്കറി കൃഷി ചെയ്യുന്നു. കശുമാവിൽ നാടൻ ഇനങ്ങൾക്കാണ് പ്രാമുഖ്യം. ഉൽപാദന ക്ഷമതയുള്ള ഗ്രാഫ്റ്റുകൾക്ക് പ്രചാരം കിട്ടിവരുന്നതേയുള്ളൂ

മാവ്, പ്ലാവ്, പുളി എന്നീ വൃക്ഷവിളകൾ പ്രത്യേകമായി ആരും തന്നെ കൃഷി ചെയ്യുന്നില്ല. അതൊക്കെ തന്നെ പുരയിടത്തിന്റെ ഭാഗമായിട്ടാണ് കൃഷിചെയ്യുന്നത്.

കൃഷി കഴിഞ്ഞുള്ള ബാക്കി 789 ഹെക്ടർ സ്ഥലം സോഷ്യൽ ഫോറസ്ട്രി, സ്വാഭാവിക വനം, കാർഷികേതര ഭൂമി, പാർപ്പിടം എന്നീ രീതിയിലാണ്. ഇതിൽ ഭൂരിഭാഗവും സോഷ്യൽ ഫോറസ്ട്രിയുടെ യൂക്കാലിപ്റ്റസും അക്കേഷ്യയുമാണ്. നീർമറി പ്രദേശമായ മലപ്രദേശങ്ങളെ യൂക്കാലിപ്റ്റസിന്റെയും, അക്കേഷ്യയുടെയും സാന്നിദ്ധ്യം ആ ഭാഗങ്ങളുടെ ഈർപ്പം പിടിച്ചുനിർത്തുവാനുള്ള കഴിവിനേയും. അതു വഴി സ്വാഭാവികമായിട്ടുള്ള നീരുറവകളേയും വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നത് നിസ്സംശയം ഈ പഞ്ചായത്തിന്റെ ഭൂവിഭവ ചരിത്രം അറിയുന്നവർക്ക് പറയുവാൻ കഴിയും. ഈ ഒരു നിരീക്ഷണം ശരിയാണെന്ന് K F R I. പീച്ചിയിലെ ഗവേഷണങ്ങൾ ശരിവെയ്ക്കുന്നു.

കാർഷികേതര ഭൂമിയിൽ വീടുകളും, റോഡുകളും, കൃഷിക്കുപയുക്തമല്ലാത്ത പാറക്കൂട്ടങ്ങളും ഉൾപ്പെടും.

## 6 ജൈവ സമ്പത്ത്

പഞ്ചായത്തുൾപ്പെടുന്ന ഈ ഭൂവിഭാഗത്തു കാണുന്ന എല്ലാത്തരം സസ്യലതാദികളുടെയും ഒരു പരിച്ഛേദം ഇവിടെയും കാണാൻ സാധിക്കും. യൂക്കാലിപ്റ്റസും, അക്കേഷ്യയും

ഇവിടുത്തെ സ്വാഭാവിക ജൈവ സമ്പത്തിനെ കാര്യമായി ബാധിച്ചിട്ടുണ്ടെങ്കിലും, സസ്യങ്ങളിൽ കൂടുതലായി കാണുന്നതും അപൂർവ്വമായ ഇനങ്ങളെ പററി താഴെ വിവരിക്കുന്നു.

പക്ഷികളിൽ കോഴി, താറാവ്, കാക്ക, കുയിൽ, ചെമ്പോത്ത്, പൊൺമാൻ, മരംകൊത്തി, പൂത്താൻകീരി, എർലാടി, കൂമൻ, കാട്ടുകോഴി, മയിൽ, മൈന, മഞ്ഞക്കിളി, കുരുവികൾ, പരുന്ത്, കൊക്ക്, കൊററി, വേഴാമ്പൽ, കഴുത്തിൽ മുണ്ടുകെട്ടി, കാട, തത്ത എന്നിവ കൂടാതെ പേരറിയാത്ത അനേകം മററു പക്ഷികളും ഇവിടെ കണ്ടു വരുന്നു. മൃഗങ്ങളിൽ പശു, പോത്ത്, കാള, എരുമ, ആട്, പന്നി, മുയൽ, കീരി, മെരുക്, പോക്കാൻ, കാട്ടുപൂച്ച, പൂച്ച, കുറുക്കൻ, നായ, മരപ്പട്ടി, മുള്ളൻ പന്നി, മാൻ, കുരങ്ങ് എന്നിവയും, ഉരഗങ്ങളിൽ അണ്ണാൻ, ഓന്ത്, എലി, ഉടുമ്പ്, ചേര, മൂർഖൻ, അണലി, വെള്ളിക്കട്ടൻ, ഗൗളി, അരണ എന്നിവയും, വെള്ളത്തിൽ കാണുന്ന ജീവികളിൽ പലതരം മത്സ്യങ്ങളും, ആമയും, ധാരാളമായി കണ്ടു വരുന്നു.

തേക്ക്, വീട്ടി, കഴനി, മുരുക്ക്, മുള്ളിലം, മരുത്, പാതിരി, ഇരൂൾ, ആവില്, വാക, ചടച്ചി, പൂള, മുള, കൊന്ന, നെല്ലി എന്നിവ കൂടാതെ പാഴ്മരങ്ങളായ, പാലിട്ട്, അണ്ണക്കര, പൂമരം, പാല, ശീമ കൊന്ന എന്നിവ ഇവിടെ കണ്ടു വരുന്നു. ഇവ കൂടാതെ കഞ്ഞികൂർക്ക, തുളസി, തുമ്പ, തെച്ചി, മുക്കുററി, തഴുതാമ, ചെറുള, കുറുന്തോട്ടി, നറുനീണ്ടി, കീഴാർനെല്ലി, തൊട്ടാവാടി, ആടലോടകം, കാട്ടപ്പ, മുത്തങ്ങ, അരത്ത, ഇഞ്ചി, മഞ്ഞള്, കുരുമുളക്, തിപ്പലി, കച്ചോലം, ആവണക്ക്, ചങ്ങലപരണ്ട, നന്നാരി, കറുകപ്പുല്ല്, ഞെരിഞ്ഞലും, കൂവളം, നിത്യകല്ല്യാണി, നാരകം, തുടങ്ങിയ സുഗന്ധ ഔഷധ സസ്യങ്ങളും, ഇവിടെ സ്വാഭാവികമായി കണ്ടുവരുന്നു.

## മനുഷ്യവിഭവം

പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയായ 1950 ൽ പുരുഷൻമാർ 9349 ഉം സ്ത്രീകൾ 10601ഉം ആണ്. ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീററർ വിസ്തീർണ്ണത്തിന് 667 ആകുന്നു.

ആറു വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം ജനസംഖ്യയുടെ 12.5% മായ 2509 ഉം അതിൽ 1259 ആൺകുട്ടികളും. 1250 പെൺകുട്ടികളുമാണ്. കുട്ടികളുടെ കാര്യത്തിൽ ആൺകുട്ടികൾ പെൺകുട്ടികളേക്കാൾ കൂടുതലും ഇത് പൊതുവായി കാണുന്ന trend ന് വിപരീതവുമാണ് തൃശൂർ ജില്ലയുടെ Sex ratio 10:8.5 ആയിരിക്കേ പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികളിലുണ്ടായ വർദ്ധനവ് കൗതുകകരവും, പഠനാർഹവുമാണ്.

ചിത്രം 2 ജനസംഖ്യയുടെ ബാർ ഡയഗ്രം




പഞ്ചായത്തിൽ മൊത്തമുള്ള 4510 വീടുകളിൽ താമസിക്കുന്നവ 4467 ആണ്. ആളൊഴിഞ്ഞ 43 വീടുകൾ ഒരുപക്ഷെ കാര്യമായ അററകുററപണികൾ വേണ്ടി വരുന്നതിനാലോ ? പരദേശത്തോ ? വിദേശത്തോ ? കഴിയുന്ന കുടുംബങ്ങൾ താല്കാലികമായി താമസിക്കാത്തതുമൂലമോ കൊണ്ടായിരിക്കാം ഏതാണ്ട് ഒരു വീട്ടിൽ 4.42 പേർ വെച്ച് താമസമുണ്ട്.

ജനസംഖ്യയുടെ ഏകദേശം 74% പേർ വിദ്യാസമ്പന്നരാണ് പുരുഷന്മാരിൽ 77.5% പേർ വിദ്യാസമ്പന്നരാണെങ്കിൽ സ്ത്രീകളിൽ 70.7% മാത്രമേയുള്ളൂ. പക്ഷെ എണ്ണത്തിൽ സ്ത്രീകൾ തന്നെയാണ് മുന്നിൽ.

പട്ടികജാതിക്കാർ ജനസംഖ്യയുടെ 23% മായ 4609 പേരിൽ 2200 പുരുഷന്മാരും 2409 സ്ത്രീകളുമാണ്. പട്ടികവർഗ്ഗക്കാർ അപൂർവ്വമാണ് ആളോഹരി സ്ഥല ലഭ്യത 0. 158 ഹെക്ടർ സംസ്ഥാന ശരാശരിയേക്കാൾ (0.13 ഹെക്ടർ) കൂടുതലാണ്.

ബഹുഭൂരിപക്ഷം ജനങ്ങളും കാർഷിക വൃത്തിയിൽ വ്യാപൃതരാണ്. കാർഷിക

വൃത്തിയിൽ നെൽകൃഷിക്കാണ് പ്രഥമ സ്ഥാനം. ഭൂവുടമകളും അതിൽ പണിയെടുക്കുന്ന കർഷകതൊഴിലാളികളും കൂടി ചേർന്ന ഒരു കാർഷിക സമ്പദ്വ്യവസ്ഥയാണ് ഈ പഞ്ചായത്തിലുള്ളത്.

ഒരു ന്യൂനപക്ഷം പരമ്പരാഗത കൈതൊഴിലുകളായ ആശാരിപ്പണി, മൂശാരിപ്പണി, കല്പണി, ചെരിപ്പ് നിർമ്മാണം, കൊട്ട നെയ്ത്ത്, കരുവാൻപ്പണി, എന്നീ മേഖലകളിൽ ഉണ്ട്. ഈ അടുത്തകാലത്തായി കൈത്തറിയും, തയ്യലും, ചെരിപ്പുനിർമ്മാണത്തിലും ഒരു പുത്തനുണർവ്വ് പ്രകടമാക്കുന്നതോടൊപ്പം ഗണ്യമായ ഒരു വിഭാഗം ഈ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നുമുണ്ട്.

പക്ഷെ അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് പററിയ ഒരു തൊഴിൽ മേഖല സർക്കാർ തലത്തിലോ? സ്വകാര്യതലത്തിലോ? ഇല്ലാത്തതിനാൽ തൊഴിൽ തേടി മറുനാട്ടിലോ? വിദേശത്തോ? പോകേണ്ട ദൗർഭാഗ്യകരമായൊരവസ്ഥ ഇന്ന് നിലവിലുണ്ട്.

# വികസന മേഖലകൾ

1 പ്രാഥമിക മേഖല
കൃഷിയും. ജലസേചനവും

## കാർഷിക ചരിത്രം

കൊണ്ടാഴി പഞ്ചായത്തിലെ ഭൂരിപക്ഷം ഭൂമിയും ചില പ്രമുഖ മനകളുടേയും, പ്രാദേശിക ദേവസ്വങ്ങളുടെയും വകയായിരുന്നു. ചെറിയ ഒരു ശതമാനം ഭൂമി മാത്രമായിരുന്നു- പണ്ടാര വകയായിട്ടുണ്ടായിരുന്നത് ഭൂപ്രദേശങ്ങളിൽ നെൽപ്പാടങ്ങൾക്കായിരുന്നു പ്രാമുഖ്യവും, പറമ്പുകൾക്ക് ആകർഷത കുറവായിരുന്നു.

ചേലക്കോട് വില്ലേജിലെ ഭൂമിയിലധികവും മുട്ടുത്താട്ട്മന, മാത്തൂർമന, കൊരട്ടിക്കരമന, ചിറംകര ദേവസ്വം എന്നീ വകയായിരുന്നു. മായന്നൂർ വില്ലേജിലാണെങ്കിൽ പുനർതോട്ട് മന പീടിക്കപ്പറമ്പുമന, ഓട്ടൂർമന, മുണ്ടനാട്ട് മന, തെക്കേമഠം ദേവസ്വം വകയും. എന്നാൽ കൊണ്ടാഴി വില്ലേജിൽ താരതമേന്യ, പണ്ടാര വക ഭൂമിയായിരുന്നു അധികവും ബാക്കിയുള്ളത് പുനർതോട്ടുമന, മായന്നൂർകാവ് ദേവസ്വം വകയും.

ഐക്യകേരള രൂപീകരണത്തോടെ ഭൂപരിഷ്കരണ നിയമങ്ങളിൽ വന്ന സമൂലമായ മാററം, ഭൂവുടമാ ബന്ധങ്ങളിൽ ഒരു പൊളിച്ചെഴുത്ത് നടത്തുകയും കൃഷി നടത്തിയിരുന്ന കുടിയാൻമാർക്ക് കൈവശാവകാശം ചാർത്തികിട്ടുകയും ചെയ്തു. അതുകൊണ്ടു തന്നെ Holding size കുറയുകയും ചെയ്തു.

നെൽകൃഷിക്കായിരുന്ന പ്രമുഖസ്ഥാനം മാത്രമല്ല ആഢ്യതയുടേയും, അന്തസ്സിന്റേയും പ്രതീകമായിരുന്ന നെൽകൃഷി ലാഭകരവുമായിരുന്നു. എന്നാൽ പിന്നീടുണ്ടായ മാററം മററു വിളകളുടെ കടന്നു കയററത്തിനും നെൽകൃഷിയുടെ വിസ്തീർണ്ണ കുറവിനും വഴിതെളിയിച്ചു.

ഇതിൽ ഏററവും പ്രകടമായത് റബ്ബറിന്റെ തള്ളികയററവും, നാടൻ നെല്ലിനങ്ങൾക്കു പകരം പുതിയ നെല്ലിനങ്ങളുടെ വരവുമാണ് അതോടൊപ്പംതന്നെ നൂതന കാർഷിക സങ്കേതങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുകയും, അതനുസരിച്ച് കാർഷിക, സാമൂഹിക സാമ്പത്തിക വ്യവസ്ഥയിൽ മാററങ്ങളുംമുണ്ടായി ഇന്നും പഞ്ചായത്തിന്റെ മുഖ്യ വിളയും മുഖമുദ്രയും, നെൽകൃഷിതന്നെയാണ്. ഏതാണ്ട് 1000 ഹെക്ടർ വിസ്തീർണ്ണത്തിൽ 21 പാടശേഖരങ്ങളിൽ വലുപ്പം കൊണ്ട്മുമ്പിൽ ചേലാക്കാട്, തെക്കുമുറി സമിതിയാണ്. നെൽ കഴിഞ്ഞാൽ അടുത്ത സ്ഥാനം റബ്ബറിനും തെങ്ങിനുമാണ്.

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ മുഖ്യ വിളകളെ കുറിച്ചും വിസ്തൃതിയേ കുറിച്ചും, കൃഷി ചെയ്യുന്ന ഇനങ്ങളെ കുറിച്ചും, പ്രതിപാദിക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | വിളകൾ | വിസ്തീർണ്ണം (ഹെക്ടർ) | ഇനങ്ങൾ |
|---|---|---|---|
| 1 | നെല്ല് | 1000 | ചുവന്ന ത്രിവേണി, ഐശ്വര്യ, കുഞ്ഞുകുഞ്ഞ്, പൊൻമണി, ഭവാനി, ചിറ്റേനി, അഹല്യ |
| 2 | റബ്ബർ | 500 | R R H-105, GT-1<br>R R 1 M-600 |
| 3 | തെങ്ങ് | 500 | W C T, T × D. ഗൗളീഗാത്രം<br>Chavackad dwarf Orange |
| 4 | വാഴ | 60 | നേന്ത്രൻ, പൂവൻ, പാളയം കോടൻ, പൊണ്ണൻ, റോബസ്റ്റ, ഞാലിപ്പൂവൻ |
| 5 | കശുമാവ് | 25 | നാടൻ, കനക, ധന |
| 6 | പച്ചക്കറി | 25 | പയർ (കനകമണി, കുരുത്തോല, കൃഷ്ണമണി) പാവൽ (നാടൻ, പ്രിയ) വെണ്ട, മുളക്, മത്തൻ, കുമ്പളങ്ങ, കോവയ്ക്ക, വഴുതിന, ചീര (10 കണ്ണാറ,) പടവലം |
| 7 | കുരുമുളക് | 10 | കരിമുണ്ട, പന്നിയൂർ |
| 8 | മററു വിളകൾ | 80 | കവുങ്ങ്, കാപ്പി, ജാതി, ചേന, ചേമ്പ്, തുടങ്ങിയ |

ഉൽപ്പാദന ക്ഷമത : നെൽകൃഷിയുടെ ഉൽപ്പാദന ക്ഷമത ഹെക്ടറിന് രണ്ടര ടണ്ണിലധികം വരും. ശാസ്ത്രീയ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായവും, വളപ്രയോഗവും, അവലംഭിക്കുകയും, സസ്യ സംരക്ഷണ പ്രവർത്തനങ്ങളും സർവ്വോപരി ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം ശക്തിപ്പെടുത്തുകയും ചെയ്യുന്ന പക്ഷം ഉൽപ്പാദന ക്ഷമത ഇനിയും, ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ ഉൽപ്പാദനച്ചിലവിനും സമയാസമയങ്ങളിൽ ആവശ്യമായി വരുന്ന പക്ഷം ലളിത വ്യവസ്ഥയിൽ വായ്പാ സൗകര്യം ലഭ്യമാക്കുകയും, മാന്യമായ വില ലഭിക്കത്തക്ക വിധത്തിൽ സംഭരണ - സംസ്ക്കരണ—വിപണ രംഗത്ത് ഗ്രൂപ്പ് ഫാമിങ് സൊസൈററികളെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

തെങ്ങിന്റെ ഉൽപാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ, കൂടുതലാണ്. ഈ മേഖല നേരിടുന്ന ഏററവും വലിയ പ്രശ്നം ജലസേചനമാണ്. ജലസേചന സൗകര്യങ്ങൾ ഇനിയും കൂട്ടുന്നതിനുള്ള പദ്ധതികൾ താമസിക്കാതെ അവലംബിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പംതന്നെ ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾക്ക് പകരം, നല്ലയിനം തൈകൾ കൃഷിക്ക് ഉപയുക്തമാക്കേണ്ടിയിരിക്കുന്നു. ഇവിടെയും മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായവും, വളപ്രയോഗവും, മററു സസ്യസംരക്ഷണ പ്രവർത്തനങ്ങളും ലക്ഷ്യമിടേണ്ടതാണ്. കൂടാതെ തെങ്ങുകൃഷിയെ ചൂഷണ വിമുക്തമാക്കി കർഷകന് ആദായകരമാക്കുവാൻ ആവശ്യം വേണ്ടുന്ന സംസ്കരണ-വിപണന മേഖലകൾ വികസിപ്പിക്കുവാൻ ഊന്നൽ കൊടുക്കേണ്ടതാണ്. ഇവിടെയാണ് ചകിരിനാര്, ചിരട്ടക്കരി എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായ ഉൽപന്നങ്ങളുടെയും, ചിരട്ടയും, ചകിരിയും ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്തുക്കളുടെയും പ്രസക്തി. ഇതിനോടൊപ്പം കരിക്കിൻ വെള്ളം കേടുകൂടാതെ സൂക്ഷിക്കാവുന്ന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി, ലഘുപാനീയ മേഖലയും വികസിപ്പിച്ചെടുക്കാവുന്നതാണ്.

റബ്ബർ ഈ പഞ്ചായത്തിന്റെ ഒരു പ്രമുഖ നാണ്യവിളയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ റബ്ബറിന്റെ പ്രതിഹെക്ടർ ഉൽപാദനം വർദ്ധിപ്പിക്കാനുതകുന്ന മാർഗങ്ങൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഒന്നാമതായി ഉൽപാദനക്ഷമത കൂടിയ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് പ്രചാരം കൊടുക്കുന്നതോടൊപ്പം, മണ്ണിന്റെയും ഇല പരിശോധനയുടെയും അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗം നടത്തുന്നത് ഉചിതമായിരിക്കും.

വാഴകൃഷിയിൽ ഓണക്കാലത്തെ ലാക്കാക്കി വാണിജ്യാടിസ്ഥാനത്തിലുള്ള നേന്ത്രകൃഷിക്കാണ് പ്രാമുഖ്യം. കുറുനാമ്പു രോഗവും, തണ്ടുതുരപ്പൻ വണ്ടുമാണ് വാഴയെ ബാധിക്കുന്ന പ്രധാന ശത്രുക്കൾ. ഇതിനെതിരെയുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ വാഴകൃഷിയുടെ വിജയത്തിന് ആവശ്യമായ ഘടകമാണ്. ഇതിനോടൊപ്പം തന്നെ ലളിത വ്യവസ്ഥയിൽ വായ്പാസൗകര്യം സംഘടിപ്പിക്കേണ്ടിയിരിക്കുന്ന ഇവിടെയും, സംഭരണ-സംസ്കരണ-വിപണന സംവിധാനം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

കശുമാവിൽ ഭൂരിപക്ഷവും നാടൻ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. നാടൻ മാററി വളരെയധികം ഉൽപാദനക്ഷമമായ ഗ്രാഫ്ററുകൾക്ക് പ്രാധാന്യം കൊടുക്കുകയും, സസ്യസംരക്ഷണ മാർഗ്ഗങ്ങൾ സമയാസമയങ്ങളിൽ പ്രയോഗിക്കുകയും ചെയ്യണം.

കുരുമുളക് കൃഷിയിൽ അവിശ്യം അവലംബിക്കേണ്ടത് തോട്ടങ്ങളുടെ ആരോഗ്യകരമായ പരിപാലനമാണ്. രോഗാതുരമായ വള്ളികൾ നശിപ്പിക്കുന്നതോടൊപ്പം രോഗം വരുവാനുള്ള സാഹചര്യം ഒഴിവാക്കി ജലസേചന സൗകര്യവും വർദ്ധിപ്പിക്കേണ്ടതാണ്.

## ജലസേചന സൗകര്യങ്ങൾ

ചീരക്കുഴി ലിഫ്ററ് ഇറിഗേഷന്റെ ഭാഗമായ കനാൽവഴി ഈ പഞ്ചായത്തിലെ ഒമ്പത് പാടശേഖരങ്ങൾക്കും ജലസേചന സൗകര്യം മുണ്ടകൻ കൃഷിക്ക് കിട്ടുന്നുണ്ട്. ഇതോടനുബന്ധിച്ച് കാഡ സ്കീമുകൾ നെല്ലിനും വാഴക്കും പ്രയോജന പ്രദമാകുന്നുണ്ട്. മററുള്ള പാടശേഖരങ്ങളിൽ നിലവിലുള്ള കുളങ്ങളും, ജലാശയങ്ങളും വേനലിൽ വററി വരളുന്നതിനാൽ പലപ്പോഴും ഉപകാരപ്രദമാകുന്നില്ല. നിലവിലുള്ള കണ്ടം ചിറ, ഒലിപ്പി എന്നീ ജലസേചനത്തിനുള്ള സ്കീമുകൾ മണ്ണ് തൂർന്നതിനാലും, അററകുററപ്പണികൾ ഇല്ലാത്തതിനാലും ഉപയോഗക്ഷമമല്ല. പക്ഷെ വളരെയധികം സാദ്ധ്യതയുള്ള, പല വിധത്തിലും ഉപയോഗപ്രദമാക്കാവുന്നവയാണവ.

നേരത്തെ ഭൂപ്രകൃതിയിൽ പ്രസ്താവിച്ചതുപോലെ പാടശേഖരങ്ങാം മിക്കവയും മലയോടടുത്താണ് കിടക്കുന്നത്. മലമ്പ്രദേശങ്ങളിൽ യൂക്കാലിപ്റ്റസിന്റെയും, അക്കേഷ്യയുടെയും, വരവ് അവിടേയുള്ള സ്വാഭാവിക നീരുറവകളെയും, ജലലഭ്യതയേയും, ഫലപുഷ്ടിയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൃഷിഭവൻ മുഖേന ജലസേചനാർത്ഥമുള്ള വളരെയധികം സ്കീമുകാം പ്രയോഗത്തിൽ വരുത്തിയെങ്കിലും യൂക്കാലിയുടെ സാന്നിദ്ധ്യം മൂലം പര്യാപ്തമായിട്ടില്ല.

## ഉൽപാദനങ്ങളുടെ വിലയും വിപണനവും

കർഷകന് ന്യായമായ വില തന്റെ ഉൽപന്നത്തിന് കിട്ടുന്നുണ്ടെങ്കിൽ അത് റബ്ബറിന് മാത്രമാണ്. റബ്ബർ മേഖലയെപോലെ നെല്ലിനും, തേങ്ങയ്ക്കും, വാഴക്കും മററു വിളകാംക്കും ന്യായവില ഉറപ്പാക്കുന്ന വിപണന സംവിധാനം ആലോചിക്കേണ്ടിയിരിക്കുന്നു.

കൊയ്ത്തോടെ നെല്ല് മൊത്തത്തിൽ കർഷകരിൽ നിന്നും വങ്ങിച്ച് ഇടനിലക്കാർ അമിതലാഭം കൊയ്യുന്ന ഒരു സ്ഥിതി വിശേഷമാണുള്ളത്. ഏകദേശം വിലയുടെ 10 മുതൽ 15% വരെ ഈയിനത്തിൽ ഇടനിലക്കാരന് കിട്ടുന്നുണ്ട്. കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു ന്യായവില ഉറപ്പാക്കുന്ന നെല്ല് സംഭരണ സൊസൈററികളോ? മററു സംവിധാനങ്ങളോ നിലവിലില്ല. ഇതരുണത്തിൽ സുസംഘടിതമായ ഒരു നെല്ല് സംഭരണ സംസ്ക്കരണ-വിപണന സംവിധാനത്തെക്കുറിച്ച് ചിന്തിക്കാവുന്നതാണ്. തെങ്ങിന്റേയും സ്ഥിതി വിഭിന്നമല്ല. കർഷകന് ആദായവില ഉറപ്പാക്കുന്ന ഒരു സംവിധാനം എന്തുകൊണ്ടും സ്വാഗതാർഹമാണ്.

വാഴയ്ക്കുള്ള ഏററവും വലിയ ഒരു ദുരവസ്ഥ ഓണം കഴിയുന്നതോടെ കർഷകന് വാഴക്കുല പകുതിയിലും താഴെ വിലക്ക് കൊടുത്ത് അന്യായമായ നഷ്ടം സഹിക്കേണ്ടിവരുന്നു എന്നതാണ്. ഇവിടെയും ഓണം കഴിഞ്ഞാലും കർഷകന് ന്യായവില ലഭിക്കത്തക്ക സംസ്ക്കരണ-മൂല്യ വർദ്ധിത സംവിധാനത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്

## കാർഷിക ബന്ധങ്ങൾ

ആളോഹരി സ്ഥലലഭ്യത സംസ്ഥാന ശരാശരിയായ 0 13 ഹെക്ടറേക്കാറം കൂടുതലാണ്. അതായത് 0.158 ഹെക്ടർ വൻകിട കർഷകർ (> 5 acre) ഏററവും കുറവും അതു കഴിഞ്ഞാൽ ചെറുകിട കർഷകരും, (2.5 acre) ഏററവും കൂടുതൽ നാമമാത്ര കർഷകരുമാണ് (< 2 acre). നേരത്തെയുള്ളതിനേക്കാറം വൻകിടക്കാരുടെ എണ്ണം കുറയുകയും, നാമമാത്ര കർഷകരുടെ എണ്ണം കൂടുകയും ചെയ്തു.

പരമ്പരാഗതമായി കാർഷിക മേഖലയിൽ വ്യാപൃതരായിരുന്ന കർഷകത്തൊഴിലാളി കുടുംബങ്ങളിലെ പുതിയ തലമുറ ഇതര മേഖലകാം തേടി പോകുന്നതിനാൽ തൊഴിലാളി ദൗർലഭ്യത രൂക്ഷമായികൊണ്ടിരിക്കുന്നു അതുകൊണ്ടുതന്നെ സ്വന്തം കൃഷിയിടത്തിൽ കൃഷിചെയ്യുന്ന കർഷകരുടെ എണ്ണം ചെറിയ തോതിലാണെങ്കിലും, വർദ്ധിക്കുന്നുണ്ട്,

## കൂലി സേവന വ്യവസ്ഥകൾ

ഏററവും കൂടുതൽ പേർ തൊഴിലെടുക്കുന്നത് നെൽകൃഷിയിലാണ്. നെൽകൃഷിയുടെ എല്ലാ പണിക്കും പുരുഷതൊഴിലാളിയ്ക്ക് 70.75കയും സ്ത്രീതൊഴിലാളിയ്ക്ക് 35.40കയും കിട്ടുമ്പോറം തേങ്ങയിടുന്നതിന് തെങ്ങൊന്നിന് 4 രൂപ വെച്ച് കിട്ടുന്നുണ്ട്. ഇത് സർക്കാർ അംഗീകരിച്ച നിരക്കിനേക്കാറം അധികമാണ്. ഇത് സൂചിപ്പിക്കുന്നത് ഈ മേഖലയിലെ തൊഴിലാളിക്ഷാമമാണ്.

റബ്ബറിന്റെ കാര്യത്തിൽ ടാപ്പറിന് മരമൊന്നിന് 18 പൈസ മുതൽ 25 പൈസ വരെ കിട്ടുന്നു.

## വള ഉപഭോഗം

കൃഷിഭവൻ പരിധിയിൽ മൂന്ന് വള റീട്ടെയിൽ ഡിപ്പോകളാണ് ഉള്ളത്. പ്രധാനമായും, FACT ന്റേയും, Indian Potash ന്റേയും, വളങ്ങളാണ് ഇവയിലൂടെ വിൽക്കപ്പെടുന്നത്. ഡിപ്പോകളിൽ ഒരെണ്ണം സഹകരണ സൊസൈറ്റിയും മററു രണ്ടെണ്ണം സ്വകാര്യ ഡിപ്പോകളുമാണ്. പഞ്ചായത്തിന്റെ മൂന്നു ഭാഗത്തായി സ്ഥിതി ചെയ്യുന്നതുകൊണ്ട് കർഷകർക്ക് വളരെ സൗകര്യപ്രദമാണ്. രാസവളങ്ങളുടെ ഗുണനിലവാര നിയന്ത്രണം കൃഷിഭവൻ വഴി ഉറപ്പുവരുത്തുന്നുണ്ട്.

കഴിഞ്ഞ ഒരു വർഷം ചിലവായ വളങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നുണ്ട്. വളങ്ങളിൽ ഏററവും കൂടുതൽ ചിലവ് യൂറിയക്കും, ഏററവും കുറവ് അമോണിയ സൾഫേററിനുമാണ്. കൂടാതെ ചിലവായ കീട-കുമിൾ നാശിനിയുടെ പട്ടികയും കൊടുക്കുന്നു.

### പട്ടിക 2

| ക്രമ നമ്പർ | വളത്തിന്റെ പേര് | അളവ് kg. |
|---|---|---|
| 1 | യൂറിയ | 61046 |
| 2 | മസൂരി ഫോസ് | 15410 |
| 3 | 18: 18: 18. | 15000 |
| 4 | മ്യൂറേററ് ഓഫ് പൊട്ടാഷ് | 13200 |
| 5 | ഫാക്ടം ഫോസ് | 10500 |
| 6 | 17: 17: 17 | 9010 |
| 7 | 10: 26: 26 | 8700 |
| 8 | 12: 12: 12 | 1700 |
| 9 | 10: 5: 20 | 1350 |
| 10 | 8: 8: 16 | 1315 |
| 11 | 12: 6: 6 | 1100 |
| 12 | അമോണിയ സൾഫേററ് | 701 |

## പട്ടിക 3

| ക്രമ നമ്പർ | കീട-കുമിൾ നാശിനിയുടെ പേര് | അളവ് |
|---|---|---|
| 1 | BHC 50% | 340 kg |
| 2 | BHC 10% | 291 kg |
| 3 | ഫ്യൂറഡാൻ | 126 kg |
| 4 | തുരിശ് | 36 kg |
| 5 | ഫോറേററ് | 35 kg |
| 6 | നുവക്രോൺ | 47 lit |
| 7 | ഇൻഡോഫിൽ 745 | 27 lit |
| 8 | എക്കാലക്സ് | 23 lit |
| 9 | ഡൈമക്രോൺ | 19 lit |
| 10 | സുമിസിഡിൻ | 7 lit |
| 11 | സെവിൻ | 7 kg |
| 12 | എൻഡോസൾഫാൻ | 7 lit |
| 13 | ബാവിസ്ററിൻ | 5 lit |
| 14 | മാലത്തിയോൺ | 2 lit |

ഇതോടൊപ്പം തന്നെ പച്ചില ധാരാളം ലഭിക്കാനുള്ളതു കൊണ്ട് രാസ വളങ്ങളുടെ അളവിനേക്കാൾ കൂടുതലായി പച്ചിലയും. ചാണകവും, എല്ലാ കൃഷിയും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതു കൂടാതെ മുണ്ടകൻ കഴിഞ്ഞും പാടത്ത് പയറുവർഗ്ഗങ്ങളും പച്ചില വിത്തുകളും കൃഷി ചെയ്യുന്നുണ്ട്.

### പ്രശ്നങ്ങൾ

1 നൂതന ശാസ്ത്ര-സങ്കേതിക വിദ്യകൾ കാർഷിക മേഖലയിൽ പ്രയോഗത്തിൽ വരുത്തുക.

2 ഗ്രൂപ്പ് ഫാമിങ് പ്രവർത്തനം ശക്തമാക്കുക.

3 മലപ്രദേശങ്ങളിലെ യൂക്കാലിപ്ററസ്. അക്കേഷ്യ മുതലായവ മാററി പകരം ഫല വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുക.

4 പാടശേഖര സമിതികൾ മുഖേന വിത്ത്-വളം, കുമിൾ കീടനാശിനികൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

5 നെൽകൃഷി മേഖലയിൽ ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, വിന്നോവർ, പമ്പ് സെററ് തുടങ്ങിയ യന്ത്രങ്ങൾക്ക് നിലവിലുള്ള സബ്സിഡി വർദ്ധിപ്പിച്ച് യന്ത്രവൽക്കരണം ത്വരിതപ്പെടുത്തുക.

6 നെല്ലുൽപ്പാദകർക്കുള്ള ഉൽപ്പാദന ബോണസ് വർദ്ധിപ്പിക്കുന്നതോടൊപ്പം ക്ഷേമനിധിയും പെൻഷനും നടപ്പിലാക്കുക.

7 കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.

3 പ്രധാനപ്പെട്ട കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്ന ഒരു മാർക്കറ്റിങ്ങ് സഹകരണ സംഘം ആവശ്യമാണ്.

9 കാർഷിക തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പഞ്ചായത്തു തലത്തിൽ ഏകീകരിക്കുക.

10 കണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ വള പ്രയോഗത്തിന് ഊന്നൽ നൽകുന്നതോടൊപ്പം ജൈവ വളങ്ങൾക്കും മുൻതൂക്കം നൽകുക.

11 നാണ്യവിളകൾക്ക് സബ്സിഡി വർദ്ധിപ്പിക്കുക.

12 അടുക്കള പച്ചക്കറിതോട്ടത്തിനും, ഓർക്കിഡ്, അന്തൂറിയം, കുറ്റിമുല്ല തുടങ്ങിയ ഉദ്യാന കൃഷികൾക്കും പ്രാധാന്യം നൽകി പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം സ്വകാര്യ നഴ്സറികൾക്ക് ധനസഹായവും നൽകുക.

13 ഔഷധസസ്യങ്ങളുടെ നടീൽ വസ്തുക്കൾ സൗജന്യമായി നൽകി ആവശ്യമായ ബോധവൽക്കരണം നടത്തുക.

14 കർഷകർക്ക് യഥാസമയം വായ്പ കുറഞ്ഞ പലിശക്ക് ലഭ്യമാക്കുകയും ലോൺ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഒരു പൊതു മേഖല, ബാങ്കിന്റെ ശാഖ സ്ഥാപിക്കേണ്ടതാണ്.

15 കൈവശ ഭൂമിയ്ക്ക് പട്ടയം ലഭിക്കേണ്ട കർഷകർക്ക് പട്ടയം നൽകുക.

16 കൃഷിക്ക് ഉപയുക്തമായ തരിശു ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് കൃഷിയിറക്കുവാനായി പാട്ടത്തിനോ ? മറ്റേ കർഷകർക്ക് നൽകേണ്ടതാണ്.

17 ചീരക്കുഴി കനാലിന്റെ അറ്റകുറ്റപണികൾ യഥാസമയം നടത്തി ജലസേചന സൗകര്യം കാര്യക്ഷമമാക്കുകയും, കനാൽ ബണ്ട് കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗമാകുന്ന വിധം ഗതാഗത യോഗ്യമാക്കുക.

18 പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറങ്ങുന്നതിന് ആവശ്യമായ എല്ലാ സ്ഥലത്തും കനാൽ ബണ്ടിൽ നിന്നും റാമ്പുകൾ നിർമ്മിക്കേണ്ടതാണ്.

19 നിലവിലുള്ള പൊതുകുളങ്ങളും, സ്വകാര്യ കുളങ്ങളും ചേറുകോരി സൈഡ് കെട്ടിയും, ആവശ്യമായ സ്ഥലത്ത് പുതിയ കുളങ്ങൾ കുഴിച്ചും, നീർച്ചോലകളിൽ വശം കെട്ടി തടയിണകൾ നിർമ്മിച്ചും, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

20 പണ്ടാരപാടത്തിലൂടെ ഭാരതപ്പുഴയ്ക്കുള്ള തോട്, രണ്ട്, മൂന്ന് വാർഡുകളിലെ കല്ലംകാട് ഭാഗത്തു നിന്ന് ആരംഭിക്കുന്ന തോട്, ഒമ്പതാം വാർഡിലെ കുഴിതോടിയിൽ നിന്നും ആരംഭിക്കുന്ന കുഴിയാംതോട്, നീലകുളം തോട്, മണ്ണാത്തിത്തോട്, തച്ചോത്ത്പ്പടി തോട്, അപ്പത്ത്പ്പാടം തോട്, പള്ളിപ്പറപ്പടി, വടക്കുംകോണം, വടക്കുമുറി, തെക്കുംമുറി വാഴാടുപാടം എന്നീ പാടശേഖരങ്ങളിലെ തോടുകൾ, പാറോലത്തോട്, ഒമ്പതാം വാർഡിലെ റ്റ്പമേന്റഷനിൽ നിന്നും ആരംഭിച്ച്, ഒലിച്ചി ഡാമിൽ വന്നു ചേരുന്ന തോട്, മായന്നൂർ തെരുവ് ഭാഗത്തെ ത്തോട്, തുടങ്ങിയവ ചേറുകോരി സൈഡ് കെട്ടി സംരക്ഷിക്കുകയും അഞ്ചാം വാർഡിലെ പൊന്തംച്ചീനി കുണ്ട്, പാറോല ത്തോടുമായി ബന്ധിപ്പിക്കുന്ന ഒരു പുതിയ തോടും നിർമ്മിക്കുക.

21 കുണ്ടിക്ക പാറയിൽ ഒരു ചെക്കു ഡാം പണിത് ഒലിച്ചിപാടശേഖരത്തിൽ രണ്ടാം വിളയ്ക്ക് ഉണ്ടാകാവുന്ന വരൾച്ചയ്ക്ക് പരിഹാരം കാണുന്നതിനോടപ്പം പാടശേഖരങ്ങളിലെ ജലനിർഗമന മാർഗ്ഗങ്ങൾ കാര്യ

ക്ഷമമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ കൂടി വികസിപ്പിച്ചെടുക്കേണ്ടതാകുന്നു.

22 പടിഞ്ഞാററർകുളം, മാങ്കുളം, കണ്ണികുളം, കലങ്കണ്ടത്തൂർ അമ്പലകുളം, പുതുകുളം, കണ്ടൻചിറകുളം, ചിറകര അമ്പലകുളം, അത്തിചിറ, കുണ്ടുംകുളം, കുളകുന്നത്ത് കുളം, പുഴങ്ങോടത്തുകുളം, പറമടികുളം, ക്കൊററിയാട്ടിൽകുളം, കാരിയ്യാട്ടിരികുളം, കോലക്കാട്ടുകുളം, താമരകുളം, ഏഴാം വാർഡിലെ കുളകുന്നത്ത്കുളം, മുഡ്യാൻകുളം, നീലകുളം, മിച്ചഭൂമികുളം, ചക്കംകുളം, പണ്ടാരകുളം, പുതുകുളം, പുത്തൻകുളം, കാട്ടുകുളം, ഏലകുളം, കണ്ണൻകുളം, ആനചുണ്ടൻകുളം, അമ്മാട്ടുപാറകുളം, കോലത്തുകുളം, കുഴിങ്ങോടികുളം, കാഞ്ഞങ്ങാട്ടുകുളം എന്നിവ ജലസേചന യോഗ്യമാക്കുക.

23 നിലവിലുള്ള കണ്ടംചിറഡാം, ഒലിച്ചിഡാം, എന്നിവ ടൂറിസത്തിനുകൂടി സാദ്ധ്യമായ വിധത്തിൽ വികസിപ്പിക്കുകയും, പൊന്തൻ ച്ചിനികുണ്ടു ഭാഗത്തും, വാഴാട്ടു ചോല അമ്മാട്ടുകുളമ്പിലും ഓരോ പുതിയ ഡാമുകൾ കൂടി നിർമ്മിച്ച് ജലസേചന യോഗ്യമാക്കുക.

24 നിലവിലുള്ള പാറോലത്തോടിലെ കോറം കുന്നത്ത് ഭാഗത്ത് ചെക്ക്ഡാം വിപുലീകരിക്കുകയും, വടക്കുംകോണം ചോലകൾ, ചേക്കോട്ടുപാറ ഒതുക്കുത്തിചോല, പുത്തൽ പള്ളേൃൽകെട്ട്, പട്ട്രാൻ ചോല, കുഴിയാം തോട് എന്നിവിടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

25 മററു ജലസേചന സൗകര്യങ്ങൾക്ക് സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ കുഴിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.

26 പ്ലാക്കിൽകടവ്, തൃളക്കോട് ഭാഗം, കെട്ടിൽപ്പാടം ഭാഗം, കുഴിയാംമ്പാടം ഭാഗം, എഴുന്നെള്ളത്ത്കടവ്, എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക.

## സാദ്ധ്യതകൾ

### 1 അഗ്രോക്ലീനിക്ക്

കൃഷിയിടങ്ങളിലുണ്ടാകുന്ന കീടരോഗ ബാധകൾ യഥാസമയം കണ്ടെത്തി ഫലവത്തായ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് കർഷകരെസഹായിക്കുവാൻ പഞ്ചായത്തിന്റെ എല്ലാഭാഗത്തും അഗ്രോക്ലീനിക്കുകൾ സജ്ജമാക്കുക.

### 2 ഫ്ളോറിക്കൾച്ചർ

അലങ്കാരചെടികൾക്കും, പുഷ്പങ്ങൾക്കുമുള്ള വർദ്ധിച്ച ആവശ്യകതയും, ആകർഷകമായ വിപണിയും കണക്കിലെടുത്ത് പഞ്ചായത്തിലെ താല്പര്യമുള്ള വനിതകളെയും, മററു സംരംഭകരെയും ഉൾപ്പെടുത്തി പുഷ്പ വിപണന കേന്ദ്രം രൂപീകരിക്കുകയും, അതു വഴി ഇന്നേററവും വിപണന സാദ്ധ്യതയുള്ള ഓർക്കിഡ്, അന്തൂറിയം എന്നീ പുഷ്പങ്ങളുടെ കൃഷിയിൽ ഉൽബുദ്ധരാക്കാവുന്നതും ആണ്.

### 3 ഭക്ഷ്യ-സംസ്ക്കരണ യൂണിററ്

നേന്ത്രനും, കപ്പയും, പാവലും, പയറും, സംസ്ക്കരിച്ച് ചിപ്സും, കൊണ്ടാട്ടവും ആക്കി മൂല്യ വർദ്ധനവ് നടത്തിയതുവഴി കിട്ടുന്ന ആദായം, കർഷകർക്കുകൂടി ലഭിക്കത്തക്ക രീതിയിൽ ഭക്ഷ്യസംസ്ക്കരണ ശാലകൾ അടിയന്തിരമായി ആരംഭിക്കേണ്ടിയിരിക്കുന്നു. ഇതുവഴി നിസ്സാരമല്ലാത്ത ഒരു തൊഴിൽ മേഖലകൂടി തുറന്നു കിട്ടുന്നു.

### 4 കുടുംബ പച്ചക്കറി പദ്ധതി

ആവശ്യമായ പച്ചക്കറിക്കു വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിനാലും, വാങ്ങിക്കുന്ന പച്ചക്കറിയിൽ അമിത

വിഷാംശമുള്ളതിനാലും, കുടുംബ പച്ചക്കറി കൃഷിക്ക് ഊന്നൽ നൽകി പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള ഒരു സമഗ്ര പച്ചക്കറി കൃഷിക്ക് രൂപം കൊടുക്കാവുന്നതാണ്.

## 5 ഔഷധസസ്യ പദ്ധതി

ആയുർവ്വേദ മരുന്നുകൾക്ക് നിലവിലുള്ള വർദ്ധിച്ച പ്രചാരവും, ആവശ്യവും മനസ്സിലാക്കി ഔഷധ സസ്യകൃഷി പഞ്ചായത്തടിസ്ഥാനത്തിൽ വിപുലമാക്കുന്നതോടൊപ്പം വിപണനത്തിനും കൂടാതെ ചെറുകിട മേഖലയിൽ മരുന്നു നിർമ്മാണത്തിനുമുള്ള സംവിധാനം ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തേണ്ടതാണ്.

## 6 ജൈവ-വള കൃഷി

രാസവളങ്ങളുടെ ദുസ്സഹമായ വിലയും, പരിസ്ഥിതി പ്രശ്നങ്ങളും കണക്കിലെടുത്ത് ജീവാണുവളങ്ങളുടെ പ്രചാരം വിപുലീകരിക്കുന്നതിനോടൊപ്പം, മണ്ണിര കമ്പോസ്ററിന്റെയും, മൂണ്ടകൻ കഴിഞ്ഞുള്ള ഇടവേളയിൽ ജൈവവള കൃഷിയുടെയും സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്.

## 7 സാംസ്കാരികം

കർഷകരുടെ ഉറങ്ങിക്കിടക്കുന്ന കലാ-കായിക-സാംസ്ക്കാരിക കഴിവുകളെ തട്ടിയുണർത്തുവാനും അതുവഴി കർഷകരുടെ മാനസിക ഉല്ലാസത്തിനും നവോൻമേഷം പകർന്നുകൊടുക്കുവാനുമുള്ള സാഹചര്യം ഒരുക്കുന്നത് എന്തുകൊണ്ടും അഭികാമ്യമായിരിക്കും.

## രോഗങ്ങൾ

നെല്ലിൽ വിരിപ്പുവിന് കീടബാധ പൊതുവെ കുറവാണെങ്കിലും, ഓലചീയൽ പോലുള്ള കുമിൾ രോഗങ്ങൾ കണ്ടു വരാറുണ്ട്. മൂണ്ടകന് ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ പുഴു, ചാഴി, മുഞ്ഞ എന്നീ കീടങ്ങളുടെ ആക്രമണം കൂടുതലായി ഉണ്ടാകാറുണ്ട്.

തെങ്ങിൽ മണ്ടചീയലും, ഇലപ്പഴുപ്പും ആണ് പ്രധാന രോഗമെങ്കിൽ കൊമ്പൻ ചെല്ലിയുടെയും, ചെമ്പൻ ചെല്ലിയുടെയും, ചാഴിയുടെയും ഉപദ്രവമാണ് കണ്ടുവരുന്നത്. കാററുവീഴ്ച ഈ ഭാഗത്ത് ഇല്ല.

റബ്ബറിൽ ഇലപൊഴിയലും, ചീക്കുരോഗവും, പട്ടമരവിപ്പുമാണ് പ്രധാന രോഗങ്ങൾ. കീടബാധ കാര്യമായി ഇല്ല.

വാഴയിൽ കൂമ്പടപ്പും, വെള്ള കൂമ്പും ആണ് സാധാരണയായി കണ്ടുവരാറുള്ളത്. എന്നാൽ പലപ്പോഴും മാരകമാകുന്നത് കണ്ണപ്പുഴുവിന്റെയും, തണ്ടുതുരപ്പന്റെയും ആക്രമണമാണ്.

കശുമാവിൽ തണ്ടുതുരപ്പൻ പുഴുവും, തേയില കൊതുകുമാണ് പ്രധാനശത്രുക്കൾ. കുരുമുളകിൽ പൊള്ളുവണ്ടാണ് പ്രധാന കീടം. എന്നാൽ ഏററവും മാരകമായത് ദ്രുതവാട്ടമാണ്. ഇതുകൂടാതെ ഇലപഴുപ്പും, സാവധാന വാട്ടവും കണ്ടുവരുന്നു.

പച്ചക്കറികളിൽ കണ്ടുവരുന്നത് ഇലകുരുടിപ്പ്, മൊസൈക്ക്, ഇല മഞ്ഞളിപ്പ്, കായീച്ച, കാവണ്ട്, തണ്ടുതുരപ്പൻ, ചാഴി, തുടങ്ങിയ രോഗ കീട ബാധകളാണ്.

## വായ്പാസൗകര്യങ്ങൾ

കൊണ്ടാഴി സഹകരണ ബാങ്കും, മായന്നൂർ സൗത്ത് ഇൻഡ്യൻ ബാങ്കുമാണ് പഞ്ചായത്തിലുള്ള ധനകാര്യ സ്ഥാപനങ്ങൾ. കൂടാതെ കുന്ദംകുളം സ്റേററ് ബാങ്ക് ഓഫ് ഇന്ത്യയും, ചേലക്കര കനറാ ബാങ്കുമാണ് വായ്പ നൽകുന്ന മററു ധനകാര്യ സ്ഥാപനങ്ങൾ.

ആവശ്യമായ സമയത്ത് ലളിത വ്യവസ്ഥയിൽ കർഷകർക്ക് വായ്പ കിട്ടുന്നില്ല എന്ന

പരതി ഇന്നും നിലവിലുണ്ട്. ഇക്കാര്യത്തിൽ പ്രത്യേകം ശുഷ്ക്കാന്തി എടുത്ത് കർഷകർക്ക് വായ്പ സഹായത്തിന് ലഭിക്കുവാൻ നടപടികൾ അത്യാവശ്യകരമാണ്.

## കാർഷിക വകിസന പ്രവർത്തനങ്ങൾ

കൃഷിഭവൻ വഴി ഒട്ടേറെ കാർഷിക വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നുണ്ട്. നടപ്പിൽ വരുത്തുന്ന സ്കീമുകളും വിവരങ്ങളും ഇനം തിരിച്ച് താഴെ കൊടുക്കുന്നു.

### 1 യുവജന തൊഴിൽദാന പദ്ധതി

ഇതുവഴി യുവതീയുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതോടൊപ്പം 60 വയസ്സു പൂർത്തിയാകുന്ന മുറയ്ക്ക് ഗ്രാററുവിററിയും മാസം തോറും 1000 രൂപ പെൻഷനും ഉറപ്പാക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട മേഖലകളിൽ യുവജനങ്ങൾക്ക് സാങ്കേതിക വായ്പ സബ്സിഡികൾ ഉറപ്പാക്കുന്നതിനോടൊപ്പം മാന്യമായ വരുമാനത്തിന് വേദിയൊരുക്കുന്നു.

### 2 സമഗ്ര നാളികേര വികസനപദ്ധതി

തെങ്ങു കൃഷിയുടെ ഉദ്ധാരണമാണ് ഇവിടെ ലക്ഷ്യമിടുന്നത്. പ്രധാനമായും, ജലസേചന സൗകര്യത്തിന് ഊന്നൽ നൽകിക്കൊണ്ട് കിണറുകൾക്കും പമ്പുസെററുകൾക്കും വായ്പയും സബ്സിഡിയും നൽകുന്നതോടൊപ്പം തെങ്ങ് കയററുയന്ത്രങ്ങൾ സ്പ്രേയേഴ്സ്, കമ്മ്യൂണിററി ഇറിഗേഷൻ പട്ടികജാതി കോളനികളിലെ കിണറ് എന്നീ ഘടകങ്ങളും നടപ്പിൽ വരുത്തുന്നു. ഈ ആവശ്യത്തിലേയ്ക്കായി ഒരു കേര സമിതിയും നിലവിലുണ്ട്.

### 3 യന്ത്രവൽക്കരണ പദ്ധതി

ഈ പദ്ധതി വഴി ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, സ്പെറേയ്സ്, പിന്നോവർ തുടങ്ങിയ യന്ത്രോപകരണങ്ങൾ സമിതികൾക്ക് വിലയുടെ പകുതി സബ്സിഡിയ്ക്ക് ലഭ്യമാകുന്നു.

### 4 വിള ഇൻഷുറൻസ്

ഏതാണ്ട് എല്ലാം വിളകൾക്കും ഇതുവഴി ഇൻഷുറൻസ് സംരക്ഷണം, വരൾച്ച, കാലവർഷകെടുതികൾ എന്നിവയ്ക്കു നൽകി വരുന്നു. കൃഷി ഭവനിൽ നിന്നും നിയമിച്ച ഏജൻറ് വഴി പ്രീമിയം അടച്ച് ഈ പദ്ധതികളിൽ അംഗങ്ങളാകാവുന്നതാണ്.

### 5 ഗ്രൂപ്പ് ഫാമിങ്

പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനും ആണ് ഇവിടെ ലക്ഷ്യമിടുന്നത്. പാടശേഖരങ്ങളിലെ ജലാശയങ്ങൾ മണ്ണെടുത്ത്, കെട്ടി ഉപയോഗ ക്ഷമമാക്കുകയും, തോടുകൾ, ബണ്ടുകൾ എന്നിവ ബലപ്പെടുത്തുന്നതിനും, തടയണകൾ കെട്ടുന്നതിനുമാണ് ഇതു വഴി പ്രാധാന്യം കൊടുക്കുന്നത്. അതായത് പാടശേഖരങ്ങളിലെ ജലസേചനം വർദ്ധിപ്പിക്കുന്നതിനും, ജലനിർഗ്ഗമന മാർഗ്ഗങ്ങൾ സുഗമമാക്കുന്നതിനും ആണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

### 6 ഊർജ്ജിത—സുഗന്ധ വ്യഞ്ജന — വികസന സ്കീം

ഈ സ്കീം പ്രകാരം, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കച്ചോലം, എന്നി വിളകൾക്ക് കൊണ്ടാഴി കൃഷിഭവൻ പരിധിയിൽ വരുന്ന കർഷകർക്ക് സഹായം നൽകുന്നു. കുരുമുളക് തോട്ടങ്ങൾ പുനഃരുദ്ധാരണം, പുതിയതായി വച്ചുപിടിപ്പിക്കൽ, മാതൃകാ തോട്ടം എന്നീ ഘടകങ്ങൾക്കും, ഇഞ്ചി, മഞ്ഞൾ എന്നീ മാതൃകാ തോട്ടങ്ങൾക്കുമാണ് ഇതുവഴി കർഷകർക്ക് സഹായം നൽകുന്നത്.

### 7 കശുമാവു പദ്ധതി

ഉൽപാദനക്ഷമത കൂടിയ കശുമാവിൻെറ പുതിയ ഇനം ഗ്രാഫ്ററുകൾ കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ നൽകി കൃഷിക്ക്

പ്രേരിപ്പിക്കുന്നതോടൊപ്പം തേയില കൊതുകിനെതിരെ കീടനാശിനി തളിക്കാനുള്ള സഹായവും നൽകി വരുന്നു. കീടനാശിനി തളിക്കലിലൂടെ ഏതാണ്ട് ഇരട്ടിയിലധികം ഉൽപാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

## 8 റജിസ്റ്റേറഡ് കർഷക സ്കീം

നല്ലയിനം ഉൽപാദനക്ഷമത കൂടിയ നെൽ വിത്ത് റജിസ്ററർ ചെയ്ത കർഷകർക്ക് നൽകി ശാസ്ത്രീയരീതിയിൽ കൃഷി ചെയ്യിക്കുകയും, കർഷകർക്ക് മാന്യമായ വിലയും ഇൻസെൻറീവും നൽകി, ഇതുവഴി ഉണ്ടാക്കിയെടുത്ത വിത്ത് ശേഖരിച്ച് മററു കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.

## 9 ബയോഗ്യാസ് സ്കീം

ഈ സ്കീം വഴി കന്നുകാലികളുള്ള കർഷകർക്ക് ചാണകം ഉപയോഗിച്ച് പാചകാവശ്യത്തിനും, വിളക്ക് കത്തിക്കുന്നതിനാവശ്യമായ ഗ്യാസ് ഉൽപാദിപ്പിച്ചെടുക്കുന്നതിനുമുള്ള പ്ലാൻറ് മൂന്നിലൊന്ന് സബ്സിഡിയോടെ നിർമ്മിച്ചുകൊടുക്കുന്നു. ഗ്യാസ് ഉൽപാദനം കഴിഞ്ഞ ചാണകം കൂടുതൽ വളമുള്ളതാണെന്നുള്ളത് ഇതിൻെറ സവിശേഷതയാണ്.

## 10 ഉൽപാദന ബോണസ്

പ്രവർത്തനക്ഷമമായ, രജിസ്ററർ ചെയ്ത പാടശേഖരസമിതിയിൽ വരുന്ന കർഷകർക്ക് സെൻറ് ഒന്നിന് ഒരു രൂപ വെച്ച് ഉൽപാദന ബോണസ് നൽകി വരുന്നു. കർഷകർക്ക് ഇത് നെൽകൃഷി ചെയ്യുവാനുള്ള ഒരു വലിയ പ്രേരകഘടകവും, ആശ്വാസവും ആണ്.

## 11 വിള മത്സരം

നെല്ല്, തെങ്ങ്, കുരുമുളക് പച്ചകറി എന്നീവിളകൾക്കും, കൂടാതെ ഹോംഫാമിനും കൃഷിഭവൻ തലത്തിൽ അപേക്ഷക്ഷണിച്ച് മുകളിലെ ഓരോ വിളയിലും ഏററവും നന്നായി കൃഷിചെയ്ത കർഷകർക്ക് 500 രൂപ വിതം പ്രോത്സാഹന സമ്മാനമായി നൽകുന്നു.

## 12 ഗുണ നിയന്ത്രണം

കൃഷിഭവൻ പരിധിയിൽ വരുന്ന ഡിപ്പോകളിലെ രാസവളങ്ങളുടെയും, കീട-കുമിൾ നാശിനികളുടെയും, ഗുണനിലവാരം ഉറപ്പു വരുത്തുന്നു.

## 13 മണ്ണു പരിശോധന

കൃഷിയിടങ്ങളിലെ മണ്ണ് പരിശോധനയ്ക്ക് വിധേയമാക്കി ശാസ്ത്രീയവളപ്രയോഗം ശുപാർശ ചെയ്യുന്നു.

## 14 അഗ്രോ ക്ലീനിക്ക്

കൃഷിയിടങ്ങളിൽ കാണുന്ന രോഗ കീട ബാധകൾക്ക് ഫലപ്രദമായ പ്രതിവിധി ഉപദേശിച്ച് കർഷകർക്ക് ആശ്വാസമേകുന്നു.

## 15 നീർമറി പദ്ധതി

കൊണ്ടാഴി കൃഷിഭവൻ പരിധിയിൽ വരുന്ന ചേലക്കോട് ഭാഗത്ത് നീർമറി പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ചുവർഷമായി കൃഷിയുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഇത് ഒരു പ്രധാനപ്പെട്ട ബഹുമുഖ പദ്ധതിയാണ്. കൃഷിഭവനിൽ നിലവിൽ ഒരു കൃഷി ആഫീസറുടെയും, മൂന്നു കൃഷി അസിസ്ററൻറ് മാരുടെയും, ഒരു P G അപ്രൻറീസിൻേറയും പോസ്ററ് ആണ് ഉള്ളത്.

കൃഷിഭവൻ വാക്കൻസി

പട്ടിക 4

| ക്രമ നമ്പർ | നിലവിലുള്ള പോസ്ററ് | എണ്ണം |
|---|---|---|
| 1 | കൃഷി ആഫീസർ | 1 |
| 2 | അഗ്രി: അസിസ്ററൻറ് | 3 |
| 3 | P G അപ്രൻറീസ് | 1 |
| 4 | പാർട്ട് ടൈം സ്വീപ്പർ | 1 |

## 16 കർഷക സംരംഭങ്ങൾ

കൃഷിഭവൻ പരിധിയിൽ 21 പാടശേഖര സമിതികളും, ഒരു കേരസംരക്ഷണ സമിതിയും നിലവിലുണ്ട് ആകെ 1000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുമുണ്ട്. ചേലക്കോട് തെക്കുംമുറി സമിതിയാണ് ഏറ്റവും വലിയത്. കേരസമിതിയിൽ ഏകദേശം 600നോടടുത്ത അംഗങ്ങളുണ്ട്. പാടശേഖര സമിതികൾ എല്ലാവർഷവും രജിസ്ട്രേഷൻ പുതുക്കി സ്വയം പ്രവർത്തന സജ്ജമാക്കുന്നത്. പക്ഷെ പ്രവർത്തനമേഖല ഇനിയും വിപുലമാക്കാവുന്നതാണ്, കേര സമിതി അംഗങ്ങളുടെ കാര്യത്തിൽ സമ്പന്നമാണ്, പ്രവർത്തന പരിധി വിപുലീകരിക്കുകയും, സെമിനാറുകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ച് കേരമേഖല ഊർജ്ജിതപ്പെടുത്തുന്നത് എന്തുകൊണ്ടും അഭികാമ്യമായിരിക്കും.

എല്ലാ വിളകൾക്കും ശാസ്ത്രീയ മണ്ണു പരിശോധനയും, റബ്ബർ പോലുള്ള വിളകൾക്ക് കൂടെ ഇല പരിശോധനയുടെയും അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നത്, മണ്ണിന്റെ ആരോഗ്യകരമായ നിലനിൽപിനും, അമിത രാസവളപ്രയോഗം മൂലം നഷ്ടപ്പെടുന്ന പണം ലാഭിക്കാനും അതുവഴി ഉൽപാദനക്ഷമതയും, കർഷകന്റെ വരുമാനവും വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു. ഭൂമി തരിശിടുന്ന പ്രവണത അഭികാമ്യമല്ല. പ്രത്യേകിച്ച് നെൽപ്പാടങ്ങൾ തരിശിടുന്ന പക്ഷം അത് പാടശേഖരസമിതികൾ പ്രത്യേക താൽപര്യം എടുത്ത് കൃഷിയിറക്കുവാനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്. ഇക്കാര്യത്തിൽ തരിശിടുന്നതിനുള്ള കാരണം അന്വേഷിച്ച് പ്രശ്നം പരിഹരിച്ച് വീണ്ടും കൃഷിയിറക്കുന്നതിന് പാടശേഖര സമിതികളുടെ മാതൃകാപരവും സംഘടിതവുമായി പ്രവർത്തനത്തിലൂടെ സാധിക്കണം. ഇവിടെ ചെറുതല്ലാത്ത ഒരു ദൗത്യം സമിതികൾക്ക് നിർവഹിക്കാനുണ്ട്.

കൃഷിക്കുപയുക്തമായ തരിശുഭൂമി ഏകദേശം 75 ഹെക്ടറിനടുത്ത് വരും. ഏതങ്കിലും തന്നെ ഭൂമി ജൈവവളത്തിനും, സാമൂഹ്യ വനവൽക്കരണത്തിനുതകുന്നതായും വരുന്നുണ്ട്.

ജൈവവളത്തിന്റെ പ്രാധാന്യം മറെന്നത്തേക്കാളും പ്രസക്തമായ ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. രാസവളങ്ങൾക്കൊപ്പമോ, അതിൽ കൂടുതലോ ജൈവവളം ഉപയോഗിക്കുന്നത് മണ്ണിന്റെ ഘടനയ്ക്കും, ഫലപുഷ്ടിയ്ക്കും അത്യന്താപേക്ഷിതമാണ്.

നമ്മുടെ പ്രദേശത്തിനുതകുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതി പഞ്ചായത്തിനെ കൂടുതൽ ഹരിതാഭമാക്കാനും അതുവഴി ഈ പ്രദേശത്തിന്റെ ജൈവ വൈവിധ്യം നിലനിർത്താനും അന്യം നിന്നുകൊണ്ടിരിക്കുന്ന വൃക്ഷ-സസ്യ-പക്ഷി മൃഗാദികളെ സംരക്ഷിക്കുവാനും പഞ്ചായത്തിന്റെ സൂക്ഷ്മ കാലാവസ്ഥയിൽ അനുകൂലമായ സ്വാധീനം ചെലുത്തുവാനും പ്രാപ്തമാകുന്നു.

ഔഷധ സസ്യങ്ങളുടെ ഒരു കലവറ തന്നെ ഈ പഞ്ചായത്തിന്റെ മലമ്പ്രദേശങ്ങളിൽ തങ്ങളുടെ മടിത്തട്ടിൽ ഒളിപ്പിച്ചു വെച്ചിരിക്കുന്നു. സ്ഥിരമായി പച്ചില മരുന്നുകൾ ഇവിടെ നിന്നും പുറമേയ്ക്ക് കൊണ്ടുപോകുന്നു. ഇത്തരുണത്തിൽ ഇവയുടെ നൈസർഗ്ഗികമായ തനിമ നിലനിർത്തുവാനും ജൈവ വൈവിധ്യം പരിപാലിക്കാനുതകുന്ന ബോധപൂർവ്വമായ ശ്രമം, ആരോഗ്യരംഗത്തും സർവ്വോപരി അടുത്ത തലമുറയോടും ചെയ്യുന്ന കൃതജ്ഞതാ നിർഭരമായ ഒരു പ്രവൃത്തിയായിരിക്കും. കൂടാതെ ഇതിനെ അടിസ്ഥാനമാക്കിയുള്ള ചെറുകിട പച്ചില മരുന്ന് നിർമ്മാണ വ്യവസായം ആദായകരമായ തൊഴിലിനും വഴി ഒരുക്കുന്നതോടൊപ്പം ഗണ്യമായ ഒരു തൊഴിൽ മേഖലയും തുറന്ന് തരുന്നു.

★

# മൃഗസംരക്ഷണം-മത്സ്യബന്ധനം

ഈ പഞ്ചായത്തിലെ മൃഗാശുപത്രി മായന്നൂരിലാണ്. ഒരു കാർഷിക മേഖലയായ ഇവിടെ കന്നുകാലി വളർത്തൽ കൃഷിയുടെ ഭാഗമായിരുന്നു. കൃഷിയിടങ്ങൾ ഉഴുവാനും നിരപ്പാക്കാനും മററും കാളകളും പോത്തുകളും എല്ലാ കൃഷിക്കാരുടെ വീടുകളിലും പരിപാലിച്ചുപോന്നിരുന്നു. കൃഷിക്കാവശ്യമായ ചാണകം ലഭിക്കുന്നതിന് വേണ്ടിയും, കന്നുകാലിവളർത്തൽ അത്യാവശ്യമായിരുന്നു. ഇതോടൊപ്പം തന്നെ പാലാവശ്യത്തിന് പശുക്കളെയും വളർത്തിയിരുന്നു.

മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് കൃഷിയിടങ്ങളിൽ വന്ന യന്ത്രവൽക്കരണവും, കന്നുകാലികൾക്ക് ആവശ്യംപോലെ മേഞ്ഞ്നടന്ന് തിന്നുവാനുള്ള പുൽപറമ്പുകളിൽ വന്ന കുറവും കാലികളുടെ എണ്ണത്തിൽ പ്രത്യേകിച്ച് ഉരുക്കുകളുടെ കുറവും വരുത്തിയിട്ടുണ്ട്.

ഈ പഞ്ചായത്തതിർത്തിയിലുള്ള കന്നുകാലികളുടെ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | കാലികളുടെ വിവരം | എണ്ണം |
|---|---|---|
| 1 | പശു | 1100 |
| 2 | കിടാവ് | 1500 |
| 3 | ആട് | 2000 |
| 4 | പോത്ത് | 500 |
| 5 | കാള | 500 |
| 6 | എരുമ | 250 |

നാടൻ പശുക്കളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. എന്നാൽ ധവള വിപ്ലവത്തിൻെറ ഭാഗമായി കൃത്രിമ ബിജസങ്കലനം വഴി വിദേശ ജനുസ്സുകളുടെ ഗുണങ്ങൾ പകർത്തികൊടുക്കുകയും തൽഫലമായി സങ്കരയിനം പശുക്കളാണ് ഇന്ന് ഭൂരിപക്ഷവും.

ആടുകളെ കാടുകളിലേക്കും പറമ്പുകളിലേക്കും അഴിച്ചുവിട്ട് മേയ്ക്കുന്ന സമ്പ്രദായമാണ് പണ്ടും ഇപ്പോഴും അനുവർത്തിച്ചു പോരുന്നത്. എന്നാൽ അതിനുതകുന്ന കാടിൻേറയും, പറമ്പിൻെറയും. ലഭ്യത കുറവായതിനാൽ ആടുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ആടുകളധികവും നാടൻ ഇനങ്ങൾ തന്നെയാണ്.

മിക്ക വീടുകളിലും കോഴി വളർത്തുന്നു. കോഴികളിൽ മുൻതൂക്കം നാടൻ ഇനങ്ങൾക്കു തന്നെയാണ്. എന്നാൽ അല്പസ്വല്പം സങ്കരയിനങ്ങൾ ഇല്ലാതെയുമില്ല. ഉദാഹരണത്തിന് വൈററ് ലെഗോൺ, ഗിരിരാജ തുടങ്ങിയവ.

നായ്ക്കളധികവും രാജപാളയം ഇനത്തിൽ പെട്ടവയാണ്. ഇവ വീട്ടുകാവലിനുവേണ്ടി മിക്കവാറും വീടുകളിലുണ്ട്. വിദേശ ഇനങ്ങൾ താരതമ്യേന കുറവാണ്. ചിലകാലങ്ങളിൽ പേപ്പട്ടിശല്യം അനുഭവപ്പെടുന്നുണ്ട്.

**നിർദ്ദേശങ്ങൾ**

അത്യുല്പാദന ശേഷിയുള്ള കറവുമാടുകൾ, ആട്, കോഴി, പന്നി സബ്സിഡിനിരക്കിലും, ലോണായും, കിട്ടുന്നതിനുള്ള സംവിധാനമൊരുക്കുക.

പോഷകമൂല്യമുള്ള കാലിത്തീററയും, ആധുനിക ചികിത്സാരീതികളും എളുപ്പമായി കിട്ടുന്നതിന് നിലവിലുള്ള മൃഗാശുപത്രി മുഖേനയും ക്ഷീരസംഘങ്ങൾ വഴിയും ഏർപ്പാടുണ്ടാക്കണം.

### ക്ഷീര വികസനം

മുകളിൽ സൂചിപ്പിച്ചതുപോലെ അധികം പശുക്കളും അത്യുല്പാദന ശേഷിയുള്ള സങ്കര യിനങ്ങളാണ്. കൂടാതെ മിൽമയുടെ ഭാഗമായ ക്ഷീരസഹകരണ സംഘങ്ങൾ ശക്തിപ്പെട്ട തോടെ സങ്കരയിനങ്ങൾ വളർത്തുന്നതിന് കർഷകർ താല്പര്യം കാട്ടുന്നുണ്ട്.

ഈ പഞ്ചായത്തിൽ മൂന്നു ക്ഷീരസഹകരണ സംഘങ്ങൾ ഉണ്ട്. അവ പാറമേൽപ്പടിയും, കൊണ്ടാഴിയിലും, ചേലക്കോടുമാണ്. ഇവ വഴി കിട്ടുന്ന പാലിന്റെ അളവൊന്ന് പരിശോധിക്കാം.

**പട്ടിക 2**

| ക്രമ No. | ക്ഷീരസംഘം | ശേഖരിക്കുന്ന പാൽ ദിനംപ്രതി | ശേഖരിക്കുന്ന പാൽ വർഷം | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് (വർഷത്തിൽ) | പുറത്തേയ്ക്ക് അയക്കുന്നത് (വർഷത്തിൽ) |
|---|---|---|---|---|---|
| 1 | കൊണ്ടാഴി സംഘം | 408 ലി. | 146880 ലി. | 7200ലി. | 139680ലി. |
| 2 | ചേലക്കോട് സംഘം | 322 | 11590 | 12600 | 103320 |
| 3 | പാറമേൽപടി | 221 | 79911 | 51329 | 28582 |

ഇതിൽനിന്നും ഏററവും കൂടുതൽ പാലു ല്പാദിപ്പിക്കുന്നത് കൊണ്ടാഴി സംഘവും, കുറവ് പാറമേല്പടിയും.

### നിർദ്ദേശങ്ങൾ

മായന്നൂരിൽകൂടി ഒരു ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിക്കുക.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ വഴി കന്നുകാലികൾക്ക് ഇൻഷൂറൻസ് പദ്ധതി ഏർപ്പെടുത്തുക.

കന്നുകാലിത്തീററ മിതമായ നിരക്കിൽ ലഭ്യ മാക്കുക.

പാലിന് സന്ദർഭോചിത വില നിശ്ചയി ക്കുക.

മൃഗാശുപത്രികൾ വഴിയും ക്ഷീര സഹ കരണ സംഘങ്ങളിൽ കൂടിയും ക്രിത്രിമ ബീജസങ്കലന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പുറമ്പോക്കുകളിലും, സ്വകാര്യ സ്ഥലങ്ങ ളിലും തീററപുൽകൃഷി പ്രോത്സാഹിപ്പി ക്കുക.

## ഡയറി, വകുപ്പ് നിർദ്ദേശി ക്കുന്ന പദ്ധതികൾ

### 1 മാതൃകാ മിനി ഡയറി യൂണിററ്

ഇതുവഴി ലക്ഷ്യമിടുന്നത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം പാലിന്റെ ഉപഭോഗവും കൂട്ടി ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നു.

ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പാൽ ലഭ്യമാക്കുകയും, തൊഴിൽ രഹിതരായ കർഷ കർക്ക് തൊഴിൽ തേടികൊടുക്കുകയും ഇതിന്റെ ലക്ഷ്യമാണ്.

പദ്ധതി വഴി രണ്ട് സങ്കരയിനം പശുക്കളേയും മാതൃകാ കാലിത്തൊഴുത്തും ആവശ്യമായ പരിശീലനവും നൽകുന്നു. വാർഡടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

**പദ്ധതിയുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ഘടകങ്ങൾ | യൂണിററും ചിലവും | സബ്സിഡി |
|---|---|---|---|
| 1 | തൊഴുത്ത് | R.s 10000 | R.s 10000 |
| 2 | പശു (2 എണ്ണം) | R.s 20000 | (പതിനായിരം രൂപ മാത്രം) |
| 3 | ഇൻഷൂറൻസ് | R s 620 | |
| 4 | പരിശീലന ചിലവ് | R.s 1500 | |

ഈ പദ്ധതി വഴി തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് 25 സെൻറ് സ്ഥലത്തിൽ കൂടുതൽ തീററപ്പുൽ കൃഷിചെയ്യുന്നവരും പശുവളർത്തലിൽ താല്പര്യമുള്ളവരുമായിരിക്കണം.

## 2 മാതൃകാ കാലിത്തൊഴുത്ത്

ശുദ്ധമായ പാലുല്പാദനത്തിനും ആരോഗ്യപരമായ പശുവളർത്തലിനും തൊഴുത്തിൻെറ ശുചിത്വം പ്രധാനമാണ്. ആയതിനാൽ നിലവിലുള്ള തൊഴുത്ത് പുതുക്കി പണിയുന്നതിനോ, അററകുററ പണികൾ നടത്തുന്നതിനോ (തറ കോൺക്രീററ് ചെയ്യുക ഓടു മേയുക) ഒരു ഗുണഭോക്താവിന് 2000 R.s (രണ്ടായിരം) ഒരു വാർഡിൽ അഞ്ചു പേർക്ക് നൽകുന്നു.

## 3 ഇൻഷുറൻസ്

സൗജന്യനിരക്കിൽ ഇൻഷൂർ ചെയ്യുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

## 4 തീററപ്പുൽകൃഷി

കാലിത്തീററയുടെ ദുസ്സഹമായ വില നിലനിൽക്കുന്ന സാഹചര്യത്തിൽ തീററപ്പുൽ കൃഷി വികസിപ്പിക്കുന്നതിനായി 25 സെൻറ് സ്ഥലത്തിൽ കൂടുതൽ കൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി ചെലവിൻെറ 50% വരുന്ന തുക ധനസഹായമായി അനുവദിക്കേണ്ടതാണ്.

സൗജന്യ നിരക്കിൽ ട്രൈവാക്സ്, മിനറൽ മിക്സ്ചർ എന്നിവ വിതരണം ചെയ്യുക. ക്ഷീര കർഷകരെ മററു മേഖലകളിൽ കർഷകരെ പോലെ പെൻഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ആദരിക്കുകയും, ക്ഷീര സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ധനസഹായം അനുവദിക്കുക.

ഇതു കൂടാതെ അടുത്തയൊരു സാദ്ധ്യത ഒന്നാം വിളയുടെ മെതി കഴിഞ്ഞയുടനെ കററ 'സൈലേജ്' ചെയ്ത് എടുക്കുവാനുള്ള പ്രായോഗിക-സങ്കേതിക സാദ്ധ്യതയെ കുറിച്ച് ആലോചിക്കണം എന്നുള്ളതാണ്.

## 5 മത്സ്യബന്ധനം

മത്സ്യബന്ധനം തൊഴിലാക്കിയ പരമ്പരാഗതമായ കുടുംബങ്ങൾ പഞ്ചായത്തിൽ ഇല്ല. എന്നാൽ മത്സ്യം വിററ് കഴിയുന്ന 15 കുടുംബങ്ങൾ ഉണ്ട്.

ഈ പഞ്ചായത്തതിർത്തിയിൽ 10 കിലോമീററർ നീളത്തിൽ ചീരക്കുഴിയും, നിളയും, 25 കിലോമീററോളം തോടുകളും നിരവധി ജലാശയങ്ങളും. കുളങ്ങളുമുണ്ട്.

പുഴകളിൽ ജലസേചനാർത്ഥം തടയണകൾ കെട്ടുമ്പോൾ വലിയൊരളവിൽ വെള്ളം ശേഖരിക്കുവാൻ സാധിക്കുന്ന പക്ഷം മീൻ വളർത്തൽ കാര്യമായി അവിടെ ഏറെറടുക്കാവുന്നതാണ്.

ഉൾനാടൻ ജലാശയങ്ങളും, കുളങ്ങളും ധാരാളമുള്ളതിനാൽ ഉൾനാടൻ മത്സ്യബന്ധനം വളരെയധികം സാദ്ധ്യതകൾ തുറന്നു തരുന്നു, ഇതിനായി ഫിഷറീസ് വകുപ്പുമായി സഹകരിച്ചും, അവർ നടപ്പിലാക്കുന്ന പദ്ധതികളും സാങ്കേതികത്വവും മുതലാക്കി മത്സ്യബന്ധന മേഖലയിൽ ഒരു പുതുയുഗം കുറിക്കുവാൻ വേണ്ട നടപടികൾ പരിഗണനാർഹമാണ്. പഞ്ചായത്തിൽ ഏതാനും പേർ നവീന രീതിയിൽ മത്സ്യകുഞ്ഞുങ്ങളെ സ്വകാര്യ കുളങ്ങളിലും പഞ്ചായത്തധീനതയിലുള്ള ജലാശയങ്ങളിലും വളർത്തിപോരുന്നുണ്ട്.

★

# വ്യവസായം–മാർക്കററ്

തൃശ്ശൂർ ജില്ലയുടെ വടക്കേയററത്ത് സ്ഥിതി ചെയ്യുന്ന വ്യവസായികമായും, സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള ഒരു പ്രദേശമാണ് കൊണ്ടാഴി പഞ്ചായത്ത്. അതുകൊണ്ടുതന്നെ മഹത്തായ ഒരു വ്യാവസായിക പാരമ്പര്യം അവകാശപ്പെടാനില്ല.

എന്നാൽ ചെറിയ തോതിലാണെങ്കിലും പരമ്പരാഗത ചെറുകിട കുടിൽ വ്യവസായങ്ങൾ നിലനിന്നിരുന്നു. അതായത് കുട്ടനെയ്ത്ത്, പനമ്പ് നെയ്ത്ത്, പായനെയ്ത്ത്, മൺപാത്രനിർമ്മാണം, പനയോല കൊണ്ടുള്ള കുട നിർമ്മാണം, കരുവാൻ പണി, തുകൽപണി, തട്ടാൻപണി, ചെരുപ്പ് നിർമ്മാണം, ഓട്ടുപാത്ര നിർമ്മാണം, എന്നിവയാണ് ഇവയിൽ ചിലവ മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് കാലഹരണപ്പെട്ടെങ്കിലും തുകൽപ്പണി, ചെരുപ്പ് നിർമ്മാണം തുടങ്ങിയവയ്ക്ക് ഇന്നും കാര്യമായ ക്ഷതം സംഭവിട്ടില്ല. ഇതു കൂടാതെ ചില പുതിയ ചെറുകിട വ്യവസായമേഖലകൾ ഉയർന്നുവന്നിട്ടുണ്ട്. അവയിൽ ഏററവും പ്രസക്തമായത് നെയ്ത്തും, ചെരുപ്പ്നിർമ്മാണം, ബിംബനിർമ്മാണം എന്നിവയാണ്.

പരമ്പരാഗത വ്യവസായങ്ങളുടേയും, കരകൗശല വസ്തുക്കളുടേയും പ്രോത്സാഹനം ലക്ഷ്യമാക്കിയും, കലാസാംസ്കാരിക പ്രവർത്തനങ്ങൾ സജീവമാക്കുന്നതിൻേറയും ഭാഗമായി 1950 കാലഘട്ടത്തിൽ സ്വാതന്ത്ര്യ സമര പോരാളികളായിരുന്ന K.N. നമ്പീശൻേറയും, കമലാ നമ്പീശൻേറയും നേതൃത്വത്തിൽ രൂപീകരിയ്ക്കപ്പെട്ട ഗാന്ധി ആശ്രമം ഈ രംഗത്ത് ഒരു പരിശ്രമം നടത്തുകയുണ്ടായി. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ദീർഘകാലാടിസ്ഥാനത്തിൽ അതിന് നിലനിൽപ്പുണ്ടായില്ല. ആദ്യകാലത്ത് ഇവിടെ നൂൽപ് (ചർക്ക), ഖാദി നെയ്ത്ത്, ചക്കര നിർമ്മാണം, മൺപാത്രനിർമ്മാണം, തുകൽനിർമ്മാണം, സോപ്പ്നിർമ്മാണം, മുതലായ പലവിധ യൂണിററുകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ നൂൽനൂൽപ്പ് മാത്രമേ നിലനിൽക്കുന്നുള്ളൂ.

ഈയടുത്ത കാലത്തായി മായന്നൂരിൽ രൂപീകൃതമായ തീപ്പെട്ടി കമ്പനിയും, തടിമില്ലുമാണ് എടുത്തുപറയത്തക്ക രണ്ട് വ്യവസായ സംരംഭങ്ങൾ. അതോടൊപ്പം തന്നെ 1980ൽ തുടങ്ങിയ നെയ്ത്ത് സഹകരണ സംഘം നിലവിൽ എൺപതോളം തൊഴിലാളികൾക്ക് തൊഴിൽ നൽകി ഈ രംഗത്ത് പ്രഥമസ്ഥാനം അലങ്കരിക്കുന്നു. ഇതു കൂടാതെ നെയ്ത്ത്, ചെരുപ്പ് നിർമ്മാണം, കുട നിർമ്മാണം, അഗർബത്തി നിർമ്മാണം ഉടുപ്പ് നിർമ്മാണം എന്നിങ്ങനെയായി 25 ഓളം ചെറുകിട വ്യവസായ യൂണിററുകളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

ആധുനിക വ്യവസായങ്ങളോ അതിനുള്ള സംരംഭങ്ങളോ നിലവിലില്ല. അതുകൊണ്ടു തന്നെ സ്വകാര്യ മേഖലയിലോ, സഹകരണ മേഖലയിലോ, സർക്കാർ മേഖലയിലോ അതിനുള്ള ശ്രമങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനെകുറിച്ച് ആലോചിക്കാവുതാണ്.

**I.R.D.P.** സർവ്വേ പ്രകാരം ലഭ്യമായ ഓരോ വാർഡിലേയും ഗ്രാമീണ കൈതൊഴിലുകാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക–ഒന്ന്

| വാർഡ് | IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈതൊഴിലുകാർ | സഹായം ലഭിച്ചവർ | ഇനിയും സഹായം ലഭിക്കാനുള്ളവർ |
|---|---|---|---|
| 1 | 16 | – | 16 |
| 2 | 20 | 3 | 17 |
| 3 | 18 | – | 18 |
| 4 | 24 | 1 | 23 |
| 5 | 16 | 1 | 15 |
| 6 | 20 | 5 | 15 |
| 7 | 16 | 11 | 5 |
| 8 | 14 | 3 | 11 |
| 9 | 16 | — | 16 |

പട്ടിക് പ്രകാരം ഓരോ വാർഡിലെയും വിവിധ തുറകളിലായി വൈദഗ്ധ്യം സിദ്ധിച്ച കൈത്തൊഴിലുകാരെക്കുറിച്ച് ഒരു നഖചിത്രം I R D P റജിസ്ററിന്റെ കൂടി സഹായത്തോടെ ലഭ്യമാക്കി അവർക്കു തക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

ഇതോടൊപ്പം തന്നെ ട്രൈസം, DWCRA എന്നി പദ്ധതികളിലൂടെ വിവിധ തുറകളിൽ പരിശീലനം സിദ്ധിച്ചവരുടേയും തൊഴിൽ സംരംഭങ്ങളുടെയും വിവരം താഴെ കൊടുത്തിരിക്കുന്നു.

പട്ടിക–രണ്ട് ട്രൈസം–തൊഴിൽ പരിശീലനം

| ക്രമ നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|---|
| 1 | കുട നിർമ്മാണം | 6 | 3 |
| 2 | നെയ്ത്ത് | 5 | 2 |
| 3 | വെൽഡിംഗ് | 6 | — |
| 4 | സ്ക്കൂട്ടർ–ബൈക്ക് മെക്കാനിസം | 1 | — |
| 5 | ടൈപ്പ് റൈററിംഗ് | 2 | — |

പട്ടിക–3 DWCRA– തൊഴിൽ സംരംഭം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങൾ |
|---|---|---|---|
| 8 & 9 | കറവമാട് വളർത്തൽ | 1994–95 | 10 |
| 9 | അഗർബത്തി നിർമ്മാണം | 1995–96 | 11 |
| 1 & 2 | രാമച്ചം ഉല്പന്നങ്ങൾ | 1996–97 | 10 |

ഇതിൽ രാമച്ചം ഉൽപന്നങ്ങരം ഒരു സംരംഭമായി ഇനിയും പ്രവർത്തിച്ചു തുങ്ങിയിട്ടില്ല.

നേരത്തെ സൂചിപ്പിച്ചതുപോലെ ഏററവും കൂടുതൽപേർ കൈതൊഴിൽ കണ്ടെത്തുന്നത് നെയ്ത്ത് മേഖലയിൽ ആണ്. അഭ്യസ്തവിദ്യരായ യുവജനങ്ങരം പ്രത്യാശയോടെ ഈ മേഖലയിൽ ആകൃഷ്ടരാകുന്നു. അതുപോലെ പെൺകുട്ടികളുടെ ഈ മേഖലയോടുള്ള പ്രത്യേക താൽപര്യം പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്. നെയ്ത്തിനോടുള്ള അഭിനിവേശം കാർഷിക മേഖലയിൽ പണിയെടുക്കാൻ ആളുകരംക്ക് ക്ഷാമമുണ്ടാക്കുന്നുണ്ട്. കാർഷികമേഖലയിൽ പ്രവർത്തിച്ചിരുന്നവരുടെ പിൻതലമുറക്കാരാണ് ഇന്നത്തെ യുവാക്കളിൽ ബഹുഭൂരിപക്ഷവും,.

അടുത്തതായി ചെരുപ്പ് നിർമ്മാണത്തിലാണ് കൂടുതൽ പേർ വ്യാപൃതരായിരിക്കുന്നത്. അവരിലധികവും പുറത്തുപോയി എറണാകുളം, തൃശ്ശൂർ, കോഴിക്കോട് തുടങ്ങിയ പട്ടണങ്ങളിലും ബാക്കി വരുന്നവർ സമീപ പ്രദേശങ്ങളിലും ജോലി ചെയ്യുന്നു, ഈ പഞ്ചായത്തിൽ പണി കണ്ടെത്തുന്നവരുമുണ്ട്.

ഗണ്യമായ ഒരു വിഭാഗം തൊഴിൽ കണ്ടെത്തുന്ന മറെറാരു മേഖലയാണ് കെട്ടിട നിർമ്മാണവും, ആശാരിപ്പണിയും.

മററു തൊഴിൽ തുറകളായ കുട്ടനെയ്ത്തിനും, കരുവാൻ പണിയ്ക്കും കാര്യമായി യുവജനങ്ങളെ ആകർഷിക്കാൻ സാധിക്കുന്നില്ല. തട്ടാൻപണിയിലും ഇതുതന്നെയാണവസ്ഥ.

ഇത്തരുണത്തിൽ കാലയവനികയ്ക്കുള്ളിൽ മറയുന്ന പരമ്പരാഗത തൊഴിൽ തുറകളിലെ യഥാർത്ഥപ്രശ്നം കണ്ടെത്തി ചികിത്സിച്ച് നിലനിർത്തുന്നതോടൊപ്പം ഇന്നത്തെ ലോകത്ത് പ്രസക്തവും ആകർഷകവുമായ പുതിയ തൊഴിൽ തുറകരം ബോധപൂർവ്വമായ ശ്രമത്തിലൂടെ വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. ഇതുവഴി മററുപ്രദേശങ്ങളിലേയ്ക്കുള്ള തൊഴിൽ കുടിയേററം അവസാനിപ്പിച്ച് ഈ പ്രദേശത്തെ ചെറുകിട-പരമ്പരാഗത-വ്യവസായ മേഖലയിൽ ഐശ്വര്യത്തിൻേറയും, സമൃദ്ധിയുടേയും വികസനത്തിൻേറതുമായ ഒരു വിജയഗാഥ രചിക്കുവാൻ സാധിക്കുന്നതാണ്.

## ഗ്രാമസഭകളിൽ പൊന്തിവന്ന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും

### പ്രശ്നങ്ങൾ

1 റബ്ബറധിഷ്ടിത ചെറുകിട വ്യവസായങ്ങരം ആരംഭിക്കുക.

2 പരമ്പരാഗത കൈതൊഴിലുകരംക്ക് ആവശ്യമായ ധനസഹായം ഉറപ്പാക്കി പ്രോത്സാഹിപ്പിക്കുക.

3 തീപ്പെട്ടി കമ്പനി സ്ഥാപിച്ച് സ്ത്രീകരംക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

4 തൽപരരായ യുവാക്കരംക്ക് ആശാരിപണി, കരുവാൻ പണി, മൂശാരിപണി, സ്വർണ്ണപണി, ചെരുപ്പുപണി തുടങ്ങിയവയിൽ പരിശീലനത്തിന് സൗകര്യമൊരുക്കുന്നതോടൊപ്പം I.T.I.കളിൽ ബ്ലാക്ക് സ്മിത്ത് ഒരു അംഗീകൃത വിഷയമാക്കി പ്രസ്തുത മേഖലയ്ക്ക് പ്രോത്സാഹനം നൽകുക.

5 കൈത്തറി, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ഭക്ഷ്യ സംസ്ക്കരണ യൂണിററ് എന്നിവ തുടങ്ങി വനിതകരംക്ക് തൊഴിൽ അവസരം ഉണ്ടാക്കുക.

6 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം പ്രോത്സാഹിപ്പിയ്ക്കുന്നതോടൊപ്പം ഖാദി മേഖലയിൽ തൊഴിലവസരങ്ങരം ഉറപ്പാക്കുക.

7 കുടുംബ വരുമാനം വർദ്ധിപ്പിയ്ക്കുവാൻ യോജ്യമായ സ്ഥലങ്ങളിൽ തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിയ്ക്കുക.

8 പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി ആമാട്ടുപാറയിലും, പഞ്ചായത്തിന്റെ യോജ്യമായ മററുഭാഗങ്ങളിലും മെററൽ ക്രഷർ യൂണിററുകൾ തുടങ്ങുക.

9 നെല്ല് സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാററുവാനുള്ള നവീന രീതിയിലുള്ള ഒരു മില്ല് തുടങ്ങുക.

10 വ്യവസായികാവശ്യത്തിനുള്ള മതിയായ ഗുണനില വാരത്തിലുള്ള വൈദ്യുതിയും, ഗതാഗത സൗകര്യങ്ങളും ഉറപ്പാക്കുക.

## നിർദ്ദേശങ്ങൾ

1 പ്രതിവർഷം 450 ടണ്ണോളം റബ്ബറുല്പാദനമുള്ള ഈ പഞ്ചായത്തിൽ റബ്ബറധിഷ്ഠിത വ്യവസായം ചെറുകിട മേഖലയിൽ തികച്ചും സ്വാഗതാർഹമാണ്. അതുകൊണ്ടു തന്നെ ആവിശ്യമായ മററു ഘടകങ്ങൾ ഉറപ്പാക്കി ലാററക്സ് അധിഷ്ഠിത വ്യവസായങ്ങളായ റബർ ബാൻഡ്, കയ്യുറകൾ, ബലൂൺ, ആട്ടോമോബൈൽ ബുഷ്, ഫോം റബ്ബർ, റീട്രേഡ് റബ്ബർ എന്നിവ ആരംഭിക്കുക. വലിയൊരു തൊഴിൽ മേഖല കൂടി ഇതോടനുബന്ധിച്ച് തുറന്നു കിട്ടുകയും ചെയ്യുന്നു.

2 പരമ്പരാഗത വ്യവസായങ്ങളായ കളിമൺ പാത്ര നിർമ്മാണം, പനമ്പ്, പായനെയ്ത്ത് കുട്ട നെയ്ത്ത്, തുകൽ നിർമ്മാണം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ വായ്പയും വിപണനവും പഞ്ചായത്തിന്റെ കൂടി ആഭിമുഖ്യത്തിൽ നടപ്പിലാക്കുക.

3 തീപ്പെട്ടി വ്യവസായത്തിനാവശ്യമായ മൃദുല മരങ്ങളും വിദഗ്ദ തൊഴിലാളികളും ആവശ്യത്തിന് ലഭ്യമായതിനാൽ ഈ വ്യവസായം ആരംഭിക്കുന്നതിന് ആലോചിക്കാവുന്നതാണ്.

4 കൈത്തറി വസ്ത്രങ്ങൾക്ക് സ്വദേശത്തും, വിദേശത്തും ആകർഷകമായ വിപണിയും വൈദഗ്ധ്യമുള്ള തൊഴിലാളികളും ലഭ്യമായതിനാൽ ഇക്കാര്യത്തിൽ സ്വന്തം നിലയിൽ ആരംഭിക്കുന്ന സംരംഭകർക്ക് ആവശ്യമായ വായ്പയും നബാർഡിൽ നിന്നുള്ള സബ്സിഡിയും യഥാസമയം ലഭ്യമാക്കാനുള്ള പഞ്ചായത്തുതല സംവിധാനം ഉണ്ടാവേണ്ടതാണ്, കൂടാതെ സംരംഭകർക്ക് പാവ് മുതലായ അസംസ്കൃതവസ്തുക്കൾ നൽകാനും നെയ്ത്തു കഴിഞ്ഞ വസ്ത്രങ്ങൾ വാങ്ങി വിപണനം നടത്താനും ഒരു നെയ്ത്തു സഹകരണ സംഘം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തുടങ്ങേണ്ടിയിരിക്കുന്നു.

5 തയ്യൽ വൈദഗ്ധ്യമുള്ള വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിലേക്കായി ഗാർമെൻറ് മെയ്ക്കിംഗ് ക്ലബ്ബുകൾ രൂപീകരിച്ച് ആവശ്യമായ വായ്പയും മററു സൗകര്യങ്ങളും വിപണനവും ഉറപ്പാക്കുക.

6 അത്യാധുനിക നെല്ലുകുത്തുമില്ല് തുടങ്ങുന്നതിനും ശ്രമം ആരംഭിച്ചിട്ടുണ്ട്.

7 പൊട്ടിപ്പൊളിഞ്ഞ റോഡുകൾ അററകുററ പണി നടത്തി ഗതാഗത യോഗ്യമാക്കുക.

## സാധ്യതകൾ

### 1 റബ്ബർറധിഷ്ടിത വ്യവസായം

ഈ പഞ്ചായത്ത് ഉൾപ്പെടുന്ന പഴയന്നൂർ പ്രദേശം ഒരു പ്രമുഖ റബ്ബർ മേഖലയായി വളർന്നു വരുന്ന സാഹചര്യം കണക്കിലെടുത്ത് റബ്ബർ തടിയിലധിഷ്ഠിതമായ പാക്കിംഗ് കെയ്സ് നിർമ്മാണ വ്യവസായം ആലോചിക്കാവുന്നതാണ്. അതോടൊപ്പം തന്നെ റബ്ബർ ബോർഡ് വികസിപ്പിച്ചെടുത്ത

സാങ്കേതികത്വം അടിസ്ഥാനമാക്കി രാസ പ്രക്രിയക്ക് വിധേയമാക്കിയ റബ്ബർ തടിയില ധിഷ്ഠിത ഫർണീച്ചർ വ്യവസായവും പരിഗണനാർഹമാണ്.

## 2 വ്യവസായ ദൗത്യസേന

ചെറുകിട പരമ്പരാഗത വ്യവസായ സംരംഭകർക്ക് യഥാസമയം വായ്പയും ബന്ധപ്പെട്ട സർക്കാർ ഏജൻസികളിൽ നിന്നുള്ള സബ്സിഡിയും ലഭ്യമാക്കുന്നതിന് ''വ്യവസായ ദൗത്യസേന'' പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് വ്യവസായവത്ക്കരണം ത്വരിതപ്പെടുത്തി പഞ്ചായത്തിൻെറ വരുമാനവും ജോലിസാധ്യതയും വർദ്ധിപ്പിക്കുക, ഇതോടൊപ്പം ദൗത്യസേനയ്ക്ക് മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് രൂപം കൊണ്ടുവരുന്ന പുതിയ വ്യവസായ മേഖലകളിൽ സ്വന്തം സാധ്യത വിലയിരുത്തി ആവശ്യമായി വരുന്ന പക്ഷം താല്പര്യമുള്ള സംരംഭകർക്ക് പരിശീലനത്തിനും മററ് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് കളമൊരുക്കുകയും ചെയ്യാവുന്നതാണ്.

## 3 ചന്ദനത്തിരി-ക്ഷീരോല്പന്ന-രാമച്ച യൂണിററ്

ഈ പഞ്ചായത്തിൽ നിലവിലുള്ള ചന്ദനത്തിരി യൂണിററ്, ക്ഷീരോല്പന്ന യൂണിററുകൾ, രാമച്ച യൂണിററുകൾ എന്നിവയ്ക്ക് ആവശ്യമായി വരുന്ന പക്ഷം വായ്പയും സർക്കാർ ഏജൽസികളിൽ നിന്ന് മററു സൗകര്യങ്ങളും തരപ്പെടുത്തി വികസിപ്പിച്ച് എടുക്കേണ്ടതാണ്.

## 4 ബിംബ നിർമ്മാണം (Sculpture)

കൃഷ്ണ ശിലയിൽ ബിംബനിർമ്മാണം നടത്തുന്ന ശില്പികളെ സംഘടിപ്പിച്ച് അവർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ അന്യദേശങ്ങളിലേക്കും വിദേശങ്ങളിലേക്കുമുള്ള ആവശ്യം കണ്ടറിഞ്ഞ് ഇടനിലക്കാരില്ലാതെ നേരിട്ട് കയററി അയക്കുവാനുള്ള സംവിധാനം കൂടി രൂപപ്പെടുത്തിയെടുക്കേണ്ടതാണ്.

## 5 കെട്ടിടനിർമ്മാണ വസ്തു യൂണിററ്

ഇഷ്ടിക, ഹോളോബ്രിക്ക്സ് എന്നിവയുടെ നിർമ്മാണം പരിസ്ഥിതിക്ക് ഭംഗം വരുത്താത്തരീതിയിൽ ആവുന്നത്ര പ്രോത്സാഹനം നൽകി വിജയിപ്പിക്കണം.

## 6 സുഗന്ധ വ്യഞ്ജന യൂണിററ്

ചെറുകിട വ്യവസായികാടിസ്ഥാനത്തിൽ മുളക്, മല്ലി, മഞ്ഞൾപൊടി എന്നിവയുണ്ടാക്കി പാക്കററുകളിലാക്കി വിൽക്കുന്നതോടൊപ്പം ഇവയുടെ മിശ്രിതങ്ങളുണ്ടാക്കി രസപൊടിയും, സാമ്പാർപൊടിയും നിർമ്മിച്ച് വിപണനം ചെയ്യാവുന്നതാണ്.

## 7 അച്ചാറ് യൂണിററ്

പ്രകൃതി വിഭവങ്ങളായ മാങ്ങ, ഇരുമ്പാംപുളി, നാരങ്ങ, നെല്ലിക്ക മുതലായവ ഉപയോഗപ്പെടുത്തി അച്ചാറു യൂണിററുകൾ വനിതാ ക്ലബ്ബുകൾ രൂപീകരിച്ച് അതുവഴി നടപ്പിലാക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ പയർ, പാവൽ, മുളക് തുടങ്ങിയവയുടെ കൊണ്ടാട്ടവും ഉൽപാദിപ്പിക്കാം.

## 8 സ്കാഷ് & ജാം യൂണിററ്

പൈനാപ്പിൾ, മാങ്ങ, ഓറഞ്ച്, ചക്ക മുതലായവ ഉപയോഗപ്പെടുത്തി സ്കാഷ്, ജെല്ലി ജാം എന്നിവ നിർമ്മിച്ചെടുക്കാവുന്നതാണ്. ഇതിന് വിപണിയും തൊഴിൽ സാദ്ധ്യതയും ധാരാളമുണ്ട്.

## 9 ചെറുകിട പ്ലാസ്ററിക്ക് വ്യവസായം

കളിമൺ പാത്ര നിർമ്മാണം കാലത്തിൻെറ ചവററുകൊട്ടയിൽ അടിയാൻ പ്രധാന

3 പഴയന്നൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പുത്തിരിത്തറ റോഡ് ആവശ്യമായ വീതികൂട്ടി അററകുററപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

4 പഞ്ചായത്തിലെ P.W.D. റോഡിന് പാരലൽ റോഡായ നിലവിലുള്ള ഒന്നാംകല്ല് പ്ലാന്റേഷൻ വീട്ടിക്കുന്ന് മേലേമുറി പന്തലാംമൂച്ചി കണ്ടംചിറ വഴി ഉള്ളാട്ടുകുളത്തിലേക്കുള്ള 8 കി. മീ. റോഡ് മെററലിങ്ങും, ടാറിങ്ങും നടത്തി ഗതാഗതയോഗ്യമാക്കുകയും അതോടൊപ്പം തന്നെ മായന്നൂർ P. W. D. റോഡിൽ നിന്ന് തുടങ്ങുന്ന ചീരക്കുഴി കനാൽ ബണ്ട് വീതികൂട്ടി ഗതാഗതയോഗ്യമായ ഒരു പുതിയ റോഡ് നിർമ്മിച്ച് തൊഴുപ്പാടം വഴി പാഞ്ഞാൾ പഞ്ചായത്തുമായി ബന്ധിപ്പിക്കുകയും, ചക്കോലത്ത് ഭാഗത്ത് കനാലിന് ഒരു പാലം നിർമ്മിച്ച് ഉള്ളാട്ടുകുളം റോഡുമായി ബന്ധിപ്പിക്കേണ്ടതും ചെയ്യേണ്ടതാണ്.

5 നവോദയ കലങ്കണ്ടത്തൂർ റോഡ്, നവോദയ മാങ്കുളം റോഡ്, മായന്നൂർ സെൻറ്തോമസ് ഹൈസ്കൂൾ റോഡ്, തീപ്പാറ M. C. H. റോഡ്, ചിറങ്കര ഉള്ളാട്ടുകുളം റോഡ്, മായന്നൂർ കാവ് സെൻറ്തോമസ് ഹൈസ്കൂൾ റോഡ്, ക്യാപ്ററൻ രാമദാസ് റോഡ്, പാറമേൽപ്പടി പന്തലാംമൂച്ചി M. P. റോഡ്, പാറമേൽപ്പടി പാറക്കടവ് അപ്പത്ത് പാടം റോഡ്, വീട്ടിക്കുന്ന് പ്ലാന്റേഷൻ ഒന്നാംകല്ല് റോഡ്, 6 ാം വാർഡിലെ P.W.D ലക്ഷം വീട് കോളനി റോഡ്, കുഴിയാം പാടം ഒലിച്ചി റോഡ്, എഴുന്നള്ളത്ത് റോഡ്, തച്ചോത്ത്പ്പടി റോഡ്, ചേലക്കോട് കൂളിക്കുന്ന് വടക്കും കോണം കേരകക്കുന്ന് റോഡ്, നാട്യൻചിറ പൊട്ടിക്കുന്ന് കോളനി റോഡ്, ചേലക്കോട് പഴയ കോളനി റോഡ്, കരാറ്കുളമ്പ് റോഡ് തുടങ്ങിയ പഞ്ചായത്തിലെ പ്രധാനറോഡുകൾ മെററൽ ചെയ്യാത്ത ഭാഗം മെററൽ ചെയ്യുകയും മൊത്തമായി ടാർ ചെയ്യുകയും ചെയ്ത് സഞ്ചാര യോഗ്യമാക്കേണ്ടതാണ്.

6 നിലവിലുള്ള മററു പഞ്ചായത്തു റോഡുകൾ അററകുററപണികൾ നടത്തി സഞ്ചാരയോഗ്യമാക്കുകയും ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞ ആവശ്യമായ പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. ഗ്രാമസഭകളിൽ ആവശ്യപ്പെട്ട പുതിയതായി നിർമ്മിക്കേണ്ട റോഡുകളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടികഅന്യത്ര— ചേർത്തിട്ടുണ്ട്

7 പഞ്ചായത്തിലെ തീപ്പാറ, ചിറങ്കര, മൃഗാശുപത്രിഭാഗം, പള്ളിഭാഗം, പാറമേൽപ്പടി ലക്ഷം വീട് കോളനി റോഡുഭാഗം, ഒന്നാം കല്ല് ചേലക്കോട്, സൂപ്പിപ്പടി എന്നിവിടങ്ങളിൽ പുതിയ വെയിററിങ്ഷെഡ് നിർമ്മിക്കുകയും, നിലവിലുള്ള പാറമേൽപ്പടിയിലെ വെയ്ററിംങ്ഷെഡ് പുതുക്കി പണിയുകയും ചെയ്യേണ്ടതാണ്.

8 പഞ്ചായത്തിലെ 1,2,3,4,7 വാർഡുകളിലുള്ള പൊതു ശ്മശാനങ്ങൾ മതിൽ കെട്ടി തിരിക്കുകയും വൈദ്യുത വിളക്കുകൾ സ്ഥാപിക്കുകയും 7ാം വാർഡിലുള്ള ശ്മശാനത്തിലേക്കു ചീരക്കുഴി കനാലിൽ ഒരു നടപ്പാലം പണിയുകയും ചെയ്യേണ്ടതാണ്.

## ഊർജ്ജം

കൊണ്ടാഴി പഞ്ചായത്തിൽ ഒന്നുമുതൽ ഏഴു വാർഡുവരെ ഒററപ്പാലം 66 K.V സബ്സ്റേഷനിൻ നിന്നും എട്ടും ഒൻപതും വാർഡുകളിൽ വടക്കാഞ്ചേരി സബ്സ്റേഷനിൽ നിന്നുമാണ് ആവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽ നിന്ന് എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നതായാണ്

യാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഉപഭോക്താക്കളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള വീടുകളിൽ 55%വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.

ആറുമാസത്തിലൊരിക്കൽ മീററർ പരിശോധിച്ച് ബില്ല് നിർണ്ണയിക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. പ്രേഷണ വിതരണ സംവിധാനങ്ങളുടെ തകരാറുമൂലമാണ് പ്രധാനമായും വൈദ്യുതി നഷ്ടമാവുന്നത്. ഇതിന്റെ സാങ്കേതിക കാരണങ്ങൾ ട്രാൻസ്ഫോർമറുകളുടെ അധികഭാരവും വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളുമാണ്.

പ്രേഷണ-വിതരണ നഷ്ടം കുറക്കുന്നതിനായി പ്രധാനമായും ചെയ്യാവുന്നത് ട്രാൻസ്ഫോർമറുകൾ മെച്ചപ്പെടുത്തുക, വൈദ്യുത ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ യഥാസമയം മുറിച്ചുമാററുക, ട്രൻസ്ഫോർമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുക എന്നിവയാണ്.

ചേപ്പാൻ കുന്ന്, കായാംപൂവ്വം, പരത, കേരകക്കുന്ന് എന്നീ ഉയർന്ന സ്ഥലങ്ങളിൽ പിററ്മെൻ (കാററിൽനിന്ന് വൈദ്യുതി ഉല്പാദന സമ്പ്രദായം) സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും വൈദ്യുതി ചാർജ്ജ് പഞ്ചായത്തിൽ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുക. പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ വീടുകളും താഴ്ന്ന വരുമാനക്കാരായ മററു വിഭാഗക്കാരുടെ വീടുകളും കുടിൽ ജ്യോതി പദ്ധതിപ്രകാരം വൈദ്യുതീകരിക്കുക.

പ്രധാന റോഡുകൾക്കു മുൻഗണന നല്കി പഞ്ചായത്തിലെ എല്ലാ റോഡുകളിലും വൈദ്യുതി എത്താത്ത ഭാഗത്ത് ലൈൻ വലിച്ച് വൈദ്യുതി എത്തിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. അതോടൊപ്പം തന്നെ പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിൽ സോഡിയം ലാമ്പുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

ബയോഗ്യാസ് പ്ളാൻറുകൾ, പുകയേൽക്കാത്ത അടുപ്പുകൾ എന്നിവയെ കുറിച്ച് ബോധവൽക്കരണം നടത്തുകയും സാമ്പത്തിക സഹായം നല്കുകയും ചെയ്യുക. ട്രാൻസ്ഫോർമറുകൾ എല്ലാം കമ്പിവേലി കെട്ടി സുരക്ഷിതമാക്കുക. നിലവിലുള്ള വഴിവിളക്കുകൾ കത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക, ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന വൈദ്യുത പോസ്ററുകൾ മാററി സ്ഥാപിക്കുക എന്നിവയെല്ലാം ചെയ്യേണ്ടതാണ്

## ഗ്യാസ് ഏജൻസി

പഞ്ചായത്തിൽ കേന്ദ്രസഹായത്തോടെ ഗ്യാസ് ഏജൻസി ഏർപ്പെടുത്തണം. പഞ്ചായത്തിൽ അടുത്ത പഞ്ചവത്സര പദ്ധതിയിൽ 2000 ഗ്യാസ് അടുപ്പുകൾ യാഥാർത്ഥ്യമാക്കണം. Electricity Connection ഉള്ള വീടുകളിൽ Self metre reading സമ്പ്രദായം അഭിലഷണീയമാണ്. Street light കൾക്കു Metre reading സമ്പ്രദായം നടപ്പിലാക്കണം.

## ഒററപ്പാലം—മായന്നൂർ പാലം

കൊണ്ടാഴി പഞ്ചായത്ത് പ്രദേശം കേരളത്തിലെ ഒരു അർദ്ധ ദ്വീപ് പ്രദേശമാണ്, ഗതാഗതത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്തിന്റെ സ്ഥിതി ശോചനീയമാണ്. തൃശ്ശൂർ ജില്ലയുടെ വടക്കേ അററത്ത് 3 ഭാഗവും ചീരക്കുഴി പുഴ, ഭാരതപ്പുഴ എന്നിവയാലും ബാക്കി പ്രദേശം മലമ്പ്രദേശങ്ങളാലും ചുററപ്പെട്ടു കിടക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾക്കുള്ള ഏക യാത്രാ സൗകര്യം കായാംപൂവ്വം-മായന്നൂർ P.W.D റോഡ് മാത്രമാണ്.

ഈ പഞ്ചായത്തിൻെറ വടക്കെ അതിർത്തിയായ ഭാരതപ്പുഴയുടെ മറുഭാഗത്ത് പാലക്കാട് ജില്ലയിലെ ഒററപ്പാലം മുനിസിപ്പൽ ടൗൺ സ്ഥിതിചെയ്യുന്നു. കൊണ്ടാഴി പഞ്ചായത്തിലെ ജനങ്ങളുടെ നിത്യോപയോഗ ആവശ്യങ്ങൾ ഒററപ്പാലം പട്ടണവുമായാണ് നടത്തി വരുന്നത്. ഭാരതപ്പുഴയ്ക്കു കുറുകെ ഏകദേശം 800 മീററർ വീതിയുണ്ട്. വർഷത്തിൽ ആറു മാസവും അക്കരെ കടക്കുന്നതിന് കടത്തു വഞ്ചിയാണ് ഏക ആശ്രയം. ഒട്ടനവധി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ കോളേജ് വിദ്യാഭ്യാസത്തിനു വേണ്ടി ഒററപ്പാലത്തുള്ള കോളേജുകളെയാണ് ആശ്രയിക്കുന്നത്. വിദ്യാഭ്യാസ സംബന്ധമായി മാത്രമല്ല തൊഴിൽപരമായും, വ്യാപാര സംബന്ധമായും ദിനംപ്രതി ആയിരത്തിലധികം ജനങ്ങൾ ഒററപ്പാലം പട്ടണവുമായി ബന്ധപ്പെടുന്ന സ്ഥിതി വിശേഷമാണ് ഈ പഞ്ചായത്തിലുള്ളത്. ജനങ്ങൾ ഇന്ന് നേരിടുന്ന യാത്രാ ക്ലേശത്തിന് പരിഹാരമായി ഈ പഞ്ചായത്തിലെ മായന്നൂർ പ്രദേശവും, ഒററപ്പാലം പ്രദേശവും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ക്രോസ്‌വെ അല്ലെങ്കിൽ പാലം നിർമ്മിക്കണമെന്ന ആവശ്യം കഴിഞ്ഞ 50 കൊല്ലമായി ഇരുപ്രദേശങ്ങളിലെയും ജനങ്ങൾ ഉന്നയിച്ചു വരുന്നതാണ്.

കേരളപിറവിക്കു മുൻപ് തിരു-കൊച്ചി സംസ്ഥാനത്തെ ഗവർണറായിരുന്ന ശ്രീ: രാമകൃഷ്ണറാവു മായന്നൂർ സന്ദർശിച്ച അവസരത്തിലാണ് (1952) ഈ ആവശ്യത്തിനായി ആദ്യമായി ഒരു നിവേദനം നൽകപ്പെട്ടത്. തുടർന്ന് നിരവധി മെമ്മോറാണ്ടങ്ങളും സമരമുറകളും ഇതിനുവേണ്ടി നടത്തപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങളുടെ ഫലമായി ഗവൺമെൻറ് തലത്തിൽ ഈ പാലം നിർമ്മാണത്തിനുള്ള സർവ്വെ, എസ്ററിമേററ് രൂപീകരണം എന്നിവ നടത്തിയിട്ടുള്ളതുമാണ്. ശ്രീ കെ. ആർ, നാരായണൻ ഒററപ്പാലം M.P യായി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നും കേന്ദ്രത്തിലെ ഉപരിതല ഗതാഗത മന്ത്രിയുമായിരുന്ന ശ്രീ കെ. പി ഉണ്ണികൃഷ്ണൻെറ കാലഘട്ടത്തിലും ഈ പാലത്തിൻെറ സാക്ഷാത്കാരത്തിൻെറ അടുത്തുവരെ ചെന്നെത്തിയതാണ്. എന്നാൽ എന്തുകൊണ്ടോ ഇന്നു പാലം നിർമ്മാണം ഒരു സ്വപ്നമായി അവശേഷിക്കുകയാണ്. കേരളാഗവൺമെൻറിൻെറ വർഷങ്ങൾക്കുമുമ്പുള്ള ബഡ്ജററിൽ ഈ പാലം നിർമ്മാണം ഉൾപ്പെട്ടിട്ടുള്ളതാണ്. കഴിഞ്ഞ യു. ഡി. എഫ് മന്ത്രിസഭ കാലത്ത് അന്നത്തെ ഗതാഗത വകുപ്പു മന്ത്രി ശ്രീ P. K. K ബാവ ഈ പാലം നിർമ്മാണത്തിന് വേണ്ടി ഒരു ആത്മാർത്ഥ പരിശ്രമം നടത്തുകയുണ്ടായി. പാലം നിർമ്മാണത്തിന് 10 കോടി രൂപ എസ്ററിമേററ് വരുന്നതിനാൽ ഈ വലിയ സംഖ്യ സ്വരൂപിക്കുന്ന കാര്യത്തിൽ ചർച്ചകൾ നടത്തുകയുണ്ടായെങ്കിലും ഫലപ്രദമായില്ല. ഏതായാലും താമസിയാതെ തന്നെ ഈ പാലത്തിൻെറ നിർമ്മാണം അടിയന്തിര സ്വഭാവത്തോടുകൂടി തന്നെ ഏറെറടുത്തുനടത്തുന്നതിന് കേരളാ ഗവൺമെൻറ് മുൻഗണനാടിസ്ഥാനത്തിൽ തന്നെ മുന്നോട്ടു വരണമെന്നാണ് ജനങ്ങൾ ആവശ്യപ്പെടുന്നത്

# ഗ്രാമസഭയിൽ ആവശ്യപ്പെട്ട പുതിയതായി നിർമ്മിക്കേണ്ട റോഡുകളെ കുറിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് | നീളം |
|---|---|---|---|
| 1 | 1 | മാങ്കുളം മുതൽ ചീരക്കുഴി കനാൽ വരെ | 250 മീ. |
| 2 | 1 | ഉള്ളാട്ടുകളം മാങ്കുളം റോഡിൽനിന്ന് ചക്കാൻ തറ ഭാഗത്തേക്ക് | 300 മീ. |
| 3 | 1 | വട്ടപ്പറമ്പ് കോളനി റോഡിൽ നിന്ന് പത്തുപൊതി ഭാഗത്തേക്ക് | 300 മീ. |
| 4 | 1 | നവോദയ റോഡിൽ നിന്നും പടിഞ്ഞാററൂർ അമ്പലം ഭാഗത്തേക്ക് | 400 മീ. |
| 5 | 1 | പുതുക്കുടിപ്പാടം റോഡ് കലങ്കണ്ടത്തൂർ റോഡുമായി ബന്ധിപ്പിക്കുക | 300 മീ. |
| 6 | 1 | മാങ്കുളം കനാൽ റോഡിൽ നിന്നും പത്തായപുര മൂത്തേടത്തുപടി ഭാഗത്തേക്ക് | 250 മീ. |
| 7 | 2 | മുല്ലപ്പള്ളി തിരുത്തത്ത് വഴി പോകുന്ന ഇടവഴി വീതികൂട്ടി പുതിയ റോഡ് | 400 മീ. |
| 8 | 2 | ഭൂദാൻ കോളനിയിൽ നിന്ന് ശ്മശാനത്തിലേക്ക് | 350 മീ. |
| 9 | 3 | കണ്ടംചിറപ്പടി മണലിക്കുന്ന് റോഡ് 4—ാം വാർഡിലെ മൂലങ്ങാട്ട് ചിറ ഭാഗത്തേക്ക് ബന്ധിപ്പിക്കുക | 200 മീ. |
| 10 | 3 | ഉള്ളാട്ടുകളം റോഡിൽ നിന്ന് സാമൂഹ്യക്ഷേമ കേന്ദ്രത്തിന് മുൻവശത്തു കൂടി പോകുന്ന ഇടവഴി വീതികൂട്ടി തേനാംകോട് ഭാഗത്തേക്ക് | 500 മീ. |
| 11 | 3 | ഓട്ടൂർമനയുടെ പിൻവശത്തുള്ള കരുവാൻ പടി ഭാഗത്തേക്ക് | 200 മീ. |
| 12 | 3 | ആശാരിക്കുന്ന് ഭാഗത്തുനിന്ന് കനാൽ ഭാഗത്തേക്ക് | 250 മീ. |
| 13 | 3 | നാലാം വാർഡിലെ എം.പി. റോഡിൽ നിന്ന് പട്യാലംകുന്ന് ഭാഗത്തേക്ക് | 200 മീ. |
| 14 | 4 | പള്ളിമുക്ക് P W D റോഡിൽ നിന്ന് ഇല്ലീക്കൽ കടവിലേക്ക് | 600 മീ. |
| 15 | 4 | P W D റോഡിൽ നിന്ന് ശേഖരത്തിൽപ്പടി വഴി ചേപ്പൻകുന്ന് ഭാഗത്തേക്ക് | 300 മീ. |
| 16 | 4 | M P റോഡിൽ നിന്ന് മാളീയം കുന്ന് ഭാഗത്തേക്ക് | 150 മീ. |
| 17 | 4 | 4—ാം വാർഡിൽ P W D റോഡിൽ നിന്നും ലക്ഷംവീട് കോളനി ഭാഗത്തേക്ക് | 200 മീ. |
| 18 | 4 | P W D റോഡിൽ നിന്ന് വഴുക്കപ്പാറ വഴി ക്യാപ്ററൻ രാമദാസ് റോഡിലേക്ക് | 500 മീ. |
| 19 | 4 | മായന്നൂർ കാവിൻെറ കിഴക്കേ നടയിൽ നിന്ന് ചീരക്കുഴി പുഴയിലേക്ക് | 200 മീ. |
| 20 | 5 | കോയക്കോട്ട് കോളനി റോഡിൽ നിന്ന് പൂളക്കൽ ഭാഗത്തുനിന്ന് തുടങ്ങുന്ന തോട് വരമ്പ് വീതികൂട്ടി P W D റോഡിലേക്ക് പുതിയ റോഡ് | 800 മീ. |

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് | നീളം |
|---|---|---|---|
| 21 | 5 | ക്യാപ്റ്റൻ രാമദാസ് റോഡിൽ നിന്ന് പള്ളത്ത് വഴി പള്ളിഞ്ഞാലിൽ ഭാഗത്തേക്ക് | 300 മീ. |
| 22 | 5 | കോയക്കോട്ട് കോളനി റോഡിൽ നിന്ന് കീർത്തികുന്ന് ചക്കാൻതറ ഭാഗത്തേക്ക് | 300 മീ. |
| 23 | 5 | പണ്ടാരത്ത് അമ്പലം റോഡിൽ നിന്ന് കാര്യാട്ടിരി ഭാഗത്തേക്ക് | 300 മീ. |
| 24 | 5 | മേലേമുറി റോഡിൽ നിന്ന് വീട്ടിക്കുന്നത്തേക്ക് | 350 മീ. |
| 25 | 5 | മേലേമുറി പന്തലാമൂച്ചി റോഡിൽ നിന്ന് കൊട്ടിലിങ്കൽ പടി വഴി ക്യാപ്റ്റൻ രാമദാസ് റോഡിലേക്ക് | 300 മീ. |
| 26 | 5 | മേലേമുറി റോഡിൽ നിന്ന് മൂപ്പിനിയിൽ വഴി പന്തലാമൂച്ചി റോഡിലേക്ക് | 350 മീ. |
| 27 | 5 | വില്ലേജ് ഓഫീസ് വല്യവീട്ടിൽ പാറോല റേഡിൽനിന്ന് അപ്പത്ത്പ്പടി റോഡിലേക്ക് | 300 മീ. |
| 28 | 6 | കാട്ടാളത്ത് കോളനി S C P റോഡിന്റെ തുടർച്ചയായി വാഴാട് കോളനിയിലേക്ക് | 500 മീ. |
| 29 | 6 | പ്ലാന്റേഷൻ റോഡിൽ നിന്ന് ഒലിച്ചി കോളനിയിലേക്ക് | 300 മീ. |
| 30 | 6 | കാട്ടാളത്ത് കോളനിയിൽനിന്ന് കാട്ടാളത്ത് പുതിയ കോളനിയിലേക്ക് | 250 മീ. |
| 31 | 6 | കുഴിയംപാടം കോവിൽ റോഡിൽനിന്ന് തോട്ടശ്ശേരി കുണ്ടുവഴി ലക്ഷം വീട് കോളനി ഭാഗത്തേക്ക് | 400 മീ. |
| 32 | 6 | ഒലിച്ചി കോളനി റോഡിൽ നിന്ന് ചെമ്മഴി കാഞ്ഞങ്ങാട് ഭാഗം വഴി ലക്ഷം വീട് കോളനി റോഡിലേക്ക് | 800 മീ. |
| 33 | 6 | താഴത്തെപടി റോഡിൽനിന്ന് കോലക്കാട്ട്കുളം വഴി ലക്ഷം വീട് കോളനി റോഡിലേക്ക് | 500 മീ. |
| 34 | 6 | ലക്ഷം വീട് കോളനി റോഡിൽ നിന്ന് കരുവാൻതറ ഭാഗത്തേക്ക് | 200 മീ. |
| 35 | 6 | ഗ്രാമസേവക് ക്വാർട്ടേഴ്സ് റോഡിൽനിന്ന് കാഞ്ഞങ്ങാട്ട് ഭാഗത്തേക്ക് | 250 മീ. |
| 36 | 6 | വീട്ടിക്കുന്ന് മുതൽ ഒലിച്ചിഡാം വരെ. | |
| 37 | 6 | ഒലിച്ചി കോളനിയിൽ നിന്ന് ഒലിച്ചിഡാമിലേക്ക് | |
| 38 | 6 | P W D റോഡിൽനിന്ന് തച്ചോത്ത് കോളനി ഭാഗത്തേക്ക് | 300 മീ. |
| 39 | 6 | ഒലിച്ചി കോളനിയിൽനിന്ന് ആമാട്ടു പാറയിലേക്ക് | 300 മീ. |
| 40 | 6 | തച്ചോത്ത് കോളനിയിൽനിന്ന് പുത്തിരിത്തറ ഭാഗത്തേക്ക് | 950 മീ. |
| 41 | 7 | P W D റോഡിൽ നിന്ന് കരുവാൻതറ വഴി നീലംകുളം റോഡിലേക്ക് | 700 മീ. |
| 42 | 7 | തേക്കിൻകാട് കോളനിയിൽനിന്ന് രശ്മി റീഡിങ്ങ് സെന്റർ ഭാഗത്തേക്ക് | 600 മീ. |
| 43 | 7 | ചെമ്മഴിപടി കോളനിയിൽനിന്ന് പുത്തിരിത്തറ ഭാഗത്തേക്ക് | 300 മീ. |
| 44 | 7 | P W D റോഡിൽനിന്നു മിച്ചഭൂമി കോളനിയിലേക്ക് | 250 മീ. |
| 45 | 7 | തച്ചോത്ത് റോഡിൽനിന്ന് ഒലിച്ചി റോഡിലേക്ക് | 300 മീ. |
| 46 | 7 | സ്കൂൾ റോഡിൽനിന്ന് തെക്കേകുളം ഭാഗത്തേക്ക് | 300 മീ. |

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് | നീളം |
|---|---|---|---|
| 47 | 7 | കുഴിയംപാടം ഒലിച്ചിറോഡിൽനിന്ന് പാമ്പിൻകാവ് ഭാഗത്തേക്ക് | 400 മീ. |
| 48 | 7 | എഴുന്നള്ളത്ത് റോഡിൽനിന്ന് തേക്കിൻകാട് കോളനി ഉൾപ്രദേശത്തേക്ക് | 200 മീ. |
| 49 | 7 | P W D റോഡിൽനിന്ന് സാമൂഹ്യക്ഷേമ കേന്ദ്ര ഭാഗത്തേക്ക് | 250 മീ. |
| 50 | 9 | ചേലക്കോട് കൂളിക്കുന്ന് റോഡിൽനിന്ന് ലക്ഷം വീട് എള്ളുത്തി പാറ റോഡിലേക്ക് | 300 മീ. |
| 51 | 8 | P W D റോഡിൽ നിന്നും വെളുത്തേടത്ത് പാറവഴി പൊട്ടിക്കുന്നത്തേക്ക് | |
| 52 | 8 | സൂപ്പിപ്പടിയിൽ നിന്നും പൊട്ടിക്കുന്ന് കോളനിയിലേക്ക് | |
| 53 | 8 | നെയ്ത്ത്കുളങ്ങര റോഡിൽ നിന്നും പ്രട്രാൻ ചോലയിലേക്ക് | |
| 54 | 8 | കുളിക്കുന്ന് കോളനി റോഡിൽ നിന്നും പൊട്ടിക്കുന്ന് കോളനിയുമായി പള്ളിപ്പാറ റോഡ് | |
| 55 | 8 | P W D റോഡിൽ നിന്നും സൂപ്പിപ്പടി അംഗൻവാടിയിലേക്ക് | 150 മീ. |
| 56 | 9 | ആമാട്ട് പാറ മുതൽ ഒലിച്ചി റോഡിലേക്ക് | |
| 57 | 9 | കേരകക്കുന്ന് വാഴാട് റോഡ് | |
| 58 | 9 | വാര്യത്ത്പാറ മുതൽ കാട്ടാളത്ത് കോളനി വരെ | |
| 59 | 9 | വാര്യത്ത് പാറ മുതൽ തകരകുന്നത്ത് ഭാഗം വരെ | |
| 60 | 8 | P W D റോഡിൽ നിന്ന് മണ്ണ്യേൻ കോട് ഭാഗം വഴി കൂളിക്കുന്ന് ഹരിജൻ കോളനിയുമായി ബന്ധിപ്പിക്കുക | |
| 61 | 9 | പൊന്നും കുന്നം റോഡ് ചേലക്കര പഞ്ചായത്തിലെ പ്ലാക്കോട് റോഡുമായി ബന്ധിപ്പിക്കുക | |
| 62 | 9 | ഏലംകുളം മേലേകുളം പ്ലാന്റേഷൻ റോഡ് ബന്ധിപ്പിക്കുക | |
| 63 | 9 | പൂളമൂട്ടിൽ നിന്ന് പ്ലാപ്പടത്തിൽപ്പടി ഹരിജൻ കോളനി വഴി ഒലിച്ചി കോളനിയിലേക്ക് ബന്ധിപ്പിക്കുക | |
| 64 | 9 | പ്ലാന്റേഷൻ ഒതുക്കുത്തി വഴി കൂളിക്കുന്ന് റോഡിലേക്ക് ബന്ധിപ്പിക്കുക | |
| 65 | 9 | അപ്പത്ത് ചോല ചെറളിക്കുളം പൂണത്ത് പടി റോഡ് | |
| 66 | 9 | ആമാട്ടുപാറ ഒലിച്ചി റോഡിൽ നിന്ന് പ്ലാന്റേഷൻ റോഡ് നിർമ്മിക്കുക | 500 മീ. |
| 67 | 9 | ആനചുണ്ടൻ റോഡിൽ നിന്ന് ഒതുകുത്തിയിലേക്ക് | 300 മീ. |
| 68 | 9 | പൂളമേട് റോഡിൽ നിന്ന് അത്താണിപറമ്പ് വഴി ഒതുക്കുത്തിയിലേക്ക് | 600 മീ. |
| 69 | 9 | അപ്പത്ത്ചോല പൂണത്തു മഠം റോഡ് കൂളിക്കുന്ന് റോഡുമായി ബന്ധിപ്പിക്കുക | |
| 70 | 9 | അപ്പത്ത്ചോല റോഡിൽ നിന്ന് അപ്പത്ത് ചിറയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക | |



മായന്നൂർ—ഒററപ്പാലം പാലത്തിനുവേണ്ടിയുള്ളസമരത്തിൻെറ ഭാഗമായി ഭാരതപ്പുഴയിൽ നിർമ്മിച്ച ''മനുഷ്യമതിൽ''

# പാർപ്പിടവും-സാമൂഹ്യക്ഷേമവും

പാർപ്പിടത്തിൻെറ കാര്യത്തിൽ ഈ പഞ്ചായത്തിൻെറ അവസ്ഥ പൊതുവെ തൃപ്തികരമല്ല. സാമ്പത്തികവും, വ്യാവസായികവും, തൊഴിൽപരവുമായ വളർച്ചയില്ലായ്മ ഈ ഗ്രാമീണ മേഖലയിൽ പാർപ്പിട സൗകര്യങ്ങളിൽ അപര്യാപ്തത ഉളവാക്കിയിട്ടുണ്ട്. 95-96ലെ സെൻസസ് പ്രകാരം 5424 വീടുകളുള്ളതിൽ 1062 വീടുകൾ ഓലപ്പുരയും, 277 കോൺക്രീററ് വീടുകളും ബാക്കി ഓടുമേഞ്ഞതുമാണ്. ഭവന നിർമ്മാണത്തിന് JRY, IAY, മില്യൻവെൽ പദ്ധതിയനുസരിച്ച് SC/ST കോർപ്പറേഷൻ, ഭവന നിർമ്മാണ ബോർഡ് എന്നീ ഏജൻസികൾ മുഖേനയും സാമ്പത്തിക സഹായം നൽകി വരുന്നതുകൊണ്ട് ഈ മേഖലയിൽ ഓലപ്പുരകളുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

പുതിയതായി നിർമ്മിയ്ക്കുന്ന കോൺക്രീററ് വീടുകളുടെ ചുമരുകൾ നിലങ്ങളും ഇഷ്ടികയും, വെട്ടുകല്ലും കൊണ്ടാണ് നിർമ്മിച്ചുകാണുന്നത്. മററു പിന്നോക്ക വിഭാഗക്കാരുടേയും ഇടത്തരം വരുമാനക്കാരുടേയും വീടുകൾ ചളിക്കട്ടയും, മണ്ണും ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ചുരുക്കം വീടുകളുടെ തറയിൽ മൊസെയ്ക്കും, സിമൻറും ഉപയോഗിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തെരുവുകൾ ഒററപ്പെട്ടു കിടക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം കുറവായതിനാൽ പരിസര മലിനീകരണത്തിനിടയാക്കുന്നു. തൻമൂലം പകർച്ച വ്യാധിയ്ക്ക് കാരണമാകുന്നു.

കോളനികളിലേയും മററു പിന്നോക്ക വിഭാഗക്കാരുടേയും നിരവധി വീടുകൾ കേടുപാടുകൾ തീർത്ത് പുനർനിർമ്മാണം നടത്തേണ്ട സ്ഥിതിയിലാണ്.

വിവിധ ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹരായവരാണെങ്കിലും പട്ടയം ലഭിക്കാത്തതുമൂലം കൈവശ സ്ഥലത്ത് ഓലപ്പുരയിൽ താമസിക്കുന്ന ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് ''സ്വന്തം വീട്'' എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ആദ്യം വേണ്ടത് പട്ടയമാണ്. ഇതിന് അടിയന്തിര നടപടി സർക്കാരിൻെറ ഭാഗത്തു നിന്നാണ് ഉടനെ വേണ്ടത്.

നിലവിലുള്ള പാർപ്പിട സൗകര്യം താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്. (95--96 ലെ സെൻസസ് പ്രകാരം)

| വാർഡ് | ഓല | ഓട് | ടെറസ് | ആകെ |
|---|---|---|---|---|
| 1 | 126 | 399 | 39 | 564 |
| 2 | 74 | 333 | 49 | 456 |
| 3 | 77 | 364 | 45 | 486 |
| 4 | 65 | 456 | 30 | 551 |
| 5 | 92 | 333 | 15 | 440 |
| 6 | 97 | 442 | 39 | 578 |
| 7 | 110 | 473 | 22 | 605 |
| 8 | 156 | 316 | 20 | 492 |
| 9 | 265 | 347 | 18 | 630 |
| ആകെ | 1062 | 3463 | 277 | 5424 |

## നിലവിലുള്ള പാർപ്പിട സൗകര്യം

**ഭവനത്തെ സംബന്ധിച്ച് :**

| വാർഡ് | വീട് ആവശ്യമുള്ളവർ [IRDP] സർവ്വേ | അനുവദിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീട് | ആകെ വീട് ആവശ്യമുള്ളത് 503 |
|---|---|---|---|---|
| 1 | 53 | 9 | 44 | |
| 2 | 45 | 7 | 38 | |
| 3 | 64 | 10 | 54 | |
| 4 | 62 | 15 | 47 | |
| 5 | 56 | 8 | 48 | |
| 6 | 81 | 14 | 64 | |
| 7 | 96 | 17 | 79 | |
| 8 | 54 | 11 | 43 | |
| 9 | 102 | 16 | 86 | |

**കക്കൂസിനെ സംബന്ധിച്ച് :**

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ | അനുവദിച്ചത് | ഇനി ആവശ്യമായത് | സാനിട്ടറി കക്കൂസ് ആകെ ആവശ്യം |
|---|---|---|---|---|
| 1 | 186 | 6 | 180 | 1488 |
| 2 | 138 | 6 | 132 | |
| 3 | 162 | 4 | 158 | |
| 4 | 168 | 5 | 163 | |
| 5 | 166 | 8 | 158 | |
| 6 | 165 | 6 | 159 | |
| 7 | 192 | 6 | 186 | |
| 8 | 146 | 5 | 146 | |
| 9 | 216 | 5 | 211 | |

സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിൽ 3 സാമൂഹ്യ ക്ഷേമ കേന്ദ്രവും, 20 അംഗൻവാടികളും ഉണ്ട്. എന്നാൽ അംഗൻവാടികൾ കൂടുതൽ സൗകര്യമില്ലാത്തതും, സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കാതെ കിടക്കുന്ന നിലയിലും കണ്ടുവരുന്നു. വിവിധ മഹിളാ സമാജങ്ങളും, അസോസിയേഷനുകളും ഉണ്ടെങ്കിലും ഇവയെല്ലാം പ്രവർത്തിയ്ക്കുന്ന നിലയിലല്ല. ഈ പഞ്ചായത്തിൽപ്പെട്ട വാർഡുകളെ മററു പഞ്ചായത്തിൽപ്പെടുന്ന ഹെൽത്ത് സെൻററുകളുമായി ബന്ധപ്പെടുത്തുന്നതുമൂലം പല വിധത്തിലുള്ള തടസ്സങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നു.

ദാരിദ്ര നിർമ്മാർജ്ജനത്തിന് പെൻഷൻ പദ്ധതികളും, വായ്പാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും വലിയൊരുഭാഗം ജനങ്ങൾ ഇപ്പോഴും ദാരിദ്ര രേഖയ്ക്കു താഴെ തന്നെ തുടരുന്നു. പ്രാദേശിക സ്വഭാവത്തിനനുസരിച്ച് പദ്ധതി നടപ്പിൽ വരുത്താത്തതും, സാധ്യതകൾക്ക് അനുസരിച്ച് തൊഴിൽ പരിശീലനത്തിൽ മാററം വരുത്താത്തതും, കൃത്യസമയത്ത് വായ്പാ സൗകര്യം മററു സാങ്കേതിക പരിശീലനം എന്നിവ നൽകുന്നതിലെ കാലതാമസവും സാമൂഹ്യരംഗത്തെ പുരോഗതിയ്ക്ക് തടസ്സമാകുന്നു.

1992ലെ ഐ.അർ.ഡി.പി. സർവ്വെയിൽ 2140 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എങ്കിലും അർഹരായ പലരും ഇതിൽ ഉൾപ്പെട്ടിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 401 കുടുംബങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്. ഇതിൽ തന്നെ മററുവിഭാഗങ്ങൾ ഉൾപ്പെടെ ആകെ 320 കുടുംബങ്ങൾക്ക് മാത്രമാണ് സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞിട്ടുള്ളത്.

ഇതിൽ 117 കുടുംബങ്ങളുടെ നിലയാണ് അല്പം എങ്കിലും ഉയർത്തുവാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെ 390 കർഷകത്തൊഴിലാളി പെൻഷൻകാരും 59 വാർദ്ധക്യ പെൻഷൻകാരും നിലവിലുണ്ട്. ഇനിയും പെൻഷന് അർഹരായ വാർദ്ധക്യക്കാരും, വിധവകളും, വികലാംഗരും കുഷ്ഠരോഗമുള്ളവരും, ക്ഷയരോഗികളും മററു വിഭാഗത്തിൽ അർഹതയുള്ളവരും അപേക്ഷകൾ നൽകിയിട്ടും അർഹമായ അവകാശം ലഭിക്കാതെ ക്ലേശിച്ചു കഴിയുന്നു.

ഇപ്പോൾ തുടർന്നു പോകുന്ന സംവിധാനം വിപുലമാക്കുകയാണെങ്കിൽ സാമൂഹ്യക്ഷേമ രംഗത്തെ ഈ പ്രശ്നം വലിയൊരളവിൽ പരിഹൃതമാകും.

**സാമൂഹ്യരംഗത്തെ അവസ്ഥ**

[IRDP സർവ്വെ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ]

| വാർഡ് | സർവ്വെയിൽ ഉൾപ്പെട്ട കുടുംബങ്ങൾ | SC/ST | സാമ്പത്തിക സഹായം കിട്ടിയത് | SC/ST ക്ക് | മററു വിഭാഗം | ഇനി ലഭിക്കേണ്ടത് |
|---|---|---|---|---|---|---|
| 1 | 299 | 30 | 30 | 18 | 12 | 269 |
| 2 | 170 | 40 | 32 | 16 | 10 | 138 |
| 3 | 259 | 30 | 31 | 20 | 14 | 228 |
| 4 | 254 | 59 | 39 | 20 | 12 | 215 |
| 5 | 158 | 22 | 24 | 14 | 10 | 134 |
| 6 | 214 | 45 | 39 | 20 | 16 | 175 |
| 7 | 284 | 89 | 39 | 20 | 15 | 245 |
| 8 | 166 | 42 | 37 | 20 | 12 | 129 |
| 9 | 336 | 44 | 49 | 26 | 16 | 287 |

മററു പെൻഷനുകൾ പഞ്ചായത്തിൽ

| വികലാംഗർ | കർഷക തൊഴിലാളി | വിധവ | വാർദ്ധക്യം | കുഷ്ഠം | ക്ഷയം | കാൻസർ | തൊഴിലില്ലായ്മ |
|---|---|---|---|---|---|---|---|
| — | 390 | 59 | 60 | 10 | 4 | 6 | 106 |

## പാർപ്പിട സാമൂഹിക രംഗത്തെ പ്രശ്നങ്ങൾ

1 കൂടുതൽ വീടുകൾ ആവശ്യമാണ്, കോളനികളിലേയും, മററു താഴ്ന്ന വരുമാനക്കാരുടേയും വീടുകൾ അററകുററ പണികൾ ചെയ്യേണ്ടതുമാണ്.

2 പട്ടയമില്ലാത്തവർക്ക് പട്ടയം നൽകുക. പുറംപോക്കു പ്രദേശത്തെ താമസക്കാരെ മാററിപ്പാർപ്പിക്കുക.

3 70% വീടുകളിൽ കക്കൂസ് ഇല്ല. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം ഉറപ്പു വരുത്തണം.

4 അംഗൻവാടികൾ, സാമൂഹികസംഘടനകൾ വഴി പോഷക ആഹാരം വിതരണം ചെയ്യുകയും, ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് പകർച്ചവ്യാധിയും, പരിസര മലിനീകരണം നിയന്ത്രിക്കേണ്ടതുമാണ്.

5 പെൻഷൻ പദ്ധതികളിലും മററു സാമ്പത്തിക സഹായ പദ്ധതികളിലും അർഹരായ എല്ലാവർക്കും സഹായം ഉറപ്പു വരുത്തുക.

6 നിർബന്ധ സ്കീമുകളിൽ പ്രായോഗികത പരിഗണിച്ച് മാററം വരുത്തുക. പകരം പ്രാദേശിക സ്വഭാവത്തിനനുസരിച്ച് സ്കീമുകൾ ആസൂത്രണം ചെയ്യുകയും അതിനു സഹായകമായ മാനദണ്ഡങ്ങൾ നിർണയിക്കുകയും ചെയ്യുക.

7 വീടുകൾ നൽകുന്നതിനുള്ള മുൻഗണന, വിധവകൾ, അംഗവൈകല്യമുള്ളവർ, മാറാരോഗികൾ, അവിവാഹിതകൾ, മററു താഴ്ന്ന വരുമാനക്കാർ എന്നിവർക്ക് ഉറപ്പു വരുത്തുക.

8 ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ആവിശ്യമായ സാങ്കേതിക വൈവിദ്ധ്യവും വിവരവും നൽകുന്ന വിധത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

9 കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ കോർപ്പറേഷൻ സെക്ററർ വഴി വിതരണം ചെയ്യാൻ നടപടിയെടുക്കുക.

10 വെൽഫയർ കമ്മററി രൂപപ്പെടുത്തുക.

11 പുതിയതായി അനുവദിച്ച അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുക. പഞ്ചായത്തിലെ 2, 3, 7 വാർഡുകളിലെ സാമൂഹിക ക്ഷേമ കേന്ദ്രത്തിലെ ശോചനീയാവസ്ഥ പരിഹരിക്കുക.

12 ചേലക്കോട് വില്ലേജിലും ആവശ്യമായ മററു പ്രദേശങ്ങളിലും പൊതു ശ്മശാനം നിർമ്മിക്കുക.

★

# കുടിവെള്ളവും പൊതുജനാരോഗ്യവും

കൊണ്ടാഴി പഞ്ചായത്തിലെ കുടിനീർ സ്രോതസ്സ് മുൻ കാലങ്ങളിൽ മുഖ്യമായും നീർച്ചാലുകളും സ്വകാര്യ കിണറുകളും ആയിരുന്നു. തുടർന്ന് കാലാവസ്ഥയിൽ വന്ന മാററങ്ങളും സർക്കാർ ഫോറസ്ററ് വനങ്ങളിൽ നിബിഡ വനങ്ങൾ മുറിച്ചു മാററി യൂക്കാലിപ്ററസും അക്കേഷ്യയും വെച്ചു പിടിപ്പിച്ചതു നിമിത്തം പ്രകൃതിദത്തമായ നീർച്ചാലുകളും സമീപ പ്രദേശങ്ങളിലെ കിണറുകളും വററി വരണ്ടു. ഇപ്പോൾ ഈ പഞ്ചായത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമത്തിലാണ്.

പഞ്ചായത്തിൽ ആദ്യമായി നിലവിൽ വന്ന വീട്ടികുന്ന് ശുദ്ധജല വിതരണ പദ്ധതിയും തുടർന്നു വന്ന മായന്നൂർ ശുദ്ധ ജല വിതരണ പദ്ധതിയും, ചേലക്കോട് ശുദ്ധ ജല വിതരണ പദ്ധതിയും അടുത്തതായി നിലവിൽ വന്ന വാഴാട്–തേക്കിൻകാട് കോളനി ശുദ്ധ ജലവിതരണ പദ്ധതിയുമാണ് ഇപ്പോൾ നിലവിലുള്ളത്. കൂടാതെ എട്ടു പൊതു കുളങ്ങളും, മുപ്പത്തിനാല് പൊതു കിണറുകളും, പതിനെട്ട് കുഴൽ കിണറുകളും നിലവിലുണ്ടെങ്കിലും പലതും ഉപയോഗപ്രദമല്ല.

## പ്രശ്നങ്ങളും, സാദ്ധ്യതകളും

1 വീട്ടികുന്ന് ശുദ്ധജല വിതരണ പദ്ധതി കുററമററതാക്കുന്നതിന് പമ്പിംങ്ങ് കിണർ സ്ഥിതി ചെയ്യുന്ന ചീരക്കുഴി പുഴയിൽ പാറക്കടവിൽ ഒരു തടയണ നിർമ്മിക്കുകയും നിലവിലുള്ള മോട്ടോർ മാററി പമ്പിംങ്ങ് ലൈനും വിതരണ ലൈനും വേർതിരിക്കേണ്ടതും ആവശ്യമാണ്.

2 മായന്നൂർ ശുദ്ധ ജലവിതരണ പദ്ധതിയുടെ കീഴിലായി ഏററവും ഉയർന്ന പ്രദേശമായ ചേപ്പാൻ കുന്നിൽ ഒരു ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുകയാണെങ്കിൽ എല്ലാ പ്രദേശത്തേക്കും വെള്ളം എത്തിക്കുവാൻ കഴിയും.

3 തേക്കിൻകാട്–വാഴാട് പദ്ധതിയുടെ കുഴൽ കിണർ ഒരു പരാജയമാണ്. ചീരക്കുഴി പുഴയിൽ ചെമ്മഴി കുണ്ടിൽ നിന്ന് വെള്ളം പമ്പു ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുകയാണെങ്കിൽ ടി പദ്ധതി വിജയപ്രദമാക്കുവാൻ കഴിയും.

4 ചേലക്കോട് ശുദ്ധജല വിതരണ പദ്ധതി കാര്യക്ഷമമാക്കുന്നതിന് പഴയന്നൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുമായി ലിങ്കു ചെയ്ത് ചേലക്കോട് ഭാഗത്ത് ഒരു ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് ജലം ലഭ്യമാക്കേണ്ടതാണ്.

5 തിരുവില്വാമല പഞ്ചായത്തിനേയും മായന്നൂർ–കൊണ്ടാഴി വില്ലേജുകളേയും ഉൾപ്പെടുത്തി ചീരക്കുഴി പുഴയിൽ കൂട്ടിൽ മുക്ക് ഭാഗത്ത് മുൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിച്ച സമഗ്ര ശുദ്ധജല വിതരണ പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കിയിട്ടില്ല. ഈ പദ്ധതി മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ മായന്നൂർ കൊണ്ടാഴി വില്ലേജുകളിലെ ശുദ്ധജല ക്ഷാമം പൂർണ്ണമായും പരിഹരിക്കാവുന്നതാണ്.

6 മായന്നൂർ, വീട്ടികുന്ന്, തേക്കിൻകാട്–വാഴാട്, ചേലക്കോട് എന്നീ ശുദ്ധജല വിതരണ പദ്ധതികളുടെ കീഴിലും വടക്കും കോണം കുഴൽ കിണറിന്റെ പരി

സരത്തും ആവശ്യമായ മേഖലകളിൽ പൈപ്പു ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കണം.

7 പൈപ്പുലൈൻ എത്താൻ പ്രയാസമുള്ള സ്ഥലങ്ങളിൽ പൊതു കിണറുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

8 വീട്ടികുന്ന്, തേക്കിൻകാട്—വാഴാട്, ചേലക്കോട് എന്നീ പദ്ധതിക്കു കീഴിൽ ഹൗസ് കണക്ഷനുകൾ നൽകേണ്ടതാണ്.

9 പൈപ്പു ലൈൻെറ അററകുററപണികൾ യഥാസമയം പഞ്ചായത്തു നേരിട്ടു നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

## പൊതുജനാരോഗ്യം

കൊണ്ടാഴി പഞ്ചായത്തിലെ മുഖ്യമായ ആരോഗ്യ സ്ഥാപനങ്ങൾ പാറമേൽപ്പടിയിലെ ആയൂർവേദ ഡിസ്പെൻസറിയും പാറമേൽപ്പടിയിൽ തന്നെ പ്രവർത്തിക്കുന്ന പി. എച്ച്. സിയും അതിൻെറ കീഴിലുള്ള മൂന്ന് ഉപകേന്ദ്രങ്ങളും കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർക്കുന്ന അഞ്ച് വൈദ്യശാലകളുമാണ്.

10 കിടയ്ക്കകളുള്ള ഒരു വാർഡ് ജനകീയ പങ്കാളിത്തത്തോടു കൂടി പി. എച്ച്. സിയിൽ വർഷങ്ങൾക്കു മുൻമ്പ് പണികഴിപ്പിച്ചിട്ടുണ്ടെങ്കിലും, പി. എച്ച്. സിയിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല. മായന്നൂരുള്ള ഉപകേന്ദ്രം കുത്താംമ്പുള്ളി പി. എച്ച്. സിക്കു കീഴിലാണ് പ്രവർത്തിക്കുന്നത്. മായന്നൂരും ചേലക്കോട്ടുമുള്ള ഉപകേന്ദ്രങ്ങൾക്കു മാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. ആയൂർവേദ ഡിസ്പെൻസറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയത് ഇപ്പോൾ കുടിയിറക്കു ഭീഷണിയിലാണ്. ആയൂർവേദ ഡിസ്പെൻസറിക്കു സ്വന്തമായ കെട്ടിടമുണ്ടാക്കണം.

സർക്കാർ സർവ്വേ അനുസരിച്ച് കുഷ്ഠം രോഗികളുടെ എണ്ണം മററു പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്തിൽകൂടുതലാണ്. ഹോട്ടലുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും പുറം തള്ളുന്ന മാലിന്യങ്ങളും അഴക്കു ജലവും പരിസര മലിനീകരണത്തിന് കാരണമാകുന്നു. ഇതു നിമിത്തം ഈച്ച, കൊതുക് എന്നിവയുടെ വർദ്ധനവും പകർച്ച വ്യാധികളും ഉണ്ടാകുന്നു. പേപ്പട്ടി ശല്യവും പഞ്ചായത്തിൽ അനുഭവപ്പെടാറുണ്ട്.

## പ്രശ്നങ്ങളും സാദ്ധ്യതകളും

1 പി. എച്ച്. സിയുടെ ഇന്നത്തെ നില മാററി നിലവിലുള്ള വാർഡിൽ രോഗികളെ കിടത്തി ചികത്സിപ്പിക്കുന്ന ആശുപത്രിയായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭരണാനുമതി സർക്കാരിൽ നിന്നും വാങ്ങുക.

2 കുത്താമ്പുള്ളി പി. എച്ച്. സി. യുടെ കീഴിലെ മായന്നൂരുള്ള ഉപകേന്ദ്രം കൊണ്ടാഴി പി. എച്ച്. സി. യുടെ കീഴിലാക്കുക.

3 തെക്കെ കൊണ്ടാഴിയിലും, പാറമേൽപ്പടിയിലും ഉള്ള ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

4 ആയൂർവേദ ഡിസ്പെൻസറിക്ക് എത്രയും പെട്ടെന്ന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം.

5 കുഷ്ഠ രോഗ നിർമ്മാർജ്ജനത്തിന് സാദ്ധ്യമായ എല്ലാ ചികിത്സാ രീതികളും ഊർജ്ജിതമായി നടപ്പിലാക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

6 നിലവിലുള്ള ഡോക്ടർക്കു പുറമെ ഒരു ഡോക്ടറേക്കൂടി പി. എച്ച്. സി. യിൽ നിയമിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.

7 രാത്രി കാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുക.

8 ഡോക്ടർമാരുടെ താമസ സൗകര്യത്തിനായി ക്വാർട്ടേഴ്സ് നിർമ്മിക്കുക.

9 ആവശ്യമായ മരുന്നുകളും മററ് ഉപകരണങ്ങളും പി. എച്ച്. സിയിൽ ലഭ്യമാക്കുക.

10 ഉപകേന്ദ്രങ്ങളിൽ മാസത്തിൽ രണ്ടു തവണയെങ്കിലും ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുക.

11 ചേലക്കോട്, സൗത്ത് കൊണ്ടാഴി, മായന്നൂർ എന്നിവിടങ്ങളിൽ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.

12 പൊതു സ്ഥലങ്ങളിൽ വിൽപ്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങൾ ശുചിത്വം പുലർത്തുന്നതിനനുശാസിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിച്ചാൽ മാത്രമേ സാനിററി സർട്ടിഫിക്കററ് നൽകാവൂ. ഹോട്ടലുകളിലെ ഭക്ഷ്യ പദാർത്ഥങ്ങളുടെ ശുചിത്വം ഉറപ്പു വരുത്തണം.

13 പഞ്ചായത്തിലെ പ്രധാന ഭാഗങ്ങളിൽ ഓരോ കംഫർട്ട് സ്റേറഷൻ സ്ഥാപിക്കുക.

14 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വർക്ക് കക്കൂസ് നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.

15 പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുക.



രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ചീരക്കുഴി പുഴയിൽ പാറക്കടവിൽ ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ച തടയണ നിർമ്മാണത്തിന്റെ ഉൽഘാടനകർമ്മം ബഹു. MLA ശ്രീ M. P. താമി നിർവ്വഹിക്കുന്നു.



P. H. Center, കൊണ്ടാഴി



''തടയണ നിർമ്മാണത്തിൽ ജനകീയ പങ്കാളിത്തം''



പാറക്കടവ് തടയണ

# വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ അഞ്ച് ലോവർ പ്രൈമറി സ്ക്കൂളുകളും രണ്ടു അപ്പർ പ്രൈമറി സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും, ആണ് ഉള്ളത്.

### ലോവർ പ്രൈമറി സ്ക്കൂളുകൾ

വി. എൽ. പി. സ്ക്കൂൾ, മായന്നൂർ

സെൻറ് ജോസഫ് സ്ക്കൂൾ, മായന്നൂർ

ദേവി വിലാസം എൽ. പി. സ്ക്കൂൾ, കൊണ്ടാഴി സൗത്ത്

എ. എൽ. പി. സ്ക്കൂൾ, സൗത്ത്— കൊണ്ടാഴി

എ. എസ്. എൽ. പി. സ്ക്കൂൾ, ചേലക്കോട്

### അപ്പർ പ്രൈമറി സ്ക്കൂളുകൾ

ഗവ: യു. പി. സ്ക്കൂൾ, മായന്നൂർ

എസ്. വി. യു. പി. സ്ക്കൂൾ, കൊണ്ടാഴി

### ഹൈസ്ക്കൂൾ

സെൻറ് തോമസ് ഹൈസ്ക്കൂൾ, മായന്നൂർ

ഉന്നത വിദ്യാഭ്യാസ സ്ഥാപനം ഈ പഞ്ചായത്തിൽ ഇതു വരെയും സ്ഥാപിച്ചിട്ടില്ല. അതുകൊണ്ടുതന്നെ സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഭൂരിഭാഗം വിദ്യാർത്ഥികളും പഠനം തുടരാൻ പഞ്ചായത്തിനു പുറത്തുള്ള, പ്രത്യേകിച്ച് ഒററപ്പാലം, വടക്കാഞ്ചേരി തുടങ്ങിയ ദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. സാങ്കേതിക സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ആ രംഗത്തേക്കു തിരിയുന്നവരുടെ എണ്ണം തുലോം വിരളമാണ്.

സാങ്കേതിക രംഗത്തുള്ള ഏക സ്ഥാപനം പഞ്ചായത്തിലെ നാലാം വാർഡിലുള്ള പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിൻെറ കീഴിലുള്ള ഐ. ടി. സി. മാത്രമാണ്. ഇക്കാരണങ്ങളാൽ ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം കുറവാണ്.

പ്രൈമറി തലത്തിൽ അഞ്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉള്ളത്. മേപ്പടി വിദ്യാലയങ്ങളിലെ പഠന നിലവാരം ഇന്നത്തേക്കാൾ മെച്ചപ്പെടുത്തേണ്ടതാണ്. പൊതുവെ ശാന്തമായ അന്തരീക്ഷം വിദ്യാലയങ്ങളിൽ നിലനിൽക്കുന്ന പഠന നിലവാരം ഉയർത്തുന്നതിന്നു സഹായകരവുമാണ്. ഭൂരിഭാഗം വരുന്ന രക്ഷിതാക്കളും കർഷകരും കർഷകതൊഴിലാളികളും ആയതിനാൽ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കു വീടുകളിൽ നിന്ന് മതിയായ പഠന സൗകര്യം ലഭിക്കുന്നില്ല. അതുകൊണ്ടു തന്നെ സ്ക്കൂൾ ക്ലാസ്സുകളിൽ മെച്ചപ്പെട്ട പഠന രീതി പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്.

നിലവിലുള്ള ഹൈസ്ക്കൂളിൽ S. S. L. C വിജയ ശതമാനം തീരെ തൃപ്തികരമല്ല. ഇതിനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ പ്രൈമറിതലത്തിലെ വിദ്യാഭ്യാസ നിലവാരമില്ലായ്മ, ഹൈസ്ക്കൂളിലെ അദ്ധ്യാപകരെ അദ്ധ്യയന വർഷത്തിൽ ഇടയ്ക്കിടെ മാററുന്ന മാനേജ്മെൻറിൻെറ സമീപനം, അപ്പർ പ്രൈമറി തലത്തിലെ നിലവാരത്തകർച്ച, കൂടാതെ ഭൂരിപക്ഷം അദ്ധ്യാപകരും ദൂരപ്രദേശങ്ങളിൽ നിന്ന് ദിവസവും വന്ന് ജോലി ചെയ്യുന്നതുകൊണ്ടുളവാകുന്ന അസൗകര്യങ്ങളുമാണ്. ഹൈസ്ക്കൂളിലെ അദ്ധ്യാപകരെ അദ്ധ്യയന വർഷത്തിൽ ഇടക്കിടെ മാററുന്ന സമ്പ്രദായം നിർത്തലാക്കണം. ഹൈസ്ക്കൂൾ തലത്തിൽ പ്രവേശനം ലഭിക്കുന്ന കുട്ടികളിൽ ഭൂരിഭാഗത്തിനും മതിയായ അക്ഷര ജ്ഞാനമോ, അക്കബോധമോ ഇല്ല എന്നുള്ളത് ഒരു യഥാർത്ഥ്യമാണ്. ഓരോ ക്ലാസ്സിലും കുട്ടി

കളുടെ എണ്ണം 65 നും 80 നും ഇടയ്ക്കായതിനാൽ അദ്ധ്യാപകർക്കു വ്യക്തിഗതമായ ശ്രദ്ധ പതിപ്പിക്കുവാൻ കഴിയുന്നില്ല. ഭൂരിഭാഗം അദ്ധ്യാപകരും ദൂരെ നിന്നുള്ളവരായതുകൊണ്ട് അദ്ധ്യാപക വിദ്യാർത്ഥി ബന്ധം കുറവാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഒരു പുത്തൻ ഉണർവു നൽകുന്നതിന്, സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

വിദ്യാലയങ്ങളിൽ നല്ല പഠനാന്തരീക്ഷം ഉണ്ടാവുകയാണ് ആദ്യം വേണ്ടത്. കുട്ടികളെ സ്കൂളിൽ ഏല്പിച്ച് മാറി നിൽക്കുന്ന രക്ഷിതാക്കളുടെ രീതി ഒട്ടും തന്നെ ആശാസ്യമല്ല. കുട്ടികളുടെ പഠന സൗകര്യങ്ങളിൽ രക്ഷിതാക്കളുടെ നേരിട്ടുള്ള ഇടപെടൽ അത്യന്താപേക്ഷിതമാണ്. ചുരുക്കിപ്പറഞ്ഞാൽ രക്ഷിതാക്കളും, വിദ്യാലയങ്ങളും തമ്മിലുള്ള അകൽച്ച കുട്ടികളുടെ പഠന നിലവാരം മനസ്സിലാക്കുന്നതിന് വിലങ്ങുതടിയാകുന്നു. ഈ സ്ഥിതിവിശേഷത്തെ നേരിടാൻ സജീവമായ പങ്കുവഹിക്കാൻ രക്ഷാകർത്തൃ സംഘടനക്കു സാധിക്കും എന്നുള്ളതിന് സംശയമില്ല.

ഒന്നാം ക്ലാസിലെയും, രണ്ടാം ക്ലാസിലെയും നൂറു ശതമാനം ക്ലാസ്സുകയററ സമ്പ്രദായം തീരെ എടുത്തു കളയണം. പഠന നിലവാരം താരതമ്യേന മോശമായിട്ടുള്ള കുട്ടികളുടെ കാര്യത്തിൽ വ്യക്തി പരമായി ശ്രദ്ധിക്കുന്നതിന് അദ്ധ്യാപകർ ശ്രമിക്കേണ്ടതാണ്. ഇതിനു അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, 1:30 ആക്കിമാറേറണ്ടതാണ്.

തങ്ങളുടെ കുട്ടികളുടെ പഠന കാര്യത്തിൽ അച്ഛനമ്മമാർ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ വേണ്ട ബോധവൽക്കരണ പദ്ധതി P T A യുടെ നേതൃത്വത്തിൽ ആവിഷ്കരിക്കണം അക്ഷരജ്ഞാനവും ആരോഗ്യബോധവും വേണ്ടവിധം ലഭിക്കാത്ത കുട്ടികളെ കണ്ടെത്തി അവർക്കു സമയബന്ധിതമായി പരിഹാര ബോധനം നടത്തേണ്ടതാണ്.

അദ്ധ്യാപകർക്ക് അതാത് വിഷയങ്ങളിൽ പുനഃപരിശീലനം നൽകാൻ സംവിധാനം ഉണ്ടാകണം. പുതിയ അദ്ധ്യാപന തന്ത്രങ്ങളും പഠനരീതികളും മററ് അക്കാദമിക് സംശയങ്ങളും ഈ പരിശീലന പരിപാടികളിൽ ചർച്ച ചെയ്യപ്പെടണം.

പ്രൈമറി തലത്തിൽ പ്രത്യേക കോംപ്ലക്സുകൾ നടത്തേണ്ടതാണ്. പാഠ്യവിഷയത്തോടൊപ്പംതന്നെ പാഠ്യേതര വിഷയങ്ങളിലും ശ്രദ്ധ ചെലുത്തേണ്ടതാണ്. മാസ് ഡ്രിൽ, ബാലസഭ (എൽ. പി. സ്ക്കൂളുകൾക്ക്) സാഹിത്യസമാജം, സയൻസ് ക്ലബ്ബ്, സയൻസ് കോർണർ, പരിസര ശുചീകരണം, പ്രതിദിന അസംബ്ലി, യൂണിഫോം, ലൈബ്രറി പ്രയോജനപ്പെടുത്തൽ, ദേശീയ ദിനാചരണം, സ്ക്കൂൾ തല കലോൽസവം, പഠനയാത്ര സംഘടിപ്പിക്കൽ എന്നിവയിലെല്ലാം സ്ക്കൂൾ തലത്തിൽ ശ്രദ്ധ ചെലുത്തിയേ പററൂ.

മാസംതോറും പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സുകൾ ആസൂത്രണം ചെയ്യേണ്ടത് പ്രത്യേക പ്രാധാന്യത്തോടെ പരിഗണിക്കണം. മുൻ വർഷത്തെ S. S. L. C റിസൽട്ട് അപഗ്രഥിച്ച് മോശമായ വിഷയങ്ങളിൽ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ അക്കാദമിക് വർഷാരംഭത്തിൽ തന്നെ സ്വീകരിക്കേണ്ടതാണ്.

ഓരോ അക്കാദമിക് വർഷം ആരംഭിക്കുന്നതിനു മുമ്പ്, മാർച്ച് മാസത്തിൽ തന്നെ അടുത്ത അക്കാദമിക് വർഷത്തേക്കുള്ള കരട് പരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്. ആയതിന് അക്കാദമിക് കൗൺസിലിന്റെയും, ഹെഡ്മാസ്ററർമാരുടേയും യോഗം മാർച്ച് മാസത്തിൽ തന്നെ ചേരേണ്ടതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കണം സ്ക്കൂൾ തല സംഘാടക സമിതിക്കു പുറമെയാണിത്. പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരുടെയും കൂടിച്ചേരൽ ഓരോ മാസവും വേണ്ടതാണ്. അതാതു വിഷയങ്ങളിൽ

സംശയനിവാരണത്തിനും മോഡൽ ക്ലാസ്സുകൾക്കും ഇത് സഹായകമാകും. നാട്ടുകാരുടെ കൂടി വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി കൊണ്ട് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കാൻ സംവിധാനം ആവിഷ്കരിക്കണം.

ഈ പരിപാടികൾ വിജയപ്രദമായി നടപ്പിലാക്കാൻ സമൂഹം വിദ്യാലയത്തെ ഏറ്റെടുക്കേണ്ടതാണ്. അദ്ധ്യാപക സമൂഹ ബന്ധം ഉരിത്തിരിയേണ്ടതുണ്ട്. ഇപ്പോൾ ഹൈസ്ക്കൂളിൽ തന്നെ 85% അദ്ധ്യാപകരും ദൂരെ നിന്ന് വരുന്നവരാണ്. അതുകൊണ്ടുതന്നെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യം ഇപ്പോഴുള്ളതായി അറിയാൻ കഴിയുന്നു. ആയതിനാൽ അദ്ധ്യാപന യോഗ്യത നേടിയവർ പഞ്ചായത്തതിർത്തിയിൽ ഉണ്ടെങ്കിൽ ആയവർക്ക് നിയമനത്തിൽ മുൻഗണന നൽകാൻ ആവശ്യമായ നടപടി സ്ക്കൂൾ മാനേജരെ കൊണ്ട് സ്വീകരിപ്പിക്കാൻ സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ എ. എസ്. എൽ. പി. സ്ക്കൂൾ, ചേലക്കോട് എൽ. പി. സ്ക്കൂൾ സൗത്ത് കൊണ്ടാഴി തുടങ്ങി നിലവിലുള്ള എൽ. പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും കൊണ്ടാഴി വില്ലേജിൽ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി (പ്ലസ്ടു ഉൾപ്പെടെ) സ്ക്കൂൾ സ്ഥാപിക്കുകയും വേണം.

പ്രൈമറി തലത്തിൽ പ്യൂൺ, കായികാദ്ധ്യാപകൻ, ക്ലാർക്ക് എന്നീ തസ്തികകൾ പുതുതായി ആരംഭിക്കണമെന്ന നിർദ്ദേശവും ഉണ്ടായിട്ടുണ്ട്. ചില സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. എല്ലാ സ്ക്കൂളുകളിലും കുടി വെള്ളം, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, തുടങ്ങിയ അടിസ്ഥന സൗകര്യം ഇല്ലെങ്കിൽ ഉണ്ടാക്കുവാൻ സത്വര നടപടി സ്വീകരിക്കണം.

ഔപചാരിക വിദ്യാഭ്യാസത്തിനു പുറമെ ഗവൺമെൻറ് സ്ഥാപനമായിട്ട് ഒരു തയ്യൽ പരിശീലന കേന്ദ്രം ഉണ്ട്. രണ്ട് ടൈപ്പ് റൈററിങ്ങ് ഇൻസ്ററിററ്യൂട്ടുകൾ മൂന്ന് ട്യൂഷൻ സെൻററുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ പുരോഗതിക്കായി ഒരു ഐ. ടി. ഐയും, പോളിടെക്നിക്കും, പാരാമെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള സ്ഥാപനവും സ്ഥാപിച്ചാൽ വിവിധ മേഖലകളിൽ കഴിവുള്ളവരെ വളർത്തിയെടുക്കാൻ കഴിയും.

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള അംഗനവാടികളും, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൻെറ കീഴിലുള്ള ഒരു നേഴ്സറി സ്ക്കൂളും ഒന്നോ രണ്ടോ സ്വകാര്യ മേഖലയിലെ നേഴ്സറി സ്ക്കൂളുകളും, ഒരു കോൺവെൻറ് നേഴ്സറി സ്ക്കൂളും, ഇപ്പോൾ പഞ്ചായത്തിലുണ്ട്. മിക്ക അംഗനവാടികൾക്കും സ്വന്തമായ കെട്ടിടമുണ്ട്, എന്നാൽ പ്രാഥമിക സൗകര്യം ഇല്ലാത്തവയുമുണ്ട്. വേണ്ടത്ര കളിക്കോപ്പുകളും ഇല്ല.

അഞ്ചുവയസ്സിനു താഴെയുള്ള മുഴുവൻ കുട്ടികളെയും അതാതുപ്രദേശങ്ങളിലെ പ്രീ–പ്രൈമറി സ്ക്കൂളുകളിൽ ചേർക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഇത് പ്രാവർത്തികമാക്കുന്നതിന് പ്രീ-പ്രൈമറി ക്ലാസ്സുകളിലെ സർട്ടിഫിക്കററ് 1 ാം ക്ലാസ്സിൽ ചേർക്കുന്നതിന് നിർബന്ധമാക്കേണ്ടതാണ്.

കുട്ടികളുടെ പോഷകാഹാര വിതരണത്തിന് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്ന് ലഭിക്കുന്ന സഹായധനം അപര്യാപ്തമാകയാൽ ഇക്കാര്യം ഭംഗിയായി നടത്തുന്നതിന് ആവശ്യമായ സഹായം പഞ്ചായത്തിൽ നിന്നും ഉണ്ടാകണം. അംഗനവാടികളിൽ കോമ്പൗണ്ട്വാൾ നിർമ്മിക്കുവാനും കളിക്കോപ്പുകൾ ലഭ്യമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം

ഈ പഞ്ചായത്തിലെ നവോദയ വിദ്യാലയത്തിലെ പ്രവേശനത്തിന് ഈ പഞ്ചായത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട രീതിയിൽ സംവരണം ഏർപ്പെടുത്തിയാൽ നന്നായിരിക്കും.

ഔപചാരിക വിദ്യാഭ്യാസത്തിനു പുറമെ അനൗപചാരിക വിദ്യാഭ്യാസ രംഗത്തും കാതലായ ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ രണ്ടുവായനശാലകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ആളുകളിൽ വായനാശീലം കുറഞ്ഞു വരുന്നതുകൊണ്ട് ഗ്രന്ഥശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വേണ്ട രീതിയിൽ കൈവരിക്കാൻ നമുക്ക് കഴിയുന്നില്ല. ദൃശ്യ—ശ്രവ്യ മാദ്ധ്യമങ്ങളുടെ സഹകരണത്തോടുകൂടി അറിവിന്റെ സീമകൾ വിപുലീകരിക്കുന്നതിനും അതുവഴി സാമൂഹിക പ്രതിബദ്ധത ഉൾകൊള്ളുന്നതിനും വാർഡു തലത്തിൽ ഗ്രന്ഥശാലകൾ തുടങ്ങുന്നത് സാമൂഹ്യ നവോത്ഥാനത്തിന് വഴിയൊരുക്കുമെന്നുള്ളത് അവിതർക്കിതമായ ഒരു വസ്തുതയാണ്.

സംസ്ഥാനം 100% സാക്ഷരത കൈവരിച്ചു എന്നവകാശപ്പെടുന്നുണ്ടെങ്കിലും നമ്മുടെ ആളുകൾ മുഴുവനും സാക്ഷരരല്ലെന്നുള്ള യാഥാർത്ഥ്യം കണക്കിലെടുക്കേണ്ടതുണ്ട്. സാക്ഷരതാ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ വാർഡു തലത്തിൽ ഗ്രന്ഥശാലാ പ്രവർത്തകർ മുൻകൈയ്യെടുക്കേണ്ടതാണ്.

ആഗോളതലത്തിൽ തന്നെ ഒരു മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ ഇന്ന് നാം ജീവിക്കുന്നത്. ഇതിൽ നിന്ന് ഒരു ഉയർത്തെഴുന്നേൽപ്പ് ഭവനങ്ങളിലൂടെയും, വിദ്യാലയങ്ങളിലൂടെയും ആണ്. പ്രധാനമായും വേണ്ടത്. സനാതന തത്വങ്ങളിലും ധർമ്മങ്ങളിലും അധിഷ്ഠിതമായ ഒരു ജീവിത രീതി നമ്മുടെ വീടുകളിലും വിദ്യാലയങ്ങളിലും രൂപം കൊള്ളണം. ആയതിന് ഉതകുന്ന രീതിയിൽ സൻമാർഗ്ഗ പഠന ക്ലാസ്സുകൾ വിദ്യാലയങ്ങളിലും സൻമാർഗ്ഗ ചിന്തയിൽ അധിഷ്ഠിതമായ ജീവിതചര്യ വീടുകളിലും ഉണ്ടാകേണ്ടതുണ്ട്.

## കൊണ്ടാഴി പഞ്ചായത്തിലെ സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ

| | സ്കൂളിന്റെ പേര് | HS/UP/LP ഹയർസെക്കണ്ടറി | സ്കൂളിന്റെ ഉടമസ്ഥത | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | അടിസ്ഥാന സൗകര്യങ്ങൾ | | | | | | | മററു കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയ്ഡഡ് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | കുടിനീർ സൗകര്യം | പാചകപ്പുര | ലൈബ്രറി | ലാബ് സൗകര്യം | മൂത്രപ്പുരകൾ | കക്കൂസ് | |
| 1 | എ. എസ്. എൽ. പി. സ്കൂൾ മേലക്കോട് | LP | | X | 144 | 117 | 261 | 9 | 8 | 1 | 1 | 50 സെന്റ് | ഇല്ല | ഉണ്ട് കിണർ | താൽക്കാലികം | ഇല്ല | ഇല്ല | ഇല്ല | 1 | ചുററുമതിൽ അററകുററപണികൾ ഫർണിച്ചർ റിപ്പയറിംഗ് ആവശ്യമുണ്ട്. സ്ററാഫ് റൂം, വൈദ്യുതി, ഫർണിച്ചറുകൾ എന്നിവ ആവശ്യമാണ്. |
| 2 | എ. എൽ. പി. സ്കൂൾ പ്ലാന്റേഷൻ, S. കൊണ്ടാഴി | LP | | X | 63 | 60 | 123 | 4 | 4 | | | 1 ഏക്കർ | 60 സെന്റ് | ഉണ്ട് പൈപ്പ് | ഇല്ല | ഉണ്ട് | ഇല്ല | 1 | ഇല്ല | ചുററുമതിൽ, ഫർണിച്ചർ റിപ്പയർ വൈദ്യുതി, ഓഫീസ് ഫർണിച്ചർ എന്നിവ ആവശ്യമുണ്ട്. |
| 3 | ഡി. വി. എൽ. പി. സ്കൂൾ സൗത്ത് കൊണ്ടാഴി | LP | | X | 73 | 72 | 145 | 4 | 4 | | | 42 സെന്റ് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ചുററുമതിൽ, ഫർണിച്ചർ റിപ്പയർ, വൈദ്യുതി, ഓഫീസ് ഫർണിച്ചർ, സ്ററാഫ്റൂം എന്നിവ ആവശ്യമുണ്ട്. |
| 4 | എസ്. വി. യു. പി. സ്കൂൾ പാറമേൽപ്പടി, കൊണ്ടാഴി | LP/ UP | | X | 343 | 309 | 652 | 20 | 20 | | 1 | 1.89 ഏക്കർ | ഇല്ല | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | 1 | ചുററുമതിൽ, ഫർണിച്ചർ റിപ്പയർ, ഓഫീസ്, ഫർണിച്ചർ ആവശ്യമുണ്ട്. |
| 5 | സെന്റ് ജോസഫ്സ് എൽ. പി. സ്കൂൾ, കൂട്ടിൽമുക്ക് മായന്നൂർ | LP | | X | 132 | 125 | 257 | 8 | 8 | | | 70 സെന്റ് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ചുററുമതിൽ, ഫർണിച്ചർ റിപ്പയർ വൈദ്യുതി, സ്ററാഫ് റൂം ഓഫീസ് ഫർണിച്ചർ എന്നിവ ആവശ്യമുണ്ട്. |
| 6 | വി. എൽ. പി. സ്കൂൾ മായന്നൂർ | LP | | X | 171 | 185 | 356 | 11 | 11 | | | 94 സെന്റ് | 30 സെന്റ് | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | 2 | ഇല്ല | ചുററുമതിൽ, ഫർണിച്ചർ, ഫർണിച്ചർ റിപ്പയറിംഗ് എന്നിവ ആവശ്യമുണ്ട്. |
| 7 | ഗവ: യു. പി. സ്ക്കൂൾ മായന്നൂർ | UP | X | | 28 | 37 | 65 | 4 | 4 | | | | | ഉണ്ട് കിണർ | ഇല്ല | ഉണ്ട് | ഇല്ല | 1 | 2 | ചുററുമതിൽ ഫർണിച്ചർ റിപ്പയർ ഓഫീസ് ഫർണിച്ചർ, സ്ററാഫ് റൂം എന്നിവ ആവശ്യമുണ്ട്. |
| 8 | ജവഹർ നവോദയ വിദ്യാലയം, മായന്നൂർ | ഹയർസെക്കണ്ടറി | X | | 329 | 197 | 526 | 23 | 23 | | | 21.265 ഏക്കർ | 5 ഏക്കർ | ഉണ്ട് | ഉണ്ട് 2 | ഉണ്ട് 1 | ഉണ്ട് 3 | ഉണ്ട് 45 | ഉണ്ട് 62 | സ്കൂളിനു ചുററും കമ്പിവേലി കെട്ടിയിട്ടുണ്ട്. |
| 9 | സെന്റ്തോമസ് ഹൈസ്കൂൾ മായന്നൂർ | UP & HS | | X | 811 | 737 | 1548 | 36 | 34 | 2 | | 4.5 ഏക്കർ | 1.5 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 4 | 3 | ചുററുമതിൽ, ഫർണിച്ചർ റിപ്പയർ ഓഫീസ് ഫർണിച്ചർ എന്നിവ ആവശ്യമുണ്ട് |



നവോദയ വിദ്യാലയം

# സംസ്ക്കാരം ടൂറിസ്സം

**കേരള**ത്തിലെ സാംസ്ക്കാരിക പൈതൃക ത്തിൻെറ ഈററില്ലമായി അറിയപ്പെടുന്ന നിള യുടെ തീരത്ത് സ്ഥിതിചെയ്യുന്ന പച്ചപ്പട്ട ണിഞ്ഞ മനോഹരിയായ ഒരുനാടൻ ഗ്രാമമാണ് കൊണ്ടാഴി പഞ്ചായത്ത്.

എല്ലാ ലോക സംസ്ക്കാരത്തിൻെറയും ഉറ വിടം നദീതടങ്ങളായിരുന്നുവല്ലോ? അതു കൊണ്ടുതന്നെ ഇരുവശവും, പുഴയതിർത്തി യിടുന്ന ഇവിടുത്തേക്ക് ധന്യമായ ഒരു സാംസ് ക്കാരിക പൈതൃകം അവകാശപ്പെടുന്നുണ്ട്. കേരളത്തിൻെറ പാരമ്പര്യകലകളായ തിരുവാതിര കളി, കൈകൊട്ടിക്കളി എന്നിവയും, അയ്യപ്പൻ പാട്ട്, പുള്ളുവൻ പാട്ട്, കോലടിക്കളി, കൊയ്ത്തുപാട്ട്, വെള്ളാട്ട്, ചെണ്ട എന്നീ നാടൻ കലാരൂപങ്ങളും ഇവിടെ നിലനിന്നു



മായന്നൂർ കാവ്

പോരുന്നു. ഇതുകൂടാതെ അക്ഷരശ്ലോകം ചൊല്ലലിൽ കോളത്തിൽ മാരാരേയും വെല്ലുന്ന പ്രാഗൽഭ്യം തലമുറകളായി ഒരു തപസ്യപോലെ സൂക്ഷിച്ചു പോരുന്ന കവി പാരമ്പര്യവും ഇവിടേക്കുണ്ട്.

മതപരവും, പാരമ്പരാഗതവുമായ ആചാരാനുഷ്ഠാനങ്ങൾ പാലിച്ചു പോരുന്നുണ്ടെങ്കിലും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനും അന്ധവിശ്വാസങ്ങൾ ഒരു പരിധി വരെയെങ്കിലും തുടച്ചു നീക്കുവാനും സാധിച്ചിട്ടുണ്ട്. തൊട്ടുകൂടായ്മയും, അയിത്താചാരവും പൂർണ്ണമായി മാറിയിട്ടുണ്ട്.

ജനസംഖ്യയിൽ ഭൂരിപക്ഷവും, ഏകദേശം 80% ത്തോളം ഹിന്ദുക്കളാണ്. ബാക്കിയുള്ള 20% ക്രിസ്ത്യാനികളും, മുസ്ലീങ്ങളുമാണ്. മറ്റു മതസ്ഥർ ഇവിടെയില്ല. എല്ലാ മതവിഭാഗങ്ങളിലുള്ള ജനങ്ങളും തമ്മിൽ പരസ്പരം വിശ്വാസത്തോടെയും, സ്നേഹത്തോടെയും, സഹിഷ്ണുതയോടെയും ജീവിക്കുന്നു. ജാതി തിരിച്ചുള്ള തൊഴിൽ വിഭജനം പുതിയ തലമുറയിൽ ഇല്ലാതായി വരുന്നു.

മീനമാസത്തിൽ നടത്തപ്പെടുന്ന മായന്നൂർ കാവു താലപ്പൊലിയാണ് ഉത്സവങ്ങളിൽ ഏറ്റവും പ്രധാനം. ഇത് പഞ്ചായത്ത് പ്രദേശത്തിന്റെ മൊത്തം ഉത്സവമായി കൊണ്ടാടപ്പെടുന്നു. ഉത്സവത്തിന്റെ ഭാഗമായി പറയെടുപ്പും, ആറാട്ടും വളരെ ഗംഭീരമായി ആഘോഷിക്കുന്നു. അന്യ നാടുകളിലും, വിദേശങ്ങളിലുമായി കഴിയുന്ന ഇന്നാട്ടുകാർ താലപ്പൊലിയോടനുബന്ധിച്ച് നാട്ടിലെത്തി ഉത്സവത്തിൽ സർവ്വാത്മനാ പങ്കെടുക്കുന്നു. ചെണ്ടമേളവും, തായമ്പകയും, ഭഗവതീസ്തുതിയും ഇതിനോടനുബന്ധിച്ച് നടത്തപ്പെടുന്നു.



തൃത്താം തളിക്ഷേത്രം

കൊണ്ടാഴി, തളി ക്ഷേത്രത്തിലെ ശിവരാത്രിയും, പാറമേൽപ്പടി, മായന്നൂർ തെരുവുകളിലെ 24 മനൈ തെലുങ്കു ചെട്ടിയാർ സമുദായക്കാരുടെ മാരിയമ്മൻ പൂജയുമാണ് പഞ്ചായത്തിലെ പ്രമുഖമായ മററ് ആഘോഷങ്ങൾ. മാരിയമ്മൻ പൂജയോടനുബന്ധിച്ച് ദേവിയെ ആവാഹിച്ചു കൊണ്ടുവരുന്ന കുംഭം കൊണ്ടുവരലും, മാരിയമ്മയെ സ്തുതിച്ചു കൊണ്ടുള്ള ഉടുക്കു പാട്ടുമാണ് കാലാകാലങ്ങളായി അനുഷ്ഠിച്ചു പോരുന്നത്.

ഓണം, വിഷു, തിരുവാതിര, ക്രിസ്തുമസ്സ് തുടങ്ങിയവയും, ആർഭാടത്തോടെയും, ആഹ്ലാദത്തോടെയും ആഘോഷിച്ചു വരുന്നു.

വിഷുവേല, ഉച്ചാറൽവേല, അഷ്ടമിരോഹിണി, സംക്രാന്തി, കർക്കിട വാവ്, ഈസ്ററർ, പള്ളിപെരുന്നാൾ തുടങ്ങിയവയാണ് മററാഘോഷങ്ങൾ.



മാരിയമ്മൻ കോവിൽ

## വായനശാല-പത്രമാഗസീനുകൾ-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ

ഈ പഞ്ചായത്തിൽ മൊത്തം രണ്ടു വായനശാലകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. മലയാള മനോരമയും, മാതൃഭൂമിയും ദേശാഭിമാനിയുമാണ് പ്രധാനപത്രങ്ങൾ. മാഗസീനുകളിൽ മനോരമ, മാതൃഭൂമി, മംഗളം, എക്സ്പ്രസ്സ്, വനിത, ഗൃഹലക്ഷ്മി തുടങ്ങിയവയ്ക്കും പഞ്ചായത്തിൽ പ്രചാരമുണ്ട്.



ഗ്രാമീണ വായനശാല കൊണ്ടാഴി



K. S. രാമൻ മേനോൻ സ്മാരക ഗ്രാമീണ വായനശാല

ഏതാണ്ട് എല്ലാ വീടുകളിലും റേഡിയോ ഉണ്ട്. എന്നാൽ 15% വീടുകളിൽ മാത്രമേ ടി വി യുള്ളൂ. അതിൽ തന്നെ 0.02% വീടുകളിൽ കേബിൾ കണക്ഷനുമുണ്ട്.

## ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1 വായനശാലകളില്ലാത്ത വാർഡുകളിൽ വായനശാലകൾ നിർമ്മിക്കുക.

2 ഓരോ വായനശാലയോടും അനുബന്ധിച്ച് യുവജനങ്ങളെ സംഘടിപ്പിച്ച് കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

3 എല്ലാ വായന ശാലകളിലും, ടി വി ഏർപ്പെടുത്തുക.

4 വായനാശീലം വളർത്തുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

5 നാടൻകലകൾക്കും കലാ—കായിക സംഘടനകൾക്കും പ്രോത്സാഹനം നൽകി ഊർജ്ജസ്വലമാക്കുക.

6 പഞ്ചായത്തിന്റെ രണ്ട് പ്രധാന സ്ഥലങ്ങളിൽ കമ്മ്യൂണിററി ഹാൾ പണിയുക.

## സാധ്യതകൾ

പഞ്ചായത്തിലാവിഷ്ക്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന (Health tourism) ''ആരോഗ്യ ടൂറിസത്തിന്റെ'' ഭാഗമായി നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നാടൻകലകൾക്കും മററു കലാ-കായിക-സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും ''ഗ്ലാമർ'' വർദ്ധിപ്പിക്കുന്നതോടൊപ്പം പഞ്ചായത്തിന്റെ വരുമാനവും, തൊഴിൽ സാദ്ധ്യതയും ഗണ്യമായി ഉയർത്താവുന്നതാണ്. ആരോഗ്യ ടൂറിസത്തേക്കുറിച്ച് താഴെ വിവരിക്കുന്നു.

## ആരോഗ്യ ടൂറിസം (Health tourism)

ഇന്ന് ലോകരാഷ്ട്രങ്ങളിൽ ഏററവും കൂടുതൽ പ്രചാരം കിട്ടിക്കൊണ്ടിരിക്കുന്നതും സ്വീകാര്യവുമായതാണ് ആരോഗ്യ ടൂറിസം. ഇക്കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൻെറ സാധ്യതകൾ എന്തൊക്കെയെന്ന് വിലയിരുത്താം.

1950 കാലഘട്ടത്തിൽ ജലസേചനാർത്ഥം രൂപംകൊണ്ട രണ്ടു പദ്ധതികളാണ് മായന്നൂരിലെ കണ്ടംചിറകെട്ടും, പാറമേൽപ്പടിയിലെ ഒലിച്ചികെട്ടും. കമ്മീഷനിംഗിന് ശേഷം കാര്യമായ പരിപാലനമോ, അററകുററ പണികളോ നടത്താത്തതിനാൽ മണ്ണുതൂർന്ന് നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണിന്ന്.

മായന്നൂർ ചിറംകരയിൽ നിന്നും മൂന്ന് കിലോമീററർ പടിഞ്ഞാററുമുറി ഇന്നത്തെ നവോദയ സ്കൂളിന് മീതെയായി കാണുന്ന മലയിൽ താഴ്‌വാരത്തുനിന്നും ഏകദേശം 250 അടി ഉയരത്തിലാണ് കണ്ടംചിറകെട്ട് സ്ഥിതി ചെയ്യുന്നത്. മലയുടെ വിരിമാറിൽ ഏകദേശം ഏഴ് ഏക്കർ വിസ്തീർണ്ണത്തിൽ വെള്ളം കെട്ടി നില്ക്കുന്ന ഈ തടാകം ഊട്ടിയേയും, കൊടൈക്കനാലിനേയും നൈനിററാളിനേയും ഓർമ്മിപ്പിക്കുന്ന വെങ്കിൽ, ഇതിൻെറ സാധ്യത എത്രമാത്രമാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. മലയുടെ മടിത്തട്ടിലെ നീല തടാകത്തിൽ ആകാശ നീലിമയിൽ കണ്ണും നട്ട് അലസമായൊഴുകുന്ന നൗകയിലിരുന്ന് കാററിനോട് സല്ലപിച്ച് കിനാവു കാണുവാൻ ഏത് ടൂറിസ്ററാണ് ഇഷ്ടപ്പെടാത്തത്.



കണ്ടൻ ചിറകെട്ട്

തിരക്കിൽ നിന്ന് വിട്ടൊഴിഞ്ഞ് തികച്ചും ഏകാന്തമായ ഇവിടം കവിഭാവന ഉണർത്തുന്നതോടൊപ്പം മാനസിക സംഘർഷം ലഘൂകരിച്ചും, സ്വസ്ഥത കൈവരുത്തുമെന്നത് നിസ്തർക്കമാണ്. ശുദ്ധമായ വായുവും, താളാത്മകമായ കാററും, ഏകാന്തതയും, വിഖ്യാത ഇംഗ്ലീഷ് സാഹിത്യകാരൻ തോമസ് ഹാർഡിയുടെ, ''ഫാർ ഫ്രം ദ മാഡ്ലിംഗ് ക്രൗഡ്'' ൻെറ കാൽപനിക ഭാവം പ്രദാനം ചെയ്യുന്നു.

പാറമേൽപ്പടിയിൽ നിന്നും ഒന്നര കിലോമീററർ പടിഞ്ഞാട്ടുമാറി വീട്ടിക്കുന്നിൻെറയും, പ്ലാൻറേഷൻ മലകളുടെയും സംഗമ സ്ഥലത്ത് കുഴിയം പാടത്തിൻെറ നീരുറവയായി ഒലിച്ചികെട്ട് സ്ഥിതിചെയ്യുന്നു. ചുററും പച്ചപ്പരവതാനി വിരിച്ച മല നിരകളും വെള്ളിയരഞ്ഞാണ മാടുന്ന നീർച്ചോലകളും സ്വാഭാവിക വനങ്ങളും സംഗീതം പൊഴിക്കുന്ന കാററിൻെറ സീൽക്കാരവും, സഞ്ചാരികൾക്ക് പറുദീസ തീർക്കുമെന്നതിൽ സംശയമില്ല.

## എന്താണ് ആരോഗ്യ ടൂറിസം ?

നാമറിയുന്ന ടൂറിസ സങ്കല്പങ്ങളിൽ നിന്നും വിഭിന്നമായി പരിതഃസ്ഥിതിയ്ക്ക് ഒട്ടും ഭംഗംവരുത്താതെ, ടൂറിസ്ററുകൾക്ക് മാനസികോല്ലാസത്തിനൊപ്പം ആരോഗ്യവും, വിജ്ഞാനവും പ്രദാനം ചെയ്യുന്ന ടൂറിസ്ററ് സമീപനം എന്തുകൊണ്ടും സ്വാഗതാർഹമാണ്. പാരിസ്ഥിതിക തുലനാവസ്ഥയെ ഒട്ടും തന്നെ തകിടം മറിക്കാത്തതിനാൽ പരിഃസ്ഥിതി വാദികളെ ശുണ്ഠി പിടിപ്പിക്കില്ലായെന്നുള്ളതും ആശ്വാസകരമാണ്.



ഒലിച്ചി ഡാം

ആരോഗ്യ ടൂറിസത്തിനനുയോജ്യമായ, നമുക്ക് സാധ്യതയുള്ള പദ്ധതികളെന്തൊക്കെയെന്ന് താഴെ വിശദീകരിക്കുന്നു.

### 1 തടാക വികസനവും ബോട്ടിംഗും

കണ്ടംചിറ തടാകം മണ്ണെടുത്ത് ആഴം കൂട്ടുകയും കെട്ടിന്റെ ഉയരം കൂട്ടി തടാകത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ച് മൊത്തത്തിലുള്ള സൗന്ദര്യത്തിന്റെ മാററ് കൂട്ടുക. തടാകം മനോഹരമാക്കുന്നതിനായി ചുററും ടൈൽസ് പതിച്ച് നടവഴി തീർക്കുകയും, പൂച്ചെടികളും, ഇലച്ചെടികളും കൊണ്ട് ഹെഡ്ജ് പ്ലാൻറിംഗ് നടത്തുന്നതോടൊപ്പം ആ പ്രദേശത്തിന്റെ ലാൻറ് സ്ക്കേപ്പിംഗ് മോടി കൂട്ടുന്നതിനാവശ്യമായ ലവലിംഗും, തട്ടു തിരിക്കലും, അവന്യൂ പ്ലാൻറിംഗും നടത്തുക.

ഇതോടൊപ്പം തന്നെ സഞ്ചാരികൾക്കായി തടാകത്തിൽ പെഡൽ ബോട്ടിംഗിനുള്ള സൗകര്യവും ഒരുക്കുക.

എന്നാൽ ഒലിച്ചിയിൽ നിലവിലുള്ള കെട്ടിന്റെ താഴെയായി പുതിയൊരു കെട്ട് നിർമ്മിക്കുന്ന പക്ഷം നാല് ഏക്കർ വിസ്തീർണ്ണം വരുന്ന ഒരു തടാകം തീർക്കുവാനും അവിടെയും ലാൻറ് സ്ക്കേപ്പിംഗ് സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനായി മുക

ളിൽ വിവരിച്ച കാര്യങ്ങരം ചെയ്യുന്നതോടൊപ്പം ബോട്ടിംഗിനുള്ള സൗകര്യവും ഒരുക്കുക.

## 2 ഔഷധ-സുഗന്ധ സസ്യ ക്രോപ്പ് മ്യൂസിയം

മറെറന്നത്തേക്കാളും ഔഷധ സസ്യങ്ങരംക്ക് ഇന്നുള്ള പ്രചാരവും ആവശ്യകതയും കണക്കിലെടുത്ത് ഇവയെ ലോകത്തിന് പരിചയപ്പെടുത്തുവാനും മനസ്സിലാക്കുവാനും വേണ്ടി തടാകത്തിന് തൊട്ടടുത്തായി വനഭൂമി ലഭ്യമാക്കി രണ്ടോ മൂന്നോ ഏക്കർ സ്ഥലത്ത് ഔഷധ—സുഗന്ധ സസ്യങ്ങളുടെ ഒരു ക്രോപ്പും മ്യൂസിയവും തീർക്കാവുന്നതാണ്.

സസ്യങ്ങളുടെ ശാസ്ത്രീയ—നാടൻ പേരുകരം എഴുതിവെയ്ക്കുന്നതോടൊപ്പം അവയുടെ ഉപയോഗവും ചുരുക്കി രേഖപ്പെടുത്തുന്നത് പൊതുജനങ്ങരംക്കും വിദ്യാർത്ഥികരംക്കും വിജ്ഞാനപ്രദവും ഉപകാരപ്രദവുമായിരിക്കും.

## 3 ആയൂർവ്വേദ കളരി മർമ്മാണി ചികിത്സാമുറകൾ

ആയൂർവ്വേദത്തിലെ ഏററവും സമ്പന്നമായ ഒരു പാരമ്പര്യമാണ് നമ്മുടെ പഞ്ചായത്തുരംപ്പെടുന്ന ഈ പ്രദേശത്തിനുള്ളത്. ആയൂർവ്വേദത്തിലെ ഉഴിച്ചിൽ, പിഴിച്ചിൽ, തളം വെയ്ക്കൽ എന്നീ ചികിത്സാമുറകരം പാരമ്പര്യമായി നടത്തിവരുന്ന വൈദ്യൻമാർ എത്ര വേണമെങ്കിലും നമുക്ക് ലഭിക്കാനുണ്ട്. ഈയൊരു ആയൂർവ്വേദ സമ്പന്നത നമ്മുടെ ടൂറിസ്സവുമായി ബന്ധിപ്പിക്കുന്നു. അതായത് രണ്ടു പദ്ധതികളുടേയും ഭാഗമായി മുകളിൽ സൂചിപ്പിച്ച ആയൂർവ്വേദ ചികിത്സക്കുള്ള സൗകര്യമൊരുക്കുന്നതോടൊപ്പം കളരി മർമ്മാണി ചികിത്സ കൂടി ഫലവത്തായി ഇതോടൊപ്പം സംയോജിപ്പിക്കുന്നു.

നമ്മുടെ ആരോഗ്യ ടൂറിസത്തിൻെറ ഏററവും കാതലായവശം ഇതാണ്. നാമിന്ന് കാണുന്നത് യൂറോപ്പി ലേയും, അമേരിക്കയിലേയും സായിപ്പൻമാർ നാളിതുവരെ കാണിക്കാത്ത താൽപര്യം ആയൂർവ്വേദത്തോട് കാണിക്കുന്നു എന്നതാണ്

സായിപ്പൻമാരും, ജപ്പാൻകാരും ഹിന്ദി—തമിഴ്—മലയാളം സിനിമാതാരങ്ങളും മററു രാഷ്ട്രത്തലവൻമാരും ചികിത്സാർത്ഥം ആയൂർവ്വേദത്തിലഭയം കണ്ടെത്തുന്ന വേളയിൽ നമ്മുടെ ഈയൊരു ഘടകം ഏററവും വലിയ രജത രേഖയായിരിക്കും.

## 4 മാസേജ് കം മെഡിറേറഷൻ കം യോഗ ഹെൽത്ത് ക്ലബ്ബ്

പ്രകൃതിഭംഗി ആസ്വദിച്ചും ശുദ്ധവായു ശ്വസിച്ചും വരുന്ന ടൂറിസ്ററുകരംക്ക് മെഡിറേറഷൻെറയും, യോഗയുടെയും അത്ഭുത സിദ്ധികളെക്കുറിച്ചറിയുവാനും സ്വയം പ്രാക്ടീസ് ചെയ്യുവാനുമുള്ള സൗകര്യങ്ങരം ഒരുക്കുന്നു.

ഇതോടൊപ്പം തന്നെ മാസേജിൻെറ സുഖകരമായ അനുഭൂതിയും, അതിൻെറ ആസ്വാദനവും വിദേശ ടൂറിസ്ററുകളെ ആകർഷിക്കുവാൻ പര്യാപ്തമാണ്, എന്നുതന്നെയല്ലാ ടൂറിസ്ററുകരംക്ക് ഇതിൽ കൂടുതൽ മറെറാരാനന്ദം വേറെ ഇല്ല തന്നെ.

ആർഷ ഭാരത സംസ്ക്കാരത്തിൻെറ ഭാഗമായ യോഗയും മെഡിറേഷനും സർവ്വവിധ രോഗങ്ങരംക്കും മാനസിക പിരിമുറുക്കത്തിനും ശാന്തി പ്രദാനംചെയ്യുന്നുവെന്നുള്ള സത്യം വൈകിയാണെങ്കിലും സായിപ്പ് മനസ്സിലാക്കിയത് ഇക്കാര്യത്തിൽ ഒരു വലിയ സാദ്ധ്യത നമുക്ക് തുറന്നു തരുന്നു. രണ്ടു പദ്ധതികരംക്കും ഈ ഘടകം അനുയോജ്യമാണ്.

## 5 അക്വേറിയും, ചീങ്കണ്ണി വളർത്തലും

ഒലിച്ചി കെട്ടിൻെറ ഭാഗമായി അലങ്കാര മത്സ്യങ്ങളുടെ ഒരു അക്വേറിയം ഒരുക്കു

ന്നത് ടൂറിസ്ററുകൾക്ക് ഒരുഹരമായിരിക്കും. അതോടൊപ്പംതന്നെ വിവിധ മത്സ്യങ്ങളെക്കുറിച്ച് അടുത്തറിയുവാനും സാധിക്കുന്നു.

കണ്ടംചിറ കെട്ടിൻെറ ഭാഗമായി ഒരു പ്രദർശന ചീങ്കണ്ണി ഫാം തുടങ്ങുന്നത് കേരളത്തിൽ നെയ്യാർ കഴിഞ്ഞാൽ രണ്ടാമത്തേതായിരിക്കും. തീർച്ചയായും ഇവിടെ വരുന്ന ടൂറിസ്ററുകൾക്കിതൊരു കൗതുകകരമായ അനുഭവമായിരിക്കും.

## 6 റെസ്ററൊറൻറ് കം ലോഡ്ജിഗ്

സന്ദർശിക്കുന്ന സഞ്ചാരികൾക്കായി ഭക്ഷണവും (Snacks) ലഘുപാനിയങ്ങളുമൊരുക്കാൻ റെസ്റേറാൻറുകൾ രണ്ടിടത്തും ആവശ്യമാണ്. ഇതിൻെറ ഭാഗമായി ടൂറിസ്ററുകൾക്ക് താമസ സൗകര്യമൊരുക്കുന്നതിന് ലോഡ്ജിഗ് ഫസിലിററിയും ആവശ്യമാണ്. ഇവിടെ ശ്രദ്ധിക്കേണ്ടത് കോൺക്രീററ് കെട്ടിടങ്ങളേക്കാൾ അഭികാമ്യം തനതു കേരളീയ വസ്തുശില്പ വിദ്യയുപയോഗിച്ചു കൊണ്ട് ഈ പ്രദേശത്തിൻെറ ഉൽപ്പന്നങ്ങളായ മുള, പനമ്പ് എന്നിവ കൊണ്ടുള്ള കോട്ടേജ്മാതൃകകൾക്കായിരിക്കും.

ഇതിൻെറ തന്നെ ഭാഗമായി ഈ പ്രദേശത്തിൻെറ കരകൗശല വിദഗ്ദ്ധ തൊഴിലാളികൾ നിർമ്മിച്ചെടുക്കുന്ന പനമ്പുകൊണ്ടുള്ള കൗതുകകരമായ വസ്തുക്കളും, ചിരട്ടയും ചകിരിയുമുപയോഗിച്ചും, അല്ലാതെയുമുള്ള ഫാൻസി ഐെററംസിനോടൊപ്പം അവിശ്യം വേണ്ടുന്ന മററു സ്റേറഷനറി സാധനങ്ങൾ കൂടി ഒരുക്കാവുന്നതാണ്.

രണ്ടിടത്തും കംഫർട്ട് സ്റേറഷൻ പണിയണം.

## 7 നാടൻ കലകളുടെ പുനഃരുദ്ധാരണം

ക്ഷയിച്ചുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾക്കും (തിരുവാതിരകളി, കോലടികളി തുള്ളൽപ്പാട്ട്) കഥകളി, മോഹിനിയാട്ടം തുടങ്ങിയ കേരളീയ കലകൾക്കും D T P C യുമായി സഹകരിച്ച് ആവശ്യമായ പരസ്യം നൽകി ഒഴിവുദിവസങ്ങൾ നോക്കി stage ഒരുക്കുകയാണെങ്കിൽ ധാരാളം സ്വദേശ വിദേശ ടൂറിസ്ററുകളെ ആകർഷിക്കുന്നതിനൊപ്പം ഈ രംഗത്തെ കലാകാരൻമാർക്ക് മാന്യമായ ഒരു വേതനം ഉറപ്പാക്കുവാനും അന്യം നിന്നു പോയേക്കാവുന്ന നമ്മുടെ സാംസ്ക്കാരിക തനിമ നിലനിർത്തുവാനും സാധിക്കുന്നു.

## 8 ടൈം-ഷെയർ റിസോർട്ട്സ്

പഞ്ചായത്ത് മുൻകൈയെടുത്ത് Rich–mond sterling തുടങ്ങിയ Time share resourts ൻെറ മുൻനിര ഗ്രൂപ്പുകളുമായി സഹകരിച്ച് നമ്മുടെ രണ്ട് പദ്ധതി പ്രദേശത്തും ടൂറിസ്ററുകൾക്ക് താമസിക്കുവാനും പ്രകൃതി സൗന്ദര്യം നുകരുവാനുമുതകുന്ന തരത്തിൽ കോട്ടേജസ് (ആതിരപ്പള്ളി മാതൃക) പണിയുകയാണെങ്കിൽ അതൊരു മുതൽകൂട്ടാവും ഇത് ടൂറിസ്ററു പദ്ധതികൾക്ക് അവിശ്യം വേണ്ടുന്ന പ്രചാരം കൊടുക്കുവാനും സാധിക്കും.

## 9 ലാൻറ് സ്ക്കേപ്പിംഗ് കം ഗാർഡൻ

രണ്ടു തടാക കരകളിലും മനോഹാരിത വർദ്ധിപ്പിക്കുവാനായി ചുററും ലാൻറ് സ്ക്കേപ്പിംഗ് നടത്തുന്നതോടൊപ്പം പൂന്തോട്ടവും നിർമ്മിക്കുകയാണെങ്കിൽ എത്ര കണ്ടാലും മതിവരാത്ത ഒരനുഭൂതി ടൂറിസ്ററുകൾക്ക് പ്രദാനം ചെയ്യുവാനും പിന്നേയും ഇവിടം വന്ന് കാണുവാനുള്ള താൽപര്യമുണർത്തുവാനും കഴിയും.

ഇതോടൊപ്പം തന്നെ ഇവിടെ സ്വാഭാവിക മായി കാണുന്ന മയിൽ, കുരങ്ങ്, കാട്ടു കോഴി, കാട തുടങ്ങിയവയെ കാണുവാനും മലമ്പുഴ മാതൃകയിൽ മററു പക്ഷി–മൃഗ ങ്ങഠം Captivity യിൽ വളർത്തുവാനുള്ള സൗകര്യം കൂടി ഒരുക്കണം.

## 10 റെൻറ് എ ബൈക്ക്/സൈക്കിൾ സ്ക്കീം

നിളയും ചീരക്കുഴിയും, വനചാരുതയും ഗ്രാമഭംഗിയും, നാടും. നാട്ടുകാരേയും, സവാരിചെയ്ത് നോക്കി കാണുവാനുള്ള സൗകര്യത്തിനായി ബൈക്കോ? സൈക്കിളോ? വാടകയ്ക്ക് ടൂറിസ്ററുകഠക്ക് ലഭ്യ മാക്കുന്ന ടൂറിസത്തിലെ ഏററവും നവീന മായ ആശയമാണ് ഇതുവഴി സാക്ഷാൽ ക്കരിക്കപ്പെടുന്നത്.

## 11 വാച്ച് ടവർ

കൊടൈകനാലിലുള്ളതു പോലെ കണ്ടം ചിറയിലും ഒരു വാച്ച് ടവർ പണിത് ബൈനാക്കുലർ വഴി വള്ളുവനാടിൻേറയും തലപ്പിള്ളിയുടേയും ദൃശ്യ ഭംഗി നുകരു വാൻ സൗകര്യമൊരുക്കുന്നത് ട്യൂറിസ്ററു കഠക്ക് ഹരം പകരുമെന്നതിൽ സംശയമില്ല.

നമ്മുടെ രണ്ട് പദ്ധതികളേയും തമ്മിൽ ബന്ധിപ്പിക്കുവാൻ നിലവിലുള്ള P W D റോഡിന് പുറമേ ഉഠനാട്ടിലൂടെയുള്ള പഞ്ചായത്ത് റോഡും ടൂറിസ്ററുകഠക്ക് വനഭംഗി നുകർന്നുകൊണ്ട് എത്തിപ്പെടുന്ന തോടൊപ്പം ഒരു (Chain–tourism) ടൂറിസം ശൃംഗല തീർക്കുവാനം സാധിക്കുന്നു.

ടൂറിസം പദ്ധതികഠ പൂർത്തീകരി ക്കുന്നതോടെ പരോക്ഷമായും. മററ് ഗുണ വാരങ്ങഠ കൂടി സാക്ഷാത്ക്കരിക്കുവാൻ സാധിക്കുന്നു. അതായത് രണ്ട് പദ്ധതി കളുടെയും, താഴെ തട്ടിൽ കിടക്കുന്ന ഭൂമി കളിലെ ജലാശയങ്ങളും കിണറുകളും, വേനലിൽ വററാതെയും. അടിയന്തിര സന്ദർ ഭങ്ങളിൽ കുടിവെള്ളത്തിനുപയുക്തമാ ക്കുവാനും കഴിയുന്നു.

രണ്ടു ജലാശയങ്ങളിലും, വളർത്തു മത്സ്യങ്ങഠ കൃഷിചെയ്ത് പഞ്ചായ ത്തിൻെറ വരുമാനം വർദ്ധിപ്പിക്കാവുന്ന താണ്.

പിന്നോക്ക മേഖലയായ നമ്മുടെ പഞ്ചായ ത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാനും അൽപ്പമല്ലാത്ത തൊഴിൽ സാദ്ധ്യത തുറന്നു തരുവാനും ഇവ വഴിയൊരുക്കുമെങ്കിൽ ജന കീയാസൂത്രണത്തിലൂടെ നാം ലക്ഷ്യമിടു ന്നതും ഇതുതന്നെയല്ലേ ?

''ദൈവത്തിൻെറ സ്വന്തം നാടായ'' കേരള ത്തിൻെറ ടൂറിസ ഭൂപടത്തിൽ തനതായ ഒരു സ്ഥാനം നേടിയെടുക്കുവാൻ ദൈവ ത്തിൻെറ വരദാനമായ ഈ രണ്ട് പദ്ധതി കഠക്കും കഴിയട്ടെയെന്ന് നമുക്ക് പ്രത്യാ ശിക്കാം.

★

# പട്ടികജാതി പട്ടികവർഗ്ഗ വികസനം

കൊണ്ടാഴി പഞ്ചായത്തിൽ ആകെ 33 പട്ടിക ജാതി കോളനികൾ ഉണ്ട്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യകളിൽ 24.1% പട്ടികജാതിക്കാരാണ്. മൊത്തം പട്ടികജാതിക്കാരിൽ 49.81% പുരുഷൻമാരും, 50.19% സ്ത്രീകളുമാണ്.

ഒരു വിധം എല്ലാ പട്ടികജാതി കോളനികളിലേക്കും റോഡ് സൗകര്യം ഉണ്ടെങ്കിലും പൂർണ്ണമായും ഗതാഗത യോഗ്യമല്ല. മൊത്തം പട്ടിക ജാതി വീടുകളിൽ 40% വീടുകളും വൈദ്യുതീകരിച്ചതാണ്. മുഖ്യമായും കാർഷിക മേഖലയിലാണ് ഇവർ ജോലി ചെയ്യുന്നത്. സാമൂഹ്യരാഷ്ട്രീയ നേതൃത്വ നിരയിൽ ഇവരുടെ പങ്കാളിത്തം താരതമ്യേന കുറവാണ്. നിലവിലുള്ള നിരക്ഷരരിൽ കൂടുതലും ഈ വിഭാഗക്കാരാണ്. ഒരു ചെറിയ ശതമാനം പട്ടികജാതിക്കാരുടെ കുട്ടികൾ ഇപ്പോഴും കൃത്യമായി സ്കൂളിൽ പോകുന്ന സ്വഭാവമില്ല. സർക്കാരും മററു ഏജൻസികളും നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഇവരിൽ പലരും വേണ്ട രീതിയിൽ ഉപയോഗിക്കാൻ കഴിയാത്ത രീതിയിൽ തുടരുന്നു.

## പ്രശ്നങ്ങളും പരിഹാരങ്ങളും

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തതയുണ്ട്. ഇത് പരിഹരിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യക്കാനുപാതികമായി വികസന പദ്ധതികൾക്കുള്ള തുക പഞ്ചായത്തു തലത്തിൽ നീക്കിവെയ്ക്കണം.

വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിലേക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. വിവിധ കോളനികളിൽ വർഷങ്ങളോളമായി കുടിലും. വീടും വെച്ച് താമസിച്ച്വരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. അവരുടെ കൈവശ ഭൂമിക്ക് അടിയന്തിരമായി പട്ടയം അനുവദിക്കേണ്ടതാണ്.

ഒരു ചെറിയ ശതമാനം വീടുകൾ ഇന്നും ഓല മേഞ്ഞവയാണ്. വാസയോഗ്യമല്ലാത്ത വീടുകളും നിലവിലുണ്ട്. ഇവർക്കെല്ലാം വാസയോഗ്യമായ വീടുകൾ നിർമ്മിക്കാൻ വേണ്ട സാമ്പത്തിക സഹായം നൽകേണ്ടതാണ്. വീടുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത കുടുംബങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ അടിയന്തിരമായി നൽകേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖാന്തിരം അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായങ്ങളും, പ്രോൽസാഹനങ്ങളും നൽകേണ്ടതാണ്.

പഞ്ചായത്തിൽ ഒരു പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം രൂപീകരിക്കുകയും പരമ്പരാഗത തൊഴിൽ ചെയ്തുവരുന്ന (വട്ടി, കുട്ട, പനമ്പ്) പട്ടികജാതിക്കാർക്ക് അസംസ്കൃത സാധനങ്ങളും മററു സാമ്പത്തിക സഹായങ്ങളും നൽകി ഈ വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്.

പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന പല കോളനികളും ഇന്ന് സർക്കാർ അംഗീകരിക്കാതെ കിടക്കുന്നുണ്ട്. അത്തരം കോളനികൾ അംഗീകരിച്ച് അംഗീകൃത കോളനികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഈ കോളനികൾക്കും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഇവരുടെ ക്ഷേമത്തിനായി പട്ടികജാതി

വർഗ്ഗ വികസനസെൽ രൂപീകരിച്ച് ടി. സെല്ലിൽ കൂടിഇവരുടെ വികസനം ഉറപ്പുവരുത്തുക. മുൻപ് പട്ടികജാതിക്കാർക്ക് സൗജന്യമായി വീട് ലഭിച്ച വർക്ക് അററകുററപ്പണി നടത്തുവാൻ ധനസഹായം ലഭ്യമാക്കുക. പട്ടികജാതി പട്ടിക വർഗ്ഗ കോർപ്പറേഷനിൽ നിന്നും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് നൽകുന്ന ആനുകൂല്യ ങ്ങൾക്ക് പഞ്ചായത്ത്തലത്തിൽ മുൻഗണന നൽകണം.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിലനിന്നിരുന്ന കലാകായിക രംഗത്തെ പ്രതിഭ കളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുവേണ്ട നടപ ടികൾ സ്വീകരിക്കുക.

പഞ്ചായത്തിൻെറ അധീനതയിലുള്ള തരിശു നിലങ്ങൾ വീടും സ്ഥലവും ഇല്ലാത്ത പട്ടിക ജാതി പടികവർഗ്ഗ വിഭാഗങ്ങൾക്ക് വിതരണം ചെയ്യുക.

ഈ വിഭാഗക്കാർക്ക് ബഹുഭൂരിപക്ഷവും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നതി നാൽ കാർഷിക മേഖലയിൽ ഉപയോഗിച്ച്വ രുന്ന യന്ത്ര ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്ന തിനുള്ള പരിശീലനം നൽകുകയും യന്ത്രവൽക്ക രണം മൂലം ഈ വിഭാഗത്തിലുള്ളവർക്ക് നഷ്ട മാവുന്ന തൊഴിലവസരങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുക.

വൈദ്യുതിയും, കുടിവെള്ളവും എത്താത്ത എല്ലാ കോളനി പ്രദേശങ്ങളിലും വൈദ്യുതിയും വെള്ളവും എത്തിക്കുന്നതിന് അടിയന്തിരമായി നടപടികൾ എടുക്കേണ്ടതാണ്. കൂടാതെ പട്ടിക ജാതിക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുന്ന തിന് ടനപടികൾ കൈകൊണ്ട് പട്ടികജാതി കോളനികളിൽ ഓരോ കമ്മ്യൂണിററി ഹാൾ നിർ മ്മിച്ച് പൊതു ടെലിവിഷൻ, റേഡിയോ സെററു കൾ സ്ഥാപിക്കേണ്ടതുമാണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ആനു കൂല്യങ്ങളെപ്പററിയും മററും അറിയുന്നതിന് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, കോളനികളിൽ വയോജന വിദ്യാഭ്യാസ കേന്ദ്ര ങ്ങൾ ഏർപ്പെടുത്തുക.

പുകയേൽക്കാത്ത അടുപ്പുകൾ പട്ടികജാതി കോളനികളിൽ സൗജന്യമായി അനുവദിച്ചുകൊ ടുക്കുക.

★

# സഹകരണം

കൊണ്ടാഴി പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും, ഒരു കൈത്തറി നെയ്ത്ത് സഹകരണ സംഘവും കൂടാതെ മൂന്ന് ക്ഷീര സഹകരണ സംഘങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്.

678–ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് ഈ പഞ്ചായത്തിലെ ഏററവും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ഒരു സ്ഥാപനമാണ്. 4749 അംഗങ്ങളുള്ള ഈ ബാങ്ക് മലയാള വർഷം 1122 കർക്കിടകം 7–ാം തിയ്യതിയാണ് സ്ഥാപിക്കപ്പെട്ടത്. തുടങ്ങിയ കാലത്ത് ഒരു വിവിധോദ്ദേശ സഹകരണ സംഘമായാണ് ഇത് ആരംഭിച്ചത്. ഈ പഞ്ചായത്തിലെ ജനങ്ങൾക്കു റേഷൻ വിതരണാർത്ഥം തുടങ്ങിയ ഈ സ്ഥാപനം പല ബാലാരിഷ്ടതകളും തരണം ചെയ്ത് സ്വല്പം വർഷങ്ങൾക്കു ശേഷം ഒരു കാർഷിക സർവ്വീസ് സഹകരണ സംഘമായി രൂപം പ്രാപിച്ചു.

ഈ സ്ഥാപനത്തിൻെറ ആദ്യ സംഘാടകർ ഇന്നത്തെ പഞ്ചായത്ത് വൈസ് പ്രസിഡൻറായ ശ്രീ. കെ. ശ്രീധരമേനോനും, കൂടാതെ പരേതനായ കൊണ്ടാഴി പഞ്ചായത്തിലെ മുൻ പ്രസിഡൻറായിരുന്ന ശ്രീ എ. എസ് ചെട്ടിയാർ, മുൻ പഞ്ചായത്ത് മെമ്പർ എ. കെ കുട്ടികൃഷ്ണ മേനോൻ, മുൻ വില്ലേജ് ഓഫീസർ ശ്രീ. വി.പി ഗോപാലകൃഷ്ണൻനായർ, സരസ്വതീവിലാസം സ്ക്കൂൾ മാനേജരായിരുന്ന ശ്രീ. കെ. പി. നാരായണൻ നായർ എന്നിവരുമാണ്. ഈ സ്ഥാപനത്തിൻെറ ആദ്യത്തെ പ്രസിഡൻറ് ശ്രീ. എ. എസ് ചെട്ടിയാരും തിരഞ്ഞെടുക്കപ്പെട്ട പ്രഥമ സെക്രട്ടറി കീർത്തിയിൽ ശ്രീധരമേനോനുമാണ്.

725 രൂപ മൂലധനത്തോടുകൂടി ആരംഭിച്ച ഈ സംഘത്തിൽ ഇന്ന് 3,62505 രൂപ പിരിഞ്ഞു കിട്ടിയ മൂലധനം ഉണ്ട്. പൊതുജനങ്ങളിൽ നിന്നും സ്ഥിര നിക്ഷേപമായി 41,53446 രൂപയും ഹ്രസ്വകാല നിക്ഷേപങ്ങളായി 7ലക്ഷം രൂപയും ഉണ്ട്.

കാർഷിക പ്രധാന്യമുള്ള ഈ പഞ്ചായത്ത് പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്ക് ഒരു കോടിയോളം രൂപ ഹ്രസ്വകാല വായ്പകളായി ഈ സ്ഥാപനത്തിൽ നിന്നും നൽകിയിട്ടുണ്ട്. മദ്ധ്യകാല വായ്പ, റബ്ബർ കൃഷിക്കാർക്കുള്ള വായ്പ, ഐ. ആർ. ഡി. പി വായ്പ എന്നീ ഇനങ്ങളിൽ 12 ലക്ഷത്തോളം രൂപ ഈ ബാങ്കിന് നൽകാൻ സാധിച്ചിട്ടുണ്ട്.

15 ലക്ഷം രൂപയോളം പണ്ടം പണയത്തിന് മേലും സെക്യൂരിററി വ്യവസ്ഥയിൽ 11 ലക്ഷം രൂപയും ഈ ബാങ്കിൽ നിന്നും വായ്പ നൽകിയിട്ടുണ്ട്. ഉദ്ദേശം 20 ലക്ഷം രൂപയോളം തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഈ ബാങ്കിന് സഹായം ലഭിച്ചിട്ടുണ്ട് എന്നുള്ളത് പ്രസ്താവ്യമാണ്.

പഞ്ചായത്തിൻെറ കേന്ദ്ര പ്രദേശമായ പാറമേൽപ്പടിയിൽ P W D റോഡിനു സമീപം ഉദ്ദേശം 15 ലക്ഷം രൂപയോളം മതിപ്പു വിലയുള്ള കെട്ടിടം ബാങ്കിനു സ്വന്തമായുണ്ട്. ഈ പഞ്ചായത്തിൻെറ ധനവിനിമയ രംഗത്ത് ഒരു കേന്ദ്ര ബിന്ദുവായി ഈ സ്ഥാപനം പരിലസിക്കുന്നു. ബാങ്കിൻെറ ഇന്നത്തെ പ്രസിഡണ്ട് ശ്രീ. വി. കെ. ബാലകൃഷ്ണൻനായരാണ്.

കൊണ്ടാഴി കൈത്തറി നെയ്ത്ത് വ്യവസായ (വർക്ക് ഷോപ്പ്) സഹകരണസംഘം—ക്ലിപ്തം നമ്പർ (R) 269 ഈ പഞ്ചായത്തിൻെറ വ്യവസായികരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച ഒരു സ്ഥാപനമാണ്. 1985—ൽ ആണ് ഈ സ്ഥാപനം തുടങ്ങിയത്. ഇന്ന് ഈ സംഘത്തിൽ നെയ്ത്തുകാരായ 100 ഓഹരി ഉടമകളും, നെയ്

ത്തുകാരല്ലാത്ത 7 പേരും മെമ്പർമാരായുണ്ട്. ഒരു ഓഹരിക്കു 200 രൂപ വെച്ച് 2,63,525 രൂപ പിരിഞ്ഞു കിട്ടിശ മൂലധനവും സർക്കാർ ഓഹരിയായി 3,93,000 രൂപയും മൂലധനത്തോടു കൂടിയാണ് ഈ സംഘം പ്രവർത്തിച്ചു വരുന്നത്. ഈ പഞ്ചായത്ത് പ്രദേശത്തിനു പുറമെ തിരുവില്ല്വാമല പഞ്ചായത്തിലെ കാണിയാർക്കോട് വില്ലേജുകൂടി ഈ സംഘത്തിൻെറ വ്യാപകാതിർത്തിയിൽ പെടുന്നു,

ഒരു കാർഷിക മേഖലയായ കൊണ്ടാഴി പഞ്ചായത്തിൽ വിദ്യാസമ്പന്നരും അല്ലാത്തവരുമായ നൂറുകണക്കിനു യുവതീ യുവാക്കൾക്കു സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഈ സ്ഥാപനം സുപ്രധാനമായ പ്രചോദനമാണ് നൽകിയത് എന്നത് എടുത്തു പറയാവുന്നതാണ്. ഈ സ്ഥാപനത്തിൻെറ ആവിർഭാവത്തിനു ശേഷം ഇപ്പോൾ ഈ പഞ്ചായത്തിൽ കർഷക തൊഴിലാളി കുടുംബങ്ങളിൽ നിന്നും, മററു സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുമായി ഉദ്ദേശം 500 യുവതീ യുവാക്കൾ കൈത്തറി നെയ്ത്തിൽ പ്രാവീണ്യം നേടികൊണ്ടിരിക്കുന്നു എന്നുള്ളത് ശുഭോദർക്കമാണ്.

പഞ്ചായത്തിൻെറ ജനകീയ ആസൂത്രണ രംഗത്ത്, കുത്താമ്പുള്ളി മാതൃകയിൽ ഇങ്ങനെ കൈത്തറി നെയ്ത്തു പരിശീലനം കിട്ടിയിട്ടുള്ള കുടുംബങ്ങളിൽ കൈത്തറികൾ സ്ഥാപിച്ച്, അവർക്ക് നൂൽ വിതരണം ചെയ്ത് തൊഴിലവസരം പ്രദാനം ചെയ്യുന്നതിന് ഒരു സഹകരണ സ്ഥാപനം ഉണ്ടാക്കണമെന്ന ആവശ്യം ശക്തമായി മുന്നോട്ടു വന്നിരിക്കയാണ്. മുൻപറഞ്ഞ (R) 269—ാം നമ്പർ കൈത്തറി വ്യവസായ സഹകരണസംഘം ഈ പഞ്ചായത്തിൽ തൊഴിലവസരം നൽകുന്നതിൽ ഒരു കുതിച്ചുചാട്ടം തന്നെ നടത്തിയിട്ടുള്ളതു അഭിമാനകരമാണ്.

ഈ സ്ഥാപനത്തിൻെറ സംഘാടകരിൽ എടുത്തു പറയാവുന്ന സേവനം നൽകിയവരിൽ ഒരാൾ അതിൻെറ ആദ്യകാലപ്രസിഡണ്ടായിരുന്ന സഖാവ് ശ്രീ. കെ. നാരായണൻകുട്ടി, ആദ്യത്തെ പ്രമോട്ടിംഗ് കമ്മിററിയിലെ മെമ്പർമാർ മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ. സി തോമസ്, നെയ്ത്തു തൊഴിലാളിയായിരുന്ന ശ്രീ. സുബ്രഹ്മണ്യൻ, ടി. ചാക്കുണ്ണി എന്നിവരായിരുന്നു. കേരളത്തിലെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. സി. അച്യുതമേനോനായിരുന്നു ഈ സ്ഥാപനത്തിൻെറ ഉൽഘാടകൻ. ഈ സംഘത്തിലെ ഇപ്പോഴത്തെ പ്രസിഡണ്ട് ഈ സ്ഥാപനത്തിലെ തന്നെ ഒരു തൊഴിലാളിയായ പള്ളത്ത് ശ്രീ. ഉണ്ണി കൃഷ്ണനാണ്. സെക്രട്ടറിയും, ഒരു ക്ലാർക്കും, പ്യൂണും ശമ്പള വ്യവസ്ഥയിൽ ഇവിടെ ജോലി ചെയ്യുന്നുണ്ട്.

# ക്ഷീരവ്യവസായം

ഈ പഞ്ചായത്ത് മേഖലയിൽ ഇപ്പോൾ 3 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ സംഘങ്ങൾ മുഖേന ഇപ്പോൾ ലഭിച്ച സ്ഥിതി വിവര കണക്കനുസരിച്ച് 3,42,711 ലിററർ പാൽ വിൽപന നടത്തി വരുന്നു. ഇതിനു പുറമെ ഈ പഞ്ചായത്തിൽ സഹകരണ മേഖലക്കു പുറത്ത് ഒന്നര ലക്ഷം ലിററർ പാൽ ഉൽപ്പാദിപ്പിക്കുകയും. വിപണനം നടത്തുകയും ചെയ്യുന്നുണ്ടെന്നാണ് കണക്ക് ഇതിൽ നിന്നും കൊണ്ടാഴി പഞ്ചായത്തിൽ വിൽപ്പനയ്ക്കായി ആളോഹരി 2 ലിററർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് അനുമാനിക്കാം. വ്യാപാരാടിസ്ഥാനത്തിൽ അല്ലാതെ വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന പാൽ ഇതിനും പുറമെ ഉണ്ട്. എങ്കിലും ക്ഷീര വികസന രംഗത്ത് ഈ പഞ്ചായത്ത് ആവശ്യത്തിനനുസരിച്ച് ഉയർന്നിട്ടില്ല എന്ന് വ്യക്തമാണ്. ആളോഹരി ഒരു മാസത്തിൽ ചുരുങ്ങിയത് 10 ലിററർ പാല് വേണം എന്ന കണക്കനുസരിച്ച് ഒരു വർഷത്തിൽ 19,20,000 ലിററർ പാൽ കൂടി ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി ഇന്നുള്ള ഗുണ

നിലവാരം കുറഞ്ഞ പശുക്കളെ മാററി അത്യുല്പാദനശേഷിയുള്ള നല്ലയിനം പശുക്കളെ സംഘടിപ്പിക്കുന്നതിനും ശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴുള്ള 3 ക്ഷീര വികസന സൊസൈററികളിലും ഈ അടിസ്ഥാനത്തിലുള്ള മാററങ്ങരം ഉരംകൊള്ളുന്നതിനും. കൂടാതെ മായന്നൂർ പ്രദേശത്ത് ഒരു പുതിയ ക്ഷീര സഹകരണ സംഘം ഉണ്ടാകേണ്ടതുമാണെന്നു നിർദ്ദേശിക്കുന്നു.

പശുക്കരംക്ക് പച്ചപ്പുൽ ഉൽപ്പാദിപ്പിക്കുന്നതിന് ഓരോ കുടുംബത്തിലും 2 സെൻറ് സ്ഥലത്തെങ്കിലും പുല്ലുല്പാദിപ്പിക്കുന്നതിനുള്ള തീവ്രയത്ന പരിപാടി നടപ്പാക്കേണ്ടതാണ്. ഇതിനുപുറമെ ജല ലഭ്യതയുള്ള പ്രദേശങ്ങളിൽ വ്യവസായികാടിസ്ഥാനത്തിൽ ഏക്കർ കണക്കിന് പച്ചപ്പുൽകൃഷി നടപ്പിലാക്കേണ്ടതാണ്. അതിനു ഈ മേഖലയിലെല്ലാം സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നടപടികരം സ്വീകരിക്കണം.

ഈ പഞ്ചായത്ത് മേഖലയിൽ ഏകദേശം 1000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യപ്പെടുന്നു. വിരിപ്പിലും, മുണ്ടകനിലും കൂടി ഏകദേശം 4000 ടണ്ണിലധികം നെല്ല് ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. വിളവുകാലത്ത് കർഷകരുടെ ഉൽപ്പന്നത്തിന് സ്ഥിരമായ വിപണികരം ഇല്ലാത്തതിനാൽ ഇടത്തട്ടുകാർ ചുരുങ്ങിയ വിലയ്ക്കു നെല്ല് സംഭരണം നടത്തിവരുന്ന ഒരു സ്ഥിതി വിശേഷം നിലവിലുണ്ട്. തൻമൂലം കർഷകർക്കു അധ്വാനത്തിൻെറ ഫലം മുഴുവൻ അനുഭവിക്കുവാൻ സാധിക്കുന്നില്ല. ഇത് മാററിയെടുക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയമാണ്. ഈ പഞ്ചായത്തിൽ നെൽകൃഷി രംഗത്ത് 21 പാടശേഖരങ്ങളുണ്ട്. എല്ലാ പാടശേഖരങ്ങളിലും കൂടി ഉദ്ദേശം 2000 കർഷകരും ഉണ്ട്. ഈ കർഷകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കർഷകരുടെ ഉൽപ്പാദനമായ മുഴുവൻ നെല്ലും സംഭരിച്ച് അതുവഴി കർഷകർ ഇന്ന് അനുഭവിക്കുന്ന നഷ്ടങ്ങരംക്കു പരിഹാരം കാണുന്നതനുമായി നവീന മാതൃകയിലുള്ള ഒരു നെല്ല് സംസ്ക്കരണ മില്ല് തുടങ്ങേണ്ടത് അത്യാവശ്യമാണ്. ഇന്നത്തെ നിലയിൽ 3600 ടൺ നെല്ല് സംഭരിക്കുവാൻ സാധിക്കുമെന്ന കണക്കനുസരിച്ച് ദിനം തോറും 12 ടൺ നെല്ല് സംസ്ക്കരിക്കുവാൻ സാധിക്കുന്ന ഒരു മില്ല് സ്ഥാപിക്കണമെന്നതാണ് ഈ പഞ്ചായത്തിൻെറ ആവശ്യം.

ഈ പഞ്ചായത്തിലെ മറെറാരു പ്രധാന വിളയാണ് നാണ്യവിളയായ നാളികേരം. ഉദ്ദേശം 500–600 ഹെക്ടർ സ്ഥലത്ത് വീടുകളിലും തോട്ടങ്ങളിലുമായി തെങ്ങുകൃഷി നടത്തപ്പെടുന്നു. കേരകർഷകരുടെ ജീവിത നിലവാരം ടാപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു കേരകർഷക സമിതി ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. ടി സമിതിയിൽ ഇപ്പോരം 600—ൽ പരം അംഗങ്ങളുണ്ട്.

കേരകർഷകർ നേരിടുന്ന പ്രധാന പ്രശ്നം ഉൽപ്പന്നത്തിന് മതിയായ വില ലഭിക്കുന്നില്ല എന്നതാണ്. കേരകർഷക രംഗത്ത് കലോചിതമായ പരിഷ്ക്കാരങ്ങരം വരുത്തേണ്ടതുണ്ട്. നാടൻ തെങ്ങുകളാണ് കൂടുതലായും ഈ രംഗത്ത് കാണപ്പെടുന്നത്. അത്യുൽപാദനശേഷിയുള്ള തെങ്ങിനങ്ങരം കൃഷി ചെയ്യുവാനുള്ള പ്രോത്സാഹനം ഉണ്ടാവേണ്ടതാണ്.

കൽപദ്രുമമായ തെങ്ങിൻെറ ഓലയും, മടലും, ചിരട്ടയും, കഴമ്പും. തടിയും എല്ലാം വിപണന സാദ്ധ്യതയുള്ളതാണ്. ഈ പഞ്ചായത്തിലുണ്ടാകുന്ന നാളികേരം മുഴുവൻ സംഭരിച്ച് കൊപ്രയാക്കി സംസ്ക്കരിച്ച് വിപണനം നടത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു നല്ല യൂണിററ് സംഘടിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ തെങ്ങിൻെറ ഓലമടഞ്ഞ് വിപണനം നടത്തുന്നതിന് സ്വകാര്യവ്യക്തികളുടെ സംരംഭം നിലവിലുണ്ടെങ്കിലും അത് 100% വിജയപ്രദമല്ല. കൊപ്രയാക്കിയ ശേഷം ലഭിക്കുന്ന ചിരട്ടകളിൽ നിന്ന് കരകൗശല വസ്തുക്കരം നിർമ്മിക്കുന്നതിനുള്ള പരിശീ

ലനം നൽകുന്ന പക്ഷം തൊഴിൽ രാഹിത്യത്തിന് ഒരളവുവരെ പരിഹാരം കാണാൻ സാധിക്കും അതിനുള്ള സംരംഭവും ഉണ്ടാകേണ്ടതാണ്.

കേരളം 100% ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. നിത്യോപയോഗ സാധനങ്ങളായ പച്ചക്കറി, സോപ്പ്, ചന്ദനത്തിരി, മെഴുകുതിരി, അച്ചാറുകൾ, കറിപൗഡറുകൾ, എന്നു വേണ്ട വിളക്കുതിരി വരെ നാം അന്യ സംസ്ഥാനങ്ങളുടെ നിർമ്മാതാക്കളുടെ മാർക്കററിന് വിധേയരാകുന്നു. നിത്യോപയോഗ സാധനങ്ങളായ നേന്ത്രക്കായ വററൽ, ശർക്കര ഉപ്പേരി, മധുര പലഹാരങ്ങൾ, മിക്സ്ചർ എന്നിവ കുടിൽ വ്യവസായടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനം ചെയ്യുന്നതിന് ധാരാളം സാദ്ധ്യതയുള്ള മേഖലയാണ് നമ്മുടേത്. ഉപഭോഗ സംസ്ക്കാരത്തിൽനിന്ന് ഉല്പാദന–വിപണന സംസ്ക്കാരത്തിലേക്ക് ക്രിയാത്മകമായ ഒരു എടുത്തുചാട്ടം ഉണ്ടാക്കുന്നതിന് പ്രത്യേകിച്ച് സ്ത്രീകളുടെതായ സംരംഭങ്ങൾക്കു അവസരമുണ്ടാക്കേണ്ടതാണ്. ഈ രംഗത്ത് സഹകരണ പ്രസ്ഥാനങ്ങൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കും.

ഇത്തരം കുടിൽ വ്യവസായ സംരംഭങ്ങൾക്കു സാമ്പത്തിക സഹായം നൽകുന്നതിന് ധനസ്ഥാപനങ്ങൾ മുന്നോട്ടു വരേണ്ടത് അത്യാവശ്യമാണ്. ഒരു ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ അത്യന്താപേക്ഷിതമാണ്.

## ഈ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങൾ

പട്ടികജാതി വനിതാ–തയ്യൽ യൂണിററ് മായന്നൂർ
ാമച്ച യൂണിററ്–മായന്നൂർ
ായ ഗാർമെൻറ്സ്

ചന്ദനത്തിരി യൂണിററ്–പ്ലാൻറേഷൻ (വനിത)
ശ്രേയസ്സ് യൂണിററ്–ചേലക്കോട് (വനിത)

മേൽപ്പറഞ്ഞ യൂണിററുകൾക്കു ആവശ്യമായ പ്രോത്സാഹനവും, സാമ്പത്തിക സഹായവും നൽകണം.

## സാദ്ധ്യതകൾ

ഈ പഞ്ചായത്തിലെ സർവ്വീസ് സഹകരണ ബാങ്ക് ഉയർച്ചയുടെ പടവുകൾ കയറി മുന്നോട്ട് കയറി കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ്. പക്ഷെ സഹകരണ ഡിപ്പാർട്ട്മെൻറിന്റെ ദൃഷ്ടിയിൽ ഇന്നും ഈ ബാങ്ക് സി. ക്ലാസ്സ് ആയി നിൽക്കുകയാണ്. ബാങ്കിൽ ഇന്ന് ഒരു സെക്രട്ടറി, ക്ലാർക്ക്, അററൻറർ എന്നീ 3 തസ്തികകൾ മാത്രമേയുള്ളൂ. ലക്ഷകണക്കിന് രൂപയുടെ വ്യാപാരം ഈ സംഘത്തിൽ നടന്നു വരികയാണ്. ''ഡെയ്ലി ഡിപ്പോസിററ്'' ഇനത്തിൽ തന്നെ പതിനായിരം രൂപയോളം ഈ സംഘത്തിൽ വരവുണ്ട്. കാർഷിക വായ്പ, പണ്ടം പണയം, വളം കച്ചവടം എന്നീ ഇനങ്ങളിലും തിരക്കുള്ള പ്രവർത്തി ഇവിടെ നടന്നു വരുന്നു. ആകയാൽ ബാങ്കിന്റെ ഉദ്യോഗസ്ഥരുടെ എണ്ണം അടിയന്തിരമായി വർദ്ധിപ്പിക്കേതുണ്ട്. അതനുസരിച്ച് നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ ഒരു രണ്ടാംനില പണിയുന്നതിനും Staff Pattern–ൽ വർദ്ധനവു വരുത്തി കൂടുതൽ ജനസേവനത്തിനുള്ള രംഗങ്ങൾ സൃഷ്ടിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൈത്തൊഴിൽ മേഖലയിൽ കൈത്തറി നെയ്ത്തിന് വമ്പിച്ച സാദ്ധ്യത ഈ മേഖലയിൽ ഉണ്ട്. ആയതു കൊണ്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കൈത്തറി സഹകരണ സംഘം രൂപീകരിച്ച് ഇന്ന് പഞ്ചായത്തിലെ പരിശീലനം ലഭിച്ചിട്ടുള്ളവരും, പരിശീലനം ലഭിച്ചുകൊണ്ടിരിക്കുന്നവരുമായ 200–ൽ പരം കൈത്തറി നെയ്ത്ത് തൊഴിലാളികളുടെ ഭവനങ്ങളിൽ നെയ്ത്ത് തറികൾ സ്ഥാപിക്കുന്നതിനും നൂലുകൊടുത്ത് അവരെ കൊണ്ട് നെയ്യിച്ച് ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും സംഘം മുഖേന നടത്തി ഈ വിഭാഗത്തിലുള്ള തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

★

# വിഭവസമാഹരണം-ധനകാര്യം

കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഒരു സ്വയം പര്യാപ്തമായ പഞ്ചായത്ത് അല്ല. പ്രത്യുത സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ള C ഗ്രേഡ് പഞ്ചായത്താണ്. ഈ പഞ്ചായത്തിൻെറ 1995–96ലെ വിവിധ ഇനങ്ങളിൽ ഉള്ള വരവുകളും ചിലവുകളും, അന്യത്ര അനുബന്ധമായി കൊടുത്തിട്ടുണ്ട്. അതനുസരിച്ച് പഞ്ചായത്തിൻെറ വരവ് 8,84,631 രൂപയും ചിലവ 12,65,584 രൂപയുമാണെന്നു കാണുന്നു. ഇതനുസരിച്ച് മേൽപ്പറഞ്ഞ സാമ്പത്തിക വർഷത്തിൽ 3,80,953 രൂപ കമ്മിയിലാണ് പഞ്ചായത്ത് പ്രവർത്തിച്ചത്.

പഞ്ചായത്തിൻെറ സാമ്പത്തിക രംഗത്തുള്ള ഈ അസന്തുലിതാവസ്ഥ മാററിയെടുക്കുന്നതിന് ഒരു തീവ്രപരിശ്രമം തന്നെ ആവശ്യമാണ്. 9-ാം പഞ്ചവത്സര പദ്ധതികാലത്തു തന്നെ ഈ പഞ്ചായത്തിനെ ഒരു സ്വാശ്രയ പഞ്ചായത്താക്കി മാററിയെടുക്കുന്നതിന് ഒരു സമഗ്രപദ്ധതി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. പഞ്ചായത്തിൻെറ വിഭവസമാഹരണം ഈ ലക്ഷ്യത്തെ മുൻനിർത്തി ബുദ്ധിപൂർവ്വം നടത്തേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം മുൻനിർത്തി താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1 കെട്ടിടനികുതിയിനത്തിൽ 95-96-ൽ 87,922 രൂപയാണ് വരുമാനം. ഇത് പരിഷ്ക്കരിച്ച് 25000 രൂപ കൂടുതൽ വരുമാനം ഉണ്ടാക്കാൻ ശ്രമിക്കണം.

2 തൊഴിൽ നികുതിയിനത്തിൽ 62,505 രൂപ തീരെ അപര്യാപ്തമാണ്. ദീർഘകാലമായി അനുവർത്തിച്ചുവരുന്ന നികുതി സമ്പ്രദായമാണ് നിലവിലുള്ളത്. അത് 100% വർദ്ധനവ് ഇടാക്കാവുന്നതാണ്.

3 വസ്തു കൈമാററയിനത്തിൽ 85,963 രൂപയാണ് വരുമാനം. ഇത് സംസ്ഥാനതലത്തിൽ തന്നെ ഒരു പുനർചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. യഥാർത്ഥ വസ്തുവില രജിസ്ററർ ആധാരത്തിൽ കാണിക്കുന്നില്ല എന്നുള്ളത് ഒരു പരസ്യമായ കാര്യമാണ്. ആയതുകൊണ്ട് വസ്തു കൈമാററതലത്തിലുള്ള 'സെസ്സ്' 100% വർദ്ധിപ്പിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു. അങ്ങനെ വർദ്ധിപ്പിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിന് ഇന്നു ലഭിക്കുന്ന വരുമാനത്തിൻെറ ഇരട്ടി ലഭിക്കുന്നതാണ്.

4 വിനോദ നികുതിയിനത്തിൽ 33,888 രൂപയാണ് വരുമാനം. ഈ നികുതിയിനത്തിൽ കൂറെ കൂടി ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

5 ലേല വരവിനത്തിൽ 1,12,536 രൂപയാണ് വരുമാനം. ഇതിലെ പ്രധാനം മണൽ ലേലം മുഖേനയുള്ള വരവാണ്. മണൽ വാരുന്നതിന് പുഴയിലേക്ക് വാഹനം ഇറങ്ങുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യുകയാണെങ്കിൽ ഈ സംഖ്യ 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ സാധിക്കും.

6 പലവക വരുമാനത്തിൽ പഞ്ചായത്തിലേക്കുള്ള വരുമാനം 2671 രൂപയാണ്. പഞ്ചായത്തിൻെറ അധീനതയിലുള്ള സ്ഥലങ്ങളിലെ ദീർഘകാലമായി ഉണങ്ങി നിൽക്കുന്ന തേക്കും മററു മരങ്ങളും ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി

സ്വീകരിക്കണം. അങ്ങനെയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപയെങ്കിലും വർദ്ധിപ്പിക്കുവാൻ സാധിക്കും.

7 ഇതിനുപുറമെ നികുതി ചുമത്തപ്പെടാത്ത പലയിനങ്ങളും പഞ്ചായത്തിൽ നിലവിലുണ്ട്. ഉദാഹരണമായി ഈ പഞ്ചായത്തിൽ 500 ഏക്കർ റബ്ബർ എസ്റ്റേററുകൾ ഉണ്ട്. ടാപ്പ് ചെയ്യപ്പെടുന്ന ഒരു റബ്ബർ മരത്തിന് 2 രൂപ ഒരു വർഷത്തിൽ നികുതി ചുമത്തപ്പെടുകയാണെങ്കിൽ ഒരു വർഷത്തിൽ പഞ്ചായത്തിന് 2 ലക്ഷം രൂപ അധിക വരുമാനം ഉണ്ടാക്കാൻ സാധിക്കും.

8 ഈ പഞ്ചായത്തിൽ 500 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി നിലവിലുണ്ട്. ഉദ്ദേശം 80,000 തെങ്ങുകൾ ഈ മേഖലയിൽ കൃഷി ചെയ്യപ്പെടുന്നുണ്ട്. ഒരു തെങ്ങിന് ഒരു രൂപാ എന്ന വിധത്തിൽ പഞ്ചായത്തിന് നികുതിയിനത്തിൽ ലഭിച്ചാൽ അത് പഞ്ചായത്തിന്റെ വരുമാനം ഉയർത്തുന്നതിന് സാധിക്കും.

9 മററു പ്രദേശങ്ങളിൽ നിന്ന് ഈ പഞ്ചായത്തിൽ വാഹനങ്ങളിൽ കൊണ്ടു വന്ന് പല സാധനങ്ങളും വില്പന നടത്തുന്നുണ്ട്. വ്യാപാര ആവശ്യത്തിനായി പഞ്ചായത്തിൽ പ്രവേശിക്കുന്ന എല്ലാ വ്യാപാരികൾക്കും ലൈസൻസ് ഏർപ്പെടുത്തിയാൽ അതുമൂലം പഞ്ചായത്തിന്റെ വരുമാനം വർഷത്തിൽ 50,000 രൂപ വീതം വർദ്ധിക്കും.

10 പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനമായ പാറമേൽപ്പടി സെൻററിൽ ഒന്നര സെൻറ് സ്ഥലം പഞ്ചായത്തിന്േറതായുണ്ട്. ഈ സ്ഥാനത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സും, അതിനോടനുബന്ധിച്ച് പഞ്ചായത്ത് ഓഫീസിനു മുമ്പിൽ ഒരു കമ്മ്യൂണിററിഹാളും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കേണ്ടതാണ്. എങ്കിൽ ഈയിനത്തിൽ പഞ്ചായത്തിന് 2 ലക്ഷം രൂപ അധികവരുമാനം ഉണ്ടാക്കാൻ സാധിക്കും.

11 പഞ്ചായത്തിൽ P W D റോഡിൽ തണൽ വൃക്ഷങ്ങളായി പുളിമരങ്ങൾ വേപ്പുമരങ്ങൾ എന്നിവ വളർത്തിയാൽ അവയിൽ നിന്നുള്ള അനുഭവങ്ങൾ പഞ്ചായത്തിന് മുതൽ കൂട്ടാവും.

## 1995 96 ലെ പഞ്ചായത്ത് തനതുകണക്ക്

| വരവ് | Rs. | Ps. |
|---|---|---|
| കെട്ടിട നികുതി | 87,922 | 00 |
| തൊഴിൽ നികുതി | 62,505 | 00 |
| വസ്തു കൈമാററ വിഹിതം | 85,963 | 00 |
| വിനോദ നികുതി | 33,888 | 00 |
| ജനന മരണ രജിസ്ട്രേഷൻ | 54 | 00 |
| പൗണ്ട് വരവ് | 416 | 00 |
| കെട്ടിട വാടക | 1,800 | 00 |
| ലേല വരവ് | 1,12,536 | 00 |
| ലൈസൻസ് ഫീ | 3,171 | 00 |
| ഗ്രാൻറ്—വക | 4,51,288 | 00 |
| അടിസ്ഥാന നികുതി | 39,867 | 00 |
| പലിശ | 2,550 | 00 |
| പല്ലവക | 2,671 | 00 |
| ആകെ | 8,84,631 | 00 |

| ചിലവ് | Rs. | Ps. |
|---|---|---|
| എസ്റ്റാബ്ലിഷ്മെൻറ് | 3,16,382 | 00 |
| റോഡ് സംരക്ഷണം നിർമ്മാണം | 8,78,009 | 00 |
| കറൻറ് ചാർജ്ജ് | 50,048 | 00 |
| കുടിവെള്ള ചാർജ്ജ് | 16,147 | 00 |
| അലഞ്ഞു നടക്കുന്ന പട്ടി നിർമ്മാർജ്ജനം | 4,998 | 00 |
| ആകെ | 12,65,584 | 00 |
| കമ്മി— | 3,80,953 | 00 |

★

# വനിത

വനിതകൾക്ക് ജനപ്രാതിനിധ്യ രംഗങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുന്ന നിയമനിർമ്മാണങ്ങളും ഭരണഘടനാ ഭേദഗതികളും ഉണ്ടെങ്കിലും നിലവിലുള്ള സാമൂഹ്യ വ്യവസ്ഥിതിയിൽ വനിതകൾക്കു നിഷേധിക്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യം ഇപ്പോഴും ഒരു പരിധി വരെ അവരെ മുഖ്യധാരയിൽ നിന്ന് അകററി നിർത്തുവാൻ കാരണമാക്കുന്നു. വികസന പ്രക്രിയയിലെ വനിതകളുടെ പങ്കാളിത്തമില്ലായ്മ മാററിയെടുക്കാനാണ് ഒമ്പതാം പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്,

കൊണ്ടോഴി പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 52.98% സ്ത്രീകളാണ്. വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പുരുഷൻമാരെക്കാൾ കുറവാണ്. കർഷക തൊഴിലാളികൾ, അദ്ധ്യാപകർ, ഖാദി, കൈത്തറി വസ്ത്ര നിർമ്മാണം എന്നീ മേഖലകളിൽ മാത്രമാണ് സ്ത്രീകൾക്ക് മുൻകൈയുള്ളത്. പൊതു പ്രവർത്തന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. പഞ്ചായത്തതിർത്തിയിൽ രാഷ്ട്രീയ പാർട്ടികളുടേയോ ബഹുജന സംഘടനകളുടേയോ ഭാരവാഹിത്വം വനിതകൾ ആരും തന്നെ വഹിക്കുന്നില്ല.

### പ്രശ്നങ്ങൾ

1 സ്ത്രീകളുടെ തൊഴിലില്ലായ്മ

2 പൊതു രംഗത്ത് സ്ത്രീകളുടെ അഭാവം

3 തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനങ്ങൾ

4 സ്ത്രീ പീഡനം

### സാദ്ധ്യതകൾ

1 കൂടുതൽ വനിത സഹകരണ വ്യവസായ സംഘങ്ങൾ സംഘടിപ്പിക്കുക. (റെഡി മെയിഡ് വ്യവസായം, പഴം പച്ചക്കറി സംസ്കരണം, സോപ്പു നിർമ്മാണം, അച്ചാർ കറിപൗഡർ, പപ്പട നിർമ്മാണം, ശീലക്കുട നിർമ്മാണം, മെഴുകുതിരി, ചന്ദനത്തിരി, വിളക്ക് തിരി നിർമ്മാണം, കോഴി വളർത്തൽ, ഡയറി ഫാമുകൾ മുതലായവ)

2 വനിതകൾക്കായുള്ള പ്രത്യേക നേതൃത്വ പരിശീലനം സംഘടിപ്പിക്കുക.

3 രാഷ്ട്രീയ പാർട്ടികളുടേയും ബഹുജന സംഘടനകളുടേയും നേതൃത്വ നിരയിൽ വനിതകൾക്കു കൂടി പങ്കാളിത്തം നൽകുക.

4 എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം നൽകുക.

5 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

6 വനിത തൊഴിലാളികളുടെ സൗകര്യാർത്ഥം ആവശ്യമായ സ്ഥലങ്ങളിൽ ക്രഷുകൾ സ്ഥാപിക്കുക.

7 വനികൾക്കുള്ള വ്യവസായ സംരംഭം ആരംഭിക്കുന്നതിലേക്കായി ചീരക്കുഴി കനാലിന്റെ 12–ാം മൈൽ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒഴിഞ്ഞുകിടക്കുന്ന കെട്ടിടവും സ്ഥലവും വിട്ടുകിട്ടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

8 പഞ്ചായത്തിൽവനിതാനിയമ സഹായസെൽ രൂപീകരിക്കുക.

9 സ്ത്രീധന നിരോധനനിയമം കർശനമായി നടപ്പിലാക്കണം.

10 സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.

11 അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

# വാർത്താവിനിമയം

ഈ ഗ്രാമപഞ്ചായത്തിൽ വാർത്താവിനിമയ രംഗത്ത് വർത്തമാനപത്രങ്ങൾ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. ദിനാരംഭത്തിൽ ആദ്യത്തെ ചായ കുടിയോടു കൂടി പത്രം വായിക്കുന്ന ശീലം ജനങ്ങൾക്കിടയിൽ രൂഢമൂലമാണ്.

മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി എന്നീ പത്രങ്ങളാണ് പ്രധാനം—ഏററവും കൂടുതൽ മാതൃഭൂമിയും മനോരമയും തന്നെ എക്സ്പ്രസ്സ്, ചന്ദ്രിക, മാധ്യമം എന്നീ ദിന പത്രങ്ങളും ഇവിടെ വരുന്നുണ്ട്.

ഗ്രാൻറു ലഭിക്കുന്ന രണ്ടു വായനശാലകളാണ് ഈ ഗ്രാമപഞ്ചായത്തിൽ ഉള്ളത്. മായന്നൂർ വില്ലേജിൽ കെ. എസ്. രാമൻമേനോൻ സ്മാരക ഗ്രാമീണ വായനശാലയും, കൊണ്ടാഴി ഗ്രാമീണ വായനശാലയും. ഈ രണ്ടു വായനശാലകളും നല്ലരീതിയിൽ പ്രവർത്തിക്കുന്നവയാണ് മററു വായനശാലകൾ ഉള്ളതു പ്രവർത്തനക്ഷമമാക്കുകയും ഗ്രാൻറിനു അർഹതയുള്ളവയാക്കുകയും വേണം. ടെലിവിഷൻ വാർത്താവിനിമയ രംഗത്ത് ശക്തമായ പങ്കുവഹിക്കുന്നുണ്ട്. പഞ്ചായത്തു പ്രദേശത്ത് നിരവധി ടെലിവിഷൻ സെററുകൾ ഇന്നുണ്ട്. എന്നാൽ പട്ടികജാതി—പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ ടെലിവിഷൻ വിരളമാണെങ്കിലും പഞ്ചായത്തിലെ കാട്ടാളത്ത് കോളനിയിലേക്കു ഒരു ടെലിവിഷൻ സെററ് ഗവൺമെൻറനുവദിച്ചിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് ഒരു ടെലിഫോൺ എക്സ്ചേഞ്ച് നിലവിലുണ്ട്. 1988—ൽ ഓട്ടോമാററിക് എക്സ്ചേഞ്ച് ആയിരുന്നപ്പോൾ 74 ടെലിഫോൺ കണക്ഷൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

1992—ൽ ഇലക്ട്രോണിക് എക്സ്ചേഞ്ച് ആയി ഇത് മാററപ്പെടുകയും 80 കണക്ഷൻ ഉണ്ടായിരുന്നത് ഇപ്പോൾ 160 കണക്ഷൻ ഉള്ള C D O T സമ്പ്രദായത്തിൽ ഉള്ള എക്സ്ചേഞ്ച് ആയി മാറിയിട്ടുണ്ട്. ഇപ്പോൾ 148 കണക്ഷൻ നൽകപ്പെട്ടിട്ടുണ്ട്. കണക്ഷൻ ലഭിക്കുന്നതിന് 200 അപേക്ഷകൾ വെയിററിംങ് ലിസ്ററിൽ ഉണ്ട്. ചേലക്കോട് വില്ലേജ് പ്രദേശം ഈ എക്സ്ചേഞ്ചിനു കീഴിലാണ്

അടുത്തുതന്നെ 500 ടെലിഫോൺ കണക്ഷൻ നൽകാവുന്ന I L T ബോർഡ് സ്ഥാപിക്കാൻ സാദ്ധ്യതയുണ്ടെന്നറിയുന്നു.

ഒരു S T D–I S D ബൂത്ത് പാറമേൽപ്പടി ഭാഗത്ത് സ്ഥിതിചെയ്യുന്നുണ്ട്.

**സാദ്ധ്യതകൾ–ആവശ്യങ്ങൾ**

1 മായന്നൂരിലും ചേലക്കോടും ഓരോ S T D ബൂത്തുകൾ വേണം.

2 എല്ലാ പട്ടികജാതി കോളനികളിലും പഞ്ചായത്തിനു കീഴിൽ ഉള്ള വായനശാലകളിലും ഓരോ ടെലിവിഷൻ സെററുകൾ സ്ഥാപിക്കണം

3 ഇപ്പോൾ മായന്നൂരിലും, പാറമേൽപ്പടിയിലുമുള്ള പോസ്ററാഫീസുകളിൽ ടെലഗ്രാം സൗകര്യമുണ്ട്. എന്നാൽ ഇവ അപര്യാപ്തമായതിനാൽ ചേലക്കോട്, മായന്നൂർ പാറമേൽപ്പടി ഭാഗങ്ങളിൽ ആധുനിക ടെലഗ്രാം സൗകര്യവും, ടെലഫോൺ ബൂത്തുകളും ഏർപ്പെടുത്തണം.

4 9—ാം വാർഡിലും 7—ാം വാർഡിലും മായന്നൂർ പടിഞ്ഞാററുമുറിയിലും ടെലഫോൺ ബൂത്തുകൾ സ്ഥാപിക്കണം.

5 വാഴാട്, വീട്ടിക്കുന്ന്, കാട്ടാളത്തുകോളനി പ്ലാൻേറഷൻ മേഖല എന്നിവയിൽ ഒരു EXTRA DEPARTMENTAL POST OFFICE സ്ഥാപിക്കണം.

6 ചേലക്കോട് പോസ്ററ് ഓഫീസ് സബ്ബ് പോസററ് ഓഫീസ് ആയി ഉയർത്തണം.

7 ടെലഫോൺ മീററർ റീഡിങ്ങ് കുററമററതാക്കണം.

8 കൊണ്ടാഴി ടെലഫോൺ എക്സ്ഷേഞ്ചിൽ S T D–I S D കോളുകളുടെ വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം.

9 ജനങ്ങൾ തിങ്ങിപ്പാർക്കുന്ന എല്ലാ പ്രദേശത്തും പോസ്ററ് ബോക്സുകൾ സ്ഥാപിക്കണം.

★



കൊണ്ടാഴി സർവ്വീസ് സഹകരണ ബാങ്ക്